# ഗുരുനാഥൻ.

UNIVERSITY ... MADRAS
20 AUG 1932

| പുസ്തകം 11 | 1107 എടവം | ലക്കം 10 |
|---|---|---|

## പഠിക്കുവാൻ പഠിപ്പിക്കുക.

വിദ്യാർത്ഥി എന്ന ശബ്ദത്തിന് ജ്ഞാനസമ്പാദനത്തിനു പ്രാർത്ഥിക്കുന്നവൻ എന്നാണ് അർത്ഥം. അതുകൊണ്ട് ജ്ഞാനദാതാവും, ജ്ഞാനഗ്രഹിതാവുമെന്ന രണ്ടു അവയവം സിദ്ധിക്കുന്നുണ്ട്. പ്രാർത്ഥയിതാവിന് ഗ്രഹണപടുതയെ ദാനംചെയ്വാൻ ഒരു ഗുരുവും ശക്തനല്ല. എന്നാൽ ആ മാനസികശക്തിയെ പ്രബുദ്ധമാക്കേണ്ടതു് എല്ലാവരുടേയും കർത്തവ്യവും ആണ്. ഈ വഴിയെ അനുഗമിച്ച് യുവജനങ്ങളിൽ ബുദ്ധിസാമർത്ഥ്യം വളർത്തുന്നതിൽ ഇന്നത്തെ പാഠശാലകൾ എത്രത്തോളം ശ്രമിക്കുന്നുണ്ടെന്നുള്ളതു് സംശയാസ്പദമാണ്. ഈ ന്യൂനതയുടെ ആധിക്യംകൊണ്ട് പാഠശാലകൾ ആശാസ്യഫലം നൽകുന്നവയായിരിക്കുന്നില്ല. കുട്ടികളെ ശരിയായ രീതിയിൽ പഠിപ്പിക്കണമെന്നും, അവർ അതു ശരിയായി ഗ്രഹിക്കണമെന്നും അവർ സമ്പാദിക്കുന്ന അറിവ് ജീവിതത്തോട് അഭിന്നമായി പരിണമിക്കണമെന്നും ഉള്ള സദുദ്ദേശ്യം അധ്യാപകന്മാരിൽ കുറവായിക്കാണുന്നിടത്തു് പഠിക്കുക എന്നും പഠിപ്പിക്കുക എന്നും പറയുന്നതു് നാമമാത്രമെന്നെ പറവാൻ പാടുള്ളു. പരീക്ഷാവിജയമാണ് അധ്യാപകനാകുവാനുള്ള യോഗ്യത എന്നു വന്നതുകൊണ്ട് അധ്യാപകത്വം സ്പർശിച്ചിട്ടുപോലുമില്ലാത്ത പല ബിരുദധാരികളും പാഠശാലകളെ ബീഭത്സരംഗങ്ങളാക്കി അലങ്കോലപ്പെടുത്തുന്നുണ്ട്. പരീക്ഷായോഗ്യതയല്ല, പഠിപ്പിക്കുന്നതിനുള്ള സാമർത്ഥ്യമെന്ന് അപൂർവം ചിലരെങ്കിലും ധരിച്ചിട്ടുള്ളപോലെ പ്രവർത്തിപ്പാൻ ഒരുങ്ങുന്നതു നന്നായിരിക്കും. അറിവ് എത്രതന്നെ ഉണ്ടായിരുന്നാലും അതു സ്പഷ്ടമായും പാത്രനിർണ്ണയംചെയ്തും പകരുവാൻ പ്രത്യേകസാമർത്ഥ്യം അധ്യാപകനുണ്ടായിരിക്കണം. ശബ്ദങ്ങളുടെ ധാരാവാഹിത്വം, പ്രതിഫലനം ആജ്ഞാശക്തി എന്നു തുടങ്ങി പലതും അധ്യാപകനു സ്വാധീനമുണ്ടായിരിക്കണം. വിക്കൽകൊണ്ട് ശബ്ദം പുറപ്പെടായ്ക, ആശയങ്ങളെ വിശദീകരിക്കുവാൻ ശബ്ദദാരിദ്ര്യം എന്നിവകൊണ്ട് സ്വകൃത്യത്തിൽ പരാജയം

അനുഭവിക്കുന്ന പലരും ഇന്ന് അദ്ധ്യാപകന്മാരായി കാണുന്നുണ്ട്. അദ്ധ്യാപകവൃത്തിക്കു തീരെ വാസന ഇല്ലായ്കയാൽ വിദ്യാർത്ഥികളുടെ ശാപമേല്ക്കുന്നവരുടെ തുകയും കുറവല്ല. അപ്രാപ്തി, അനഭിലഷണീയമായ പെരുമാററം, ദാംഭികത്വം, ക്രൗര്യം എന്നീ ദോഷങ്ങൾകൊണ്ട് ഗുരുശിഷ്യബന്ധംതന്നെ പലരും ശിഥിലമാക്കീട്ടുണ്ട്. പഠിപ്പിക്കുന്നതിനുള്ള പ്രാഗത്ഭ്യം പ്രഥമമായി പ്രവൎത്തിക്കേണ്ടതു് വിദ്യാർത്ഥികളെ പഠിക്കുവാൻ സമൎത്ഥരാക്കുന്നതിലാണ്. അഭ്യസനം ഒരിക്കലും ചിലതു് ഉരുവിടുന്നതല്ല. പാഠപുസ്തകങ്ങളെ യാന്ത്രികമായി ഉരുവിടുന്നതിലല്ല, അവമൂലം അദ്ധ്യേതാക്കൾക്കു പ്രായോഗികശക്തി പ്രബോധനത്തിലാണ് യഥാൎത്ഥവിദ്യാഭ്യാസം സ്ഥിതിചെയ്യുന്നതു്. "ഞാനിന്നലെ ഈ പാഠം പല പ്രാവശ്യവും വായിച്ചു. എന്നിട്ടും എനിക്കൊന്നും അറിഞ്ഞുകൂട" എന്നു വിലപിക്കുന്ന കുട്ടികളെ ധാരാളം കാണാം. അവർ ജോലിചെയ്തു എന്നതു പരമാർത്ഥമെങ്കിലും അതു് ഉചിതനീതമായ മാർഗ്ഗത്തിൽക്കൂടിയല്ലെന്ന് നിശ്ചയം തന്നെ. ഉത്തമമായ അഭ്യസനശീലം അങ്കുരിപ്പിക്കുന്ന ഒരു അദ്ധ്യാപകനോളം കുട്ടിയുടെ ബുദ്ധിവികസനത്തിനും ദാർഢ്യത്തിനും ശ്രമിക്കുന്നവരല്ല ഉരുവിടുവാൻ ഉപദേശിക്കുന്ന ഗുരുനാഥന്മാരെന്നു സധൈര്യം പറയാം. ജീവിതരണത്തിൽ സധീരം പടവെട്ടുന്നതിന് ബുദ്ധിയാകുന്ന ആയുധശാലയിൽ നിശിതശസ്ത്രങ്ങൾ സംഭരിക്കുന്നതിനും വിജയമാല്യം ധരിക്കുന്നതിനും വിദ്യാൎത്ഥിയെ ശക്തനാക്കുകയാണ് ഒരുത്തമാദ്ധ്യാപകന്റെ ചരിതാർത്ഥജനകമായ കൃത്യം.

സ്വാശ്രയശീലം പോഷിപ്പിക്കുന്നതുകൊണ്ട് ഏതു വിഷമങ്ങളെ നേരിടുന്നതിനും അവയെ തരണംചെയ്യുന്നതിനും ഒരുവൻ സമർത്ഥനാകുന്നതാണ്. വിദ്യാർത്ഥിയുടെ അഭ്യസനത്തിൽ ഈ ശീലം ദൃഢപ്പെടുത്തുന്നതു് എത്ര ഗുരുതരമായ ശ്രമമെന്ന് തെളിയുന്നുണ്ടല്ലോ. ഇന്നു നമ്മുടെ പാഠശാലകളിൽ എത്ര എണ്ണം ഈ ഗുണത്തെ പോഷിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്? പരിഷ്കൃതവിദ്യാഭ്യാസത്തിൽ ഇതിന് ഒരു മാന്യസ്ഥാനമുണ്ടെന്നു കാണാം. പാഠങ്ങൾ എങ്ങിനെ പഠിക്കണമെന്ന് ഉപദേശിപ്പാൻ ദിവസവുംതന്നേയൊ ആഴ്ചയിലൊരിക്കലെങ്കിലുമോ കുറെ സമയം വിനിയോഗിക്കുന്നതു് ഉത്തമമാണ്. അങ്ങിനെ ചെയ്യുന്ന പാഠശാലകൾ ഇന്നുണ്ട്. അവയ്ക്കു വിജയവും കാണുന്നു. പാഠശാലാവർഷാരംഭത്തിൽതന്നെ പാഠാഭ്യസനമാൎഗ്ഗങ്ങളെ വിശദീകരിച്ചു വിദ്യാൎത്ഥികൾക്കു കൊടുക്കണം. പ്രായമേറിയ വിദ്യാർത്ഥികൾക്ക് ഇതു് അത്ര ഉപകാരപ്രദമല്ലെങ്കിലും ചെറുബാലന്മാൎക്ക് വളരെ ഉപയോഗപ്പെടും.

ഓരോ വിഷയങ്ങൾക്കും ചില പുസ്തകങ്ങൾ നിശ്ചയിച്ചാണല്ലോ ഇന്ന് അഭ്യസനം നടത്തിപ്പോരുന്നതു്. പാഠപുസ്തകങ്ങളെഴുതി ആദായ

മുണ്ടാക്കണമെന്നിച്ഛിക്കുന്നവരുടെ സംഖ്യാബാഹുല്യംകൊണ്ടും ഉത്തമഗ്രന്ഥങ്ങൾ പാഠ്യവിഷയമാക്കണമെന്നുള്ളവരുടെ ന്യൂനപക്ഷംകൊണ്ടും, മനുഷ്യസാധാരണമായ ചില പ്രലോഭനങ്ങൾകൊണ്ടും പാഠപുസ്തകങ്ങളിൽ പലതും ഉത്തമങ്ങളല്ലാതെയും, ക്ലാസ്സിനു ചേർന്നതല്ലാതെയും വന്നുപോകുന്നുണ്ട്. ഈ ഘട്ടത്തിൽ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും വിഷമിക്കയല്ലാതെ ഗത്യന്തരമില്ല.

പാഠപുസ്തകങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളെ പരിശീലിപ്പിക്കണം. ചരിത്രം ഭൂമിശാസ്ത്രം എന്നീ വിഷയങ്ങൾക്കുകൂടി പാഠപുസ്തകം വായിച്ചു അർത്ഥം പറഞ്ഞുകൊടുക്കുന്നത് ഇക്കാലത്തു ചിലേടത്തെന്നല്ല പലേടത്തും കാണുന്ന ഒരു പരമാർത്ഥമാണ്. ചരിത്രകഥ പഠിപ്പിക്കുന്നതിനു വന്ന ഒരദ്ധ്യാപകൻ ഒരു കഥ കുട്ടികളെക്കൊണ്ട് വായിപ്പിച്ച് അർത്ഥവിശദീകരണവും ചെയ്ത് ഒരു ചുരുക്കവും പറഞ്ഞുകൊടുത്ത് എഴുതിക്കുന്നതു് ഉദാഹരിച്ചുമാത്രം പറയുന്ന ഒരു കഥയല്ല. കഷ്ടം! ഇങ്ങിനെയുള്ള പാഠങ്ങൾ എത്ര രസപ്രദമായി കുട്ടികളിൽ ഉണർത്തുവാൻ കഴിയും.

ഒരു ഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യാപ്തി എന്നിവയെപ്പററി അഭിപ്രായം പറയേണ്ട ശക്തി പ്രായമാകുമ്പോൾ സിദ്ധിക്കുമെന്നു പറയുന്നതു് വളരെ ശരിയല്ല. അങ്ങിനെയുള്ള അഭിപ്രായം പാഠശാലയിൽവച്ചു തന്നെ ബീജാവാപം ചെയ്യേണ്ടതാണ്. വിമർശനബുദ്ധി വളരുവാൻതക്കവണ്ണം ചിത്രദർശനം, സൂചനകൾ, സംഗ്രഹണം, അപഗ്രഥനം എന്നിവ പാഠശാലയിൽ പരിശീലിപ്പിക്കാം. ഒരു വിഷയത്തെ സംബന്ധിച്ച് ഒന്നിലധികം പുസ്തകം ഒരേസമയത്തു പരിശോധിച്ച് ജ്ഞാനസമ്പാദനം ചെയ്യാൻ വിദ്യാർത്ഥികളെ പരിചയിപ്പിക്കണം. പഠിക്കുന്നതു് പ്രവൃത്തിക്കും, അന്വേഷണത്തിനുമെന്ന് അവരെ മനസ്സിലാക്കണം. ലക്ഷ്യഹീനമായ അഭ്യസനം ഫലശൂന്യമത്രെ. മനസ്സിനെ ചില വിഷയങ്ങളിൽ അധികതീക്ഷ്ണതയോടെ ഉപയോഗിപ്പാൻ പരിശീലിപ്പിക്കേണ്ടതാണ്.

ഓർമ്മ എന്നതു് ഒരു മാനസികശീലം മാത്രമാണ്. ഒരു വിഷയം ഓർമ്മയിൽ സംഗ്രഹിക്കുന്നതിനുമുമ്പ് മനസ്സിലാക്കുകയാണു വേണ്ടതു് വായിക്കുക, ശബ്ദാർത്ഥങ്ങളേയും വാക്യബന്ധത്തേയും മനസ്സിലാക്കുക, സൂചനകളുണ്ടെങ്കിൽ അവയെ പരിശോധിക്കുക, പ്രതിപാദിതവിഷയത്തെ അനുസന്ധാനം ചെയ്ക എന്നിവയാണ് മനസ്സിലാക്കുന്നതിനു ചെയ്യേണ്ട കർമ്മങ്ങൾ. ഇത്രയുമായാൽ ഓർമ്മയിൽ എത്തിക്കഴിഞ്ഞു. എന്നാൽ ആവർത്തിച്ചുള്ള അഭ്യാസംകൊണ്ടല്ലാതെ അതു് അവന്റെ ഓർമ്മയിൽ സ്ഥിരപ്രതിഷ്ഠിതമാവുകയില്ല.

അഭ്യാസരീതി പഠിപ്പിക്കുന്ന അധ്യാപകൻ സമയവ്യവസ്ഥകൂട അദ്ധ്യേതാക്കളിൽ ഉണ്ടാക്കേണ്ടതാണ്. അല്ലെങ്കിൽ പലപ്പോഴും സമയ ദൗർല്ലഭ്യംകൊണ്ട് കുട്ടിയ്ക്കു പരാജയം വന്നേയ്ക്കും.

സ്വയംഭരണത്തിനുള്ള സംഗ്രാമം ഇന്നു സർവ്വത്ര പ്രസരിച്ചുവരുന്നു. അതിൽ ധീരതയോടെ പെരുമാറുന്നതിന് ശക്തനാക്കുകയെന്നതു് പാഠശാലയുടെ കർത്തവ്യംതന്നെയാണ്. യുക്തി എന്ന ശക്തി ഇവിടെ സർവ്വപ്രധാനമാണ്. പാഠവിഷയങ്ങളിൽ പ്രധാനാപ്രധാനങ്ങളെ കണ്ടുപിടിച്ച് അപഗ്രഥനംചെയ്തും ഉൽഗ്രഥനംചെയ്തും പുതിയ രൂപസൃഷ്ടി ചെയ്യിക്കണം. കുട്ടികളുടെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്ന കാര്യങ്ങളെ ഗ്രഹിച്ച് അവയെ ക്രമീകരിക്കണം. ഒരു വസ്തുവിൻെറ മൗലികതത്വങ്ങളോളം ചിന്തിപ്പാൻ പരിശീലിപ്പിച്ചില്ലെങ്കിൽ ചില അഭിപ്രായങ്ങളെ വിശ്വസിച്ച് അടിമത്വം അനുഭവിക്കേണ്ടി വന്നേക്കും. യഥാർത്ഥതത്വവും അഭിപ്രായവും വ്യത്യാസപ്പെട്ടവയെന്ന് അവരെ നല്ലപോലെ ധരിപ്പിക്കണം.

ജ്ഞാനസമ്പാദനം ഉത്തമസ്ഥാനത്തുനിന്നും വേണ്ടതാണ്. ഗ്രന്ഥങ്ങളുടെയും തൽകർത്താക്കളുടെയും മഹിമ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പാഠ്യപുസ്തകങ്ങളുടെ അവതാരിക, മുഖവുര, അഭിപ്രായം എന്നിവ അറിഞ്ഞു ഗ്രന്ഥത്തെപ്പററി തനിക്കുള്ള അഭിപ്രായത്തെ താരതമ്യപ്പെടുത്തിനോക്കണം. ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് പരാഭിപ്രായങ്ങളെ കണ്ണടച്ചു വിശ്വസിച്ച് അടിമത്വമനോഭാവം അനുഭവിക്കാതെ കഴിഞ്ഞുകൂടുവാൻ ഒരു വിദ്യാർത്ഥി ശക്തനാകും.

അഭ്യസനത്തെ ഈ രൂപത്തിൽ വളർത്താതിരിക്കുന്നിടത്തോളംകാലം പാഠശാലകൾ അടിമകളെ വാർക്കുന്ന വ്യവസായശാലകളായിരിക്കുകയെ ഉള്ളൂ. വിദ്യാർത്ഥികളുടെ യുവഹൃദയത്തിൽ ബാഹ്യസൂചനയെ പ്രതീക്ഷിച്ചുകിടക്കുന്ന അനവധി മഹാശക്തികൾ ലീനങ്ങളായിരിപ്പുണ്ട്. അവയെ പ്രബുദ്ധമാക്കുക മാത്രമാണ് അഭ്യസനം. അതിനുള്ള നേതൃത്വമാണ് അധ്യാപകന്മാർക്കുള്ളതു്. ഇത്രയും അധ്യാപകന്മാർ ധരിച്ചാൽ പഠിക്കലും പഠിപ്പിക്കലും സുശോഭനമായി പരിണമിക്കുന്നതാണ്.

# രണ്ടാം അഫ്ഗാൻയുദ്ധം

## കാരണങ്ങൾ.

(മേജർ ബി. ഡി. വാൻസു ഐ. എം. എസ്സ്.)

5.

സെപ്തംബർ പതിനേഴാംതിയ്യതി മി. ർ. എൻ. ചേംബർലിൻ പേഷ്വവാറിൽ ഉണ്ടായിരുന്നു. ഗുലാംഹുസ്സൻ ചെയ്ത പ്രവൃത്തിയിൽ ഉണ്ടായ ഫലത്തെക്കുറിച്ചു വൈസറായിക്ക് ഇങ്ങിനെ ഒരു റിപ്പോർട്ടു ചെയ്തു:-

"അമീർ അത്യന്തം അപ്രീതി പ്രദർശിപ്പിച്ചിരിക്കുന്നു. അദ്ദേഹം ഇങ്ങിനെ എഴുതിയിരിക്കുന്നു:- ഇംഗ്ലീഷുകാർ ബലം പ്രയോഗിക്കുന്നതിനുള്ള വരവെന്നു തോന്നുന്നു. ഈ വിധത്തിൽ വരുന്ന ഒരു സമാഗമത്തോട് ഞാൻ യോജിക്കുന്നതല്ല. എന്നിൽനിന്നും ഉണ്ടാകുന്ന ഉത്തരവുകൾ എന്റെ ഉദ്യോഗസ്ഥന്മാൎക്കു കിട്ടിയല്ലാതെ പ്രതിനിധികൾ എങ്ങിനെ ഇങ്ങോട്ടു കടക്കും. അവർ എന്നെ അപമാനിക്കാനുള്ള ഒരുക്കമെന്നു തോന്നുന്നു. ഈ വിധത്തിൽ മട്ടിക്കുന്നതു ഒരിക്കലും യുക്തമല്ല. ഇതു മൈത്രിയെ ശിഥിലമാക്കി ശത്രുത്വത്തെ വേരുറപ്പിക്കും. ഞാൻ അന്നത്തെപ്പോലെ ഇന്നും ഒരു ബന്ധു തന്നെയാണ്. എനിക്കു ഒരു ശത്രുത്വവുമില്ല. റഷ്യൻ ദൂതൻവായി ഇവിടെ വന്നിരുന്നു. അതു എന്റെ അനുവാദത്തോടു കൂടിയുമാണ്. എന്റെ പുത്രവിയോഗത്താൽ ഞാൻ ഇപ്പോഴും അസ്വസ്ഥചിത്തനായിരിക്കുന്നു. ഗൗരവമുള്ള ഒന്നുംതന്നെ ചിന്തിപ്പാൻ ഞാനിപ്പോൾ അശക്തനാണ്. സൗകര്യം വരുമ്പോൾ യുക്തമെന്നു തോന്നുന്നതു വേണ്ടപോലെ ചെയ്യാം. ഈ പരിതസ്ഥിതിയിൽ ഇഷ്ടംപോലെ ചെയ്യട്ടെ."

ഒരു പ്രിയപുത്രന്റെ ദേഹവിയോഗത്താൽ ദഹ്യമാനസനായ ഒരു പിതാവിനോടു ദയയോ സഹതാപമോ തോന്നുന്ന മനുഷ്യഹൃദയതരംഗങ്ങൾ ബ്രിട്ടീഷുവൈസറായിയിൽ പ്രവഹിച്ചില്ല. ചിരപ്രതീക്ഷിതമായ സമയം സന്നിഹിതമായെന്നോൎത്തു അദ്ദേഹത്തിന്റെ ഹൃദയം സന്തോഷനൃത്തം ചെയ്തിരിക്കാം. ദുരന്തദുഃഖനായ പിതാവു കുറച്ചുസമയം ആവശ്യപ്പെട്ടു. റഷ്യൻപ്രതിനിധിയെ അഫ്ഗാനിസ്ഥാനിൽ പ്രവേശിപ്പി

ച്ചതു് തൻെറ അനുവാദത്തോടുകൂടിയെന്നുള്ള പ്രഖ്യാപനത്താൽ താൻ പ്രാതിനിധ്യം വഹിക്കുന്ന ആ മഹാശക്തിയുടെ പ്രതാപത്തിനും പ്രഭാവത്തിനും 'ഒരു മൺകുടം' ഹാനി വരുത്തിയെന്നത്രെ വൈസറായിയുടെ മനോഭാവം ദശിച്ചതു്. സംഗതികൾ എത്രത്തോളം വഷളാകുമോ അതിനായി ലിട്ടൻ സവ്വപ്രയത്നവും ചെയ്തു. ലിട്ടൻ സ്വസൈന്യാധിപൻെറ ഉപദേശത്തെ അവഗണിച്ചു്, കർണൽകോളി, റാബർട്ട്സ്, കവഗനറി എന്നീ മൂന്നു പേരുടെ ഉപദേശം സ്വീകരിച്ചതായി കർണൽഹാനിയുടെ പുസ്തകത്തിൽ കാണ്മാനുണ്ടു്. അവരുടെ ഉപദേശപ്രകാരം ചേമ്പർലിൻ സെപ്തംബർ 19-ാംനു- പേഷ്വവാർ വിട്ടു് കാബൂളിലേക്കു പുറപ്പെടുവാൻ ആജ്ഞ കൊടുത്തു. ചേമ്പർലിൻ 21-ാംനു- പേഷ്വവാർ വിട്ടു് ജംറൂഡിൽ എത്തി. മേജർ കവഗനറി ഒരു ചെറിയ സംഘം അനുചരരുമൊന്നിച്ചു് ആലിമസ്ജിസ്സിൽ ചെന്നുചേന്നു. അവിടത്തെ അമീറിൻെറ സൈന്യാധിപൻെറ ആജ്ഞപ്രകാരം അവിടെനിന്നും മുന്നോട്ടുപോകുവാൻ കവഗനറിയ്ക്കു് സാധിച്ചില്ല. അഫ്ഗാൻസൈന്യാധിപൻ വളരെ മയ്യാദയോടുകൂടി അമീറിൻെറ ഉത്തരവു കിട്ടീട്ടില്ലെന്നും ഏറെത്താമസിയാതെ വന്നുചേരുമെന്നും അറിയിച്ചു. ഈ നിരസനം സംഗതികൾക്കു് കുഴപ്പമുണ്ടാക്കി. യുദ്ധം ഒഴിച്ചുവയ്ക്കുവാൻ സാദ്ധ്യമല്ലാതായി. ലിട്ടൻപ്രഭു അധികാരമദിരയിൽ ഉന്മത്തനായി. അദ്ദേഹത്തിൻെറ സഹപ്രവത്തകരും അശേഷം അമാന്തിച്ചില്ല. കവഗനറി നിദ്ദേശിച്ച ഒരു വഞ്ചന ആലിമസ്ജിഡിൽ നടത്തുവാൻ വൈസറായി അനുവദിച്ചു. ഇതു അഫ്ഗാൻകാക്കു് ഒരു പാഠവുമാകുമല്ലൊ. പക്ഷെ ഈ രഹസ്യം വെളിപ്പെട്ടുപോയതുകൊണ്ടു് അതു പ്രവൃത്തിരൂപത്തിൽ വന്നില്ല. ഫ്രൺടിയർപ്രാവിൻസിൽ ഒരു വലിയ സൈന്യം സ്വരൂപിക്കുവാൻ ആജ്ഞകൊടുത്തു. അഫ്രിഡീസ്, മററു അതിത്തിദേശവാസികൾ എന്നിവരോടു് ദുരാലോചന നടത്തി. അവക്കു കൈക്കൂലികൊടുത്തു് അമീറിൻെറ പക്ഷത്തിൽനിന്നും പിൻമാറി. ലിട്ടനും അദ്ദേഹത്തിൻെറ സഹപ്രവത്തകരും അവരുടെ പെട്ടമൃഗത്തെ വലയിൽ അടച്ചു. അവധാനപൂവം ചാടിപ്പോകാതെ സൂക്ഷിക്കയും ചെയ്തു. അമീർ ഒരുപക്ഷെ ക്ഷമാപണം ചെയ്യുമെങ്കിലോ എന്നത്രേ അവരുടെ ഭയം. വൈസറായിയുടെ പ്രൈവറസെക്രട്ടറി കർണൽകോളി ഇങ്ങിനെ എഴുതിയിരിക്കുന്നു.

ഹോംഗവൺമെൻറു് ഇതിൽ പ്രവേശിക്കാതേയും, അമീർ ക്ഷമാപണം ചെയ്യാതേയും ഇരിക്കണമെന്നത്രെ ഞങ്ങളുടെ മോഹം.

നാല്പതു ദിവസത്തെ ദുഃഖാചരണം കഴിഞ്ഞു് അമീർ ഷർ ആലി 1878 അക്ടോബർ 6-ാംതിയ്യതി ലിട്ടൻപ്രഭുവിൻെറ എഴുത്തിനു് മറുപടി

അയച്ചു. അമീറിൻെറ എഴുത്ത് അങ്ങിനെതന്നെ പകൎത്തത്തക്കവണ്ണം അതു് അത്ര പ്രധാനമാണ്. അദ്ദേഹം കാൎയ്യങ്ങൾ എല്ലാം ഭംഗിയായി തീരണമെന്നുദ്ദേശിക്കുന്ന ആളാണ്. 'മൺകുടം' ഇരുമ്പുകുടത്തിന്മേൽ കൃട്ടിമുട്ടിയാൽ പോട്ടിപ്പോകുമെന്നു് അറിഞ്ഞതുകൊണ്ടായിരിക്കാം. അദ്ദേഹത്തിൻെറ എഴുത്ത്:- ബഹുമാന്യനായ നവാബ്ഗുലാം ഹസ്സൃഖാൻ വശം അയച്ച ആ സൗഹാൎദ്ദസന്ദേശം, അതായതു് ബ്രിട്ടീഷുഗവൺമെൻറിൻെറ സന്ദേശം—ആ സന്നിധിയിൽ നിന്നയച്ച സന്ദേശം എനിക്കു കിട്ടി എന്നു വിനയത്തോടെ അറിയിച്ചുകൊള്ളുന്നു. അതിൽ പ്രസ്ഥാപിച്ചിരിക്കുന്ന സംഗതികൾ സശ്രദ്ധം ഞാൻ വായിച്ചറികയും ചെയ്തു. പേഷ്വാറിലെ കമ്മീഷണർ, വാട്ടർഫീൽഡ് ദൈവദത്തമായ ഈ ഗവൺമെൻറിനെ സേവിക്കുന്നവനായ ഫാബിബുള്ളയ്ക്കു് അയച്ച ഒരു എഴുത്ത് അയാൾ ഇവിടെ വന്നപ്പോൾ ദൈവസിംഹാസനസന്നിധിയിൽ വിനീതനായ ഇവനു വായിപ്പാൻ സംഗതിവന്ന അവസരം വരെ മുൻപ്രസ്ഥാവിച്ച നവാബുമായി കൃടിക്കാഴ്ചയ്ക്കോ, അവിടത്തെ സൗഹാൎദ്ദസന്ദേശം വായിക്കുന്നതിനൊ എനിക്കു സംഗതിയായില്ല. മുൻ സൂചിപ്പിച്ച ഉദ്യോഗസ്ഥൻെറ—കമ്മീഷണരുടെ—എഴുത്തു വായിച്ചപ്പോൾ അവിചാരിതമായ അത്ഭുതവും, പരിഭ്രാന്തിയും എനിക്കുണ്ടായി. ഒരു ബന്ധുവും മിത്രവുമായ ഒരാൾക്കു് ഇപ്രകാരം ക്ഷോഭജനകമായ ഒരു സന്ദേശം കൊണ്ടുള്ള ഗുണം, അൎത്ഥം, ഫലം ഇവയെന്തെന്നു് എനിക്കു മനസ്സിലായില്ല. അത്ര തന്നെയല്ല ഒരു സൗഹാൎദ്ദസന്ദേശം ഒരു സൈന്യസമേതം നയിക്കപ്പെടുന്നതിൻെറ അൎത്ഥമെന്തു്?

ഏറെത്താമസിയാതെ അതേ ഉദ്യോഗസ്ഥനിൽ നിന്നുതന്നെ മൂന്നു് എഴുത്തുകൾ കൃടി അതേ സ്വരത്തിൽ ദൈവായത്തഗവൺമെൻറു സേവകന്മാൎക്കു് പിന്നെയും കിട്ടി. മൎയ്യാദ, മാനം എന്നിവയോടു് അനുബന്ധിച്ചിട്ടില്ലാത്തതും മൈത്രിക്കൊ, അനുഭാവത്തിനൊ വിരുദ്ധമായിട്ടുള്ളതും ആയ ആ എഴുത്തുകൾ ക്രൂരവും, അസ്വരസ്യമായ ശബ്ദങ്ങളിൽ നിന്നും മുക്തവുമല്ലായിരുന്നു.

ദൈവകല്പനയാൽ ആപതിച്ച ദുരദൃഷ്ടങ്ങളുടെ സമാക്രമണം കൊണ്ടു് ദൈവസന്നിധിയിലെ പടികാവൽക്കാരനായ ഇവൻെറ ബുദ്ധിതന്നെ പരാജയപ്പെട്ടുപോയി. ബ്രിട്ടീഷുഗവൺമെൻറിൻെറ വിശ്വസ്ത ആഫീസറന്മാർ അല്പം ക്ഷമയോടെ വീക്ഷണംചെയ്തു് അല്പസമയംകൃടി ക്ഷമിക്കേണ്ടതായിരുന്നു. ഇതായിരുന്നു ഉചിതവും സ്വീകാൎയ്യവുമായ മാൎഗ്ഗം.

* * * * * *

മൈത്രിക്കും ബന്ധത്തിനും തീരെ യോജിക്കാത്തവണ്ണമത്രെ ഇതിന്റെ പുറപ്പാട്. ഇന്നും ആ എഴുത്തുകൾ ദൈവവശം വച്ചു സൂക്ഷിക്കുന്ന ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ബ്രിട്ടീഷുദ്യോഗസ്ഥരുടെ ഭീഷണികളെ അശേഷവും ഗണിക്കാതെ കഴിഞ്ഞുകൂടുന്നു. അവർ ഒരിക്കലും ബ്രിട്ടീഷുഗവൺമെൻറിനോട് ശത്രുഭാവനയെ സ്വീകരിക്കയില്ല. അവർ ഒരു ഗവൺമെൻറിനോടും ശത്രുത വരിക്കുന്നില്ല. കാരണം കൂടാതെ വല്ല ഗവൺമെൻറും ഈ ദൈവദത്തഗവൺമെൻറിനോട് ശത്രുത ഭാവിക്കയൊ പ്രവൃത്തിക്കയൊ ചെയ്യുന്നതായാൽ സകല സംഗതികളും ഏതൊരുവന്റെ താല്പര്യത്തിൽ നടക്കുന്നുവോ അവന്റെ (ആ ദൈവത്തിന്റെ) സന്നിധിയിൽ എന്റെ സർവ്വസംഗതികളും ഞാൻ സമർപ്പിക്കും. ഞങ്ങൾക്ക് അദ്ദേഹം മാത്രം മതി. വിശ്വസിക്കാൻ ഉത്തമസ്ഥാനം അതത്രെ.

ബ്രിട്ടീഷുദ്യോഗസ്ഥരുടെ ഉപദേശവും അവിടത്തെ സൗഹാർദ്ദസന്ദേശവും കൊണ്ട് ഇവിടെ വന്നിരുന്ന നവാബ് ഗുലാം ഹുസ്സൻഖാൻ തിരിച്ചുപോകുന്നതിനുള്ള അനുവാദം ചോദിക്കയും ഉചിതാനുവാദം നൽകി അയക്കയും ചെയ്തു.

ഈർഷ്യാജനകമൊ അനുചിതമൊ ആയ സ്വരം അമീറിന്റെ എഴുത്തിൽ ധ്വനിക്കുന്നില്ല. പക്ഷെ ബ്രിട്ടീഷുവൈസറായിക്ക് അങ്ങിനെയല്ല തോന്നിയത്. അദ്ദേഹം ആ വിവരം ഹോംഗവൺമെൻറിനെ അറിയിച്ചു. ഡിസ്രേലി അല്ലെങ്കിൽ ബക്കൻസ്ഫീൽഡ് ചിരപ്രതീക്ഷിതമായ സന്ദർഭം സമീപിച്ചതുകൊണ്ട് സന്തുഷ്ടനായി. 1878 അക്ടോബർ 31-ാംതിയ്യതി ലിട്ടൻപ്രഭു അമീറിന് ഒരു അന്ത്യശാസനം അയച്ചു. അത് ഇങ്ങിനെയാണ്:-

അങ്ങയോടുള്ള സൗഹാർദ്ദത്തെ പുലർത്തുന്നതിനായി വേണ്ട കാര്യങ്ങൾ ആലോചിപ്പാൻ വിശ്വസ്തനായ ഒരു ദൂതൻവശം ഞാൻ ഒരെഴുത്തയച്ചിരുന്നു. യാതൊരു താമസവും കൂടാതെ അതിലെ സംഗതികൾ നടത്തത്തക്കവണ്ണം അത് ഒരു അടിയന്തിരകാര്യമായിരുന്നു. അതിർത്തിദേശത്തുള്ള നിങ്ങളുടെ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് അതു ശക്തി പ്രയോഗിച്ചു തടയുന്നതിന് നിങ്ങൾ തീരെ മടിച്ചിട്ടില്ല. ഇൻഡ്യാചക്രവർത്തിനിയോട്, അവരുടെ പ്രതിപുരുഷനോട്-നിങ്ങൾ പ്രവർത്തിച്ച ശത്രുതയേയും അനാദരവിനേയും കുറിച്ച് യാതൊരു സമാധാനമൊ, ക്ഷമാപണമൊ നിങ്ങൾ അയച്ച എഴുത്തിൽ കാണ്മാനില്ല. നമ്മുടെ രണ്ടു ഗവൺമെൻറുകളും തമ്മിലുള്ള അവ്യാജബന്ധത്തേയും അതിൽ കാണിച്ചിട്ടില്ല.

നിങ്ങൾ കാണിച്ച ഈ ശത്രുഭാവനയുടെ ഫലമായി മഹാരാജ്ഞിയുടെ സേനയെ നിങ്ങളുടെ അതിരിങ്കൽ സംത്രപിച്ചുകഴിഞ്ഞിരിക്കുന്നു. പക്ഷെ യുദ്ധത്തിന്റെ ദുരന്ത ഫലത്തെ ഒഴിക്കുന്നതിനു ഞാൻ ഇതാ നിങ്ങൾക്ക് അന്ത്യമായ ഒരു അവസരംകൂടി നൽകുന്നു.

ഇതിനു പൂർണ്ണവും ഉചിതവുമായ ഒരു ക്ഷമാപണസന്ദേശം എഴുതി അയക്കണം. മാന്യനായ ഒരു ഉദ്യോഗസ്ഥൻവശം അതു് ഒരു ബ്രിട്ടീഷ് അതിരിനകത്തേക്ക് അയക്കയും വേണം.

അത്രതന്നെയല്ല, ബ്രിട്ടീഷ് ഗവമ്മേണ്ടു് സുവ്യക്തമായി അഫ്ഗാനിസ്ഥാനിൽ പ്രതിനിധീകരിച്ചല്ലാതെ രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെ തൃപ്തികരമാംവണ്ണം പരിപാലിക്കുന്നതു് അസാധ്യമെന്നു കാണുന്നതുകൊണ്ടു് നിങ്ങളുടെ രാജ്യത്തിൽ സ്ഥിരമായി ഒരു ബ്രിട്ടീഷ് റസിഡണ്ടിനെ സ്വീകരിക്കേണ്ടതു് അപേക്ഷണീയവുമായിരിക്കുന്നു.

അതിനുംപുറമെ, എന്റെ ആളുകൾക്ക് മാർഗം നൽകിയ വർഗ്ഗക്കാരോട് നിങ്ങൾ യാതൊരു ശത്രുത്വവും ഭാവിച്ചുകൂടാത്തതും അങ്ങിനെ വല്ലതും അവരോട് ചെയ്യുന്നതായാൽ നിങ്ങൾ നഷ്ടപരിഹാരം ചെയ്യേണ്ടതുമാണ്. അവക്കു വല്ല ഉപദ്രവവും നിങ്ങൾ ചെയ്യുന്നതായാൽ അവരെ രക്ഷിക്കുന്നതിനു ബ്രിട്ടീഷ് ഗവൺമെൻറ് ഉടനെ പരിഹാരം നേടുന്നതുമാണ്.

പൂർണ്ണമായും വ്യക്തമായും ഈ നിശ്ചയങ്ങളെ നിങ്ങൾ സമ്മതിക്കുകയും നവംബർ 20-ാംതിയ്യതിയ്ക്കകം സമ്മതിച്ച വിവരത്തിനു മറുപടി കിട്ടുകയും ചെയ്യാതിരുന്നാൽ നിങ്ങളുടെ ഭാവനയെ ഒരു ശത്രുവിന്റേതെന്നു കരുതുവാൻ ഞാൻ നിർബന്ധതനാകുന്നതും, നിങ്ങൾ ബ്രിട്ടീഷ്ഗവൺമെൻറിന്റെ ശത്രുവെന്നു ഗണിക്കുന്നതുമാണ്.

ബ്രിട്ടീഷ്വൈസറായിയിൽ നിന്നുള്ള ഈ എഴുത്തിന് അതർഹിക്കുന്ന വിധത്തിൽ അവഹേളനയോടെതന്നെ അമീർ സ്വീകരിച്ചു. നവംബർ 20-ാംതിയ്യതി വന്നു. ലിട്ടന് മറുപടി കിട്ടിയില്ല. ഈ നില വൈസറായിക്കും ഉപദേഷ്ടാക്കൾക്കും സന്തോഷപ്രദമായിരുന്നു. ഒരു ക്ഷമാപണക്കത്തു് അമീർ അയക്കരുതെന്നാണല്ലൊ അവരുടെ മോഹം. 'മൺകുടം' ക്ഷോഭിച്ചിരിക്കുന്ന ബ്രിട്ടീഷ് 'ഇരുമ്പുപാത്ര'ത്തോട് എതിരല്ല എന്നു അറിഞ്ഞിരുന്നു എങ്കിലും അവമാനകരമായ വൈസറായിയുടെ കല്പനകളെ അനുസരിക്കാതിരുന്നതു് അഭിമാനകരംതന്നെ. മാനഹാനിക്കുമുമ്പ് മരണം ഉചിതമെന്ന് അമീർ ഉറച്ചു.


പാശിയുരുട്ടി, 1878 നവംബർ 21-ാംതിയ്യതി ലിട്ടൻപ്രഭു യുദ്ധപ്രഖ്യാപനം മുറപ്രകാരം ചെയ്തു. ബ്രിട്ടീഷ് അഫ്‌ീസറന്മാർ നയിച്ച ഭടന്മാർ അമീറിൻെറ രാജ്യത്തു കടന്നു. വിശ്വാസഭംഗം ബ്രിട്ടീഷ്ഗവൺമെൻറു ചെയ്തതായിട്ടാണ് കാണപ്പെടുന്നതു്. ബ്രിട്ടീഷ്ഗവൺമെൻറുവക രാജ്യങ്ങളോടൊ അവരുടെ ബന്ധുക്കളോടൊ യാതൊരു കൈയേററവും ചെയ്യാൻ തങ്ങളുടെ രാജാവൊ, മററു വല്ലവരുമൊ തങ്ങളെ പ്രേരിപ്പിച്ചിട്ടില്ലെന്ന് അഫ്ഗാൻകാർ വിശ്വസിക്കുന്നിടത്തോളംകാലം ഒരു ബ്രിട്ടീഷ്കാരൻപോലും അനുവാദം കൂടാതെ അവിടെ കയറുകയില്ലെന്ന് വിശ്വസിച്ചിരുന്നു. അഫ്ഗാൻകാർ ഇപ്പോൾ കാണുന്നതു് എന്താണ്? അവർ ഒരു കൈയേററംകൊണ്ടും കുററക്കാരല്ല. അവർ ബ്രിട്ടീഷ്കാരെ ക്ഷണിച്ചുമില്ല. ബ്രിട്ടീഷ്കാർ തങ്ങളുടെ രാജ്യത്തെ കൊള്ളചെയ്യുന്നതു് കാണ്മാനുമുണ്ട്. അവരുടെ ജനങ്ങളെ വധിക്കുന്നു, മുതൽ നശിപ്പിക്കുന്നു. വെറും കൈയേററത്തേയും അധികാരലോഭത്തേയും മുൻനിറുത്തി ചെയ്യുന്ന യുദ്ധത്തെ ന്യായീകരിക്കുവാൻ ഒരു ബ്രിട്ടീഷ് ചരിത്രകാരനു സാദ്ധ്യമല്ല.

# വിഹായസവിഹാരം.

### പതിനേഴാം അദ്ധ്യായം.

(എം. രാജരാജവമ്മതമ്പുരാൻ എം. എ. ബി. എൽ.)

ഒരു ദേശത്തിലെ കാലാവസ്ഥ എന്നു വച്ചാൽ, അവിടെയുള്ള അന്തരിക്ഷത്തിന്ന് ഒരേസമയത്തുണ്ടായിരിക്കുന്ന സ്ഥിതിഭേദങ്ങളുടെ ഒന്നിച്ചുള്ള വിവരണമെന്നാണർത്ഥം. ശീതോഷ്ണമാനം, വായുസമ്മർദ്ദം, കാററുവാക്ക്, ഈറപ്പ്, (നീരാവി) മേഘം, വിദ്യുച്ഛക്തി എന്നുള്ളവയെല്ലാം കാലാവസ്ഥയെന്നുള്ളതിൽ ഉൾപ്പെടുന്നു. അതിൻെറ മാററത്തിൽ ഇവ ഓരോന്നിനും ഭേദഗതിവരും. ആ മാതിരി ഭേദങ്ങളെ ദൈനന്ദിനം കുറിച്ചു സൂക്ഷിക്കാറുണ്ട്. അവയെ കുറിക്കുന്ന രേഖാപടങ്ങളിൽ ഒന്നിൻെറ മാതിരി താഴെ കാണിച്ചിരിക്കുന്നു:—




നോട്ട്:— മേൽകാണിച്ചിരിക്കുന്ന പടത്തിൽ ഭാരമാനക്കുഴലിൽ കണ്ട ഡിഗ്രി ഘനനത്ത വരയാലും പനിക്കുഴലിൽ കണ്ട ചൂട് നേരിയ വരയാലും കുറിച്ചിരിക്കുന്നു.

ഒരാഴ്ചവട്ടത്തെ കാലാവസ്ഥയാണ് മേൽപടത്തിൽ കുറിച്ചിരിക്കുന്നതു്. അതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാക്കാം. ആ ആഴ്ചയിൽ കാലാവസ്ഥ മാറിമാറിക്കൊണ്ടിരുന്നു; ദിവസവും മഴയുണ്ടായിരുന്നു; കാററും ഒരുമാതിരി ഉരക്കോടടിച്ചു; ആദ്യം വായുസമ്മർദ്ദം കുറഞ്ഞിരുന്നതിന്റെ മദ്ധ്യം വടക്കുകിഴക്കായിരുന്നു; അതുകൊണ്ടു് അവിടങ്ങളിൽ നല്ല മഴയുണ്ടായി; തെക്കുപടിഞ്ഞാറായി കാററു വീശി; സമ്മർദ്ദം ഏററവും കുറവു വെള്ളിയാഴ്ചയായിരുന്നു; പിന്നെ ക്രമേണ ഭാരമാനക്കുഴലിൽ ഡിഗ്രി കൂടി; അനന്തരം കോശം കുറെ കുറഞ്ഞു എങ്കിലും. തിങ്കളാഴ്ച, പിന്നെയും മഴദിവസമായിരുന്നു; കാററും സാമാന്യമുണ്ടായി, ചൊവ്വാഴ്ചയായപ്പോഴെ

ക്കു കോൾ കിഴക്കോട്ടേക്കു മാറി; ആഴ്ച്ചയുടെ ഒടുവിൽ കാററു വടക്കോട്ടു തിരിഞ്ഞുവീണു; തണുപ്പുമേറി.

ഇത്രയും സംഗതികൾ മേൽ വിവരിച്ചിരിക്കുന്ന പടത്തിൽനിന്ന് നമുക്കു മനസ്സിലാക്കാം. ഇങ്ങനെ ഒന്നിച്ച് പടമായി വരക്കാതെ പട്ടികയായി കാണിക്കുന്ന സമ്പ്രദായവും നടപ്പുണ്ട്. വത്തമാനക്കടലാസുകളിൽ കാലാവസ്ഥയെ കുറിക്കുന്നതു മിക്കവാറും പട്ടികയായിട്ടാണ്.

ഒരു രാജ്യത്തിൻെറയൊ നാടിൻെറയൊ സാമാന്യമായ ദേശസ്വഭാവം, അല്ലെങ്കിൽ പ്രകൃതി (Climate) അവിടെ ഏറിയ നാളായി കണ്ടുവരുന്ന കാലാവസ്ഥകൊണ്ടാണ് നിണ്ണയിക്കാറുള്ളത്. ഒരു ദിക്കു സുഖവാസയോഗ്യമാണ്, അല്ലെങ്കിൽ ചൂടേററമുള്ളതാണ്, അല്ലെങ്കിൽ പനിപിടിക്കുന്ന നാടാണ് എന്നുംമററും പറയാറുള്ളത് അവിടെ ജന്തുക്കളേയും മനുഷ്യരേയും വൃക്ഷലതാദികളേയും ബാധിക്കുന്ന ചൂട്, തണുപ്പ്, ഈർപ്പം കാററു, മഴ മുതലായ അന്തരിക്ഷഭേദങ്ങളെല്ലാം ചേന്നുള്ള ഫലത്തെ അടിസ്ഥാനമാക്കിയാണ്. ഉഷ്ണഭൂമിയെന്നും, സമശീതോഷ്ണദേശമെന്നും, മഴയേററമുള്ള ദിക്കെന്നും, മഞ്ഞുറയുന്ന നാടെന്നും പല മാതിരി ദേശങ്ങളുണ്ടെന്ന് നമുക്കു അറിവുള്ളതാണല്ലൊ.

ദേശകാലാവസ്ഥയെ നിണ്ണയിക്കുന്നതിന്ന് പ്രധാന കാരണങ്ങൾ നാലാണ്. (1) ഭൂമധ്യരേഖയിൽനിന്നുള്ള അകലം; (2) സമുദ്രനിരപ്പിൽനിന്നുള്ള പൊക്കം; (3) സമുദ്രക്കരയിൽനിന്നുള്ള അകലം; (4) കാററിൻെറ പോക്ക്; ഇവയെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, പ്രധാന വിഷയങ്ങളെ ഒന്നുകൂടി ഇവിടെ ഓമ്മിപ്പിക്കാം.

### 1. ഭൂമധ്യരേഖയിൽനിന്നുള്ള അകലം

മധ്യരേഖയോട് അടുക്കുന്തോറും സൂര്യരശ്മി നേരെ മുകളിൽനിന്ന് പതിക്കുന്നു. അതുകൊണ്ട് കൂടുതൽ ചൂടുണ്ടാകുന്നു. അവിടെനിന്ന് അകലുന്തോറും ചൂടു കുറഞ്ഞു, ധ്രുവദേശങ്ങളിലാകുമ്പോൾ നല്ല ശീതമാകുന്നു. ഭൂമി പരന്നതായിരുന്നെങ്കിൽ, സമോഷ്ണപ്രദേശങ്ങളെ കുറിക്കുന്ന രേഖകൾ ഋജുക്കളായിരിക്കുമായിരുന്നു. ഭൂമി ഉരുണ്ടതാകകൊണ്ടും ചലിക്കുന്നതുകൊണ്ടും അപ്രകാരം വരുന്നില്ല. ചലനംനിമിത്തം ദിനരാത്രികൾ ദേശകാലഭേദങ്ങളനുസരിച്ച് കൂടുതൽ കുറവു വരുന്നതു കൂടാതെ, ഭൂമിയും സൂര്യനും തമ്മിലുള്ള നിലവ്യത്യാസം ഹേതുവാൽ ഋതുക്കൾ ഭേദിക്കയും ചെയ്യുന്നു. പല കാരണങ്ങളാലും ഋതുക്കളുടെ ദൈർഘ്യം ഒന്നുപോലെ ഇരിക്കുന്നില്ല. അതുനിമിത്തം ഉഷ്ണമേഖല, ശീതമേഖല, സമശീതോഷ്ണമേഖല, എന്നിങ്ങനെ ഭൂഭാഗങ്ങൾ വേർതിരിഞ്ഞിരിക്കുന്നു. മധ്യരേഖക്കു തെക്കും വടക്കും

ഈ ഭേദഭേദമുണ്ട്. വടക്കെ ഗോളാർദ്ധത്തിൽ വേനലായിരിക്കുമ്പോൾ തെക്കെ ഗോളാർദ്ധത്തിൽ വഷമാണ്. ജ്യോതിശ്ശാസ്ത്രസിദ്ധാന്തങ്ങൾ അറിയുമ്പോൾ ഈ സംഗതികൾ സ്പഷ്ടമാകും.

## 2. സമുദ്രനിരപ്പിൽനിന്നുള്ള പൊക്കം.

കടൽനിരപ്പിൽനിന്ന് മേലോട്ട് അന്തരിക്ഷത്തിലേറുന്തോറും ഉഷ്ണം കുറയുന്നു. ജ്യോതിശ്ശാസ്ത്രവിദ്വാനായ സർ ജാൺഹെഷൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:— "സമുദ്രനിരപ്പിൽനിന്നു മേല്പോട്ട് പവ്തങ്ങളുടെ മേലേറി സവ്ദാ ഹിമാവൃതങ്ങളായ അധിത്യകകളെ പ്രാപിക്കവേ, മധ്യരേഖയിൽനിന്ന് ധ്രുവദേശങ്ങളിലേക്ക് സഞ്ചരിക്കുമ്പോൾ അനുഭവിക്കുന്ന കാലാവസ്ഥകളെതന്നെ നാം അറിയുന്നു. മലകളേറുന്ന ദിക്കുകളിൽ ഏററമിറക്കമനുസരിച്ച് കാലാവസ്ഥ ഭിന്നിക്കുന്നു, അതതു ഋതുക്കൾക്കു സമുചിതങ്ങളായ ഉത്ഭിദങ്ങൾ ഉണ്ടാകയും ചെയ്യുന്നു." മലമ്പ്രദേശങ്ങൾ താണനീതികളേക്കാൾ സുഖവാസയോഗ്യങ്ങളാകാൻ ഇതാണു കാരണം. വേനൽ മൂക്കുമ്പോൾ കുണ്ടൂരും ഊട്ടിയിലും ജനങ്ങൾ പോകുന്നില്ലെ? അധിത്യകകളിൽ പൊക്കംനിമിത്തം അക്ഷാംശസ്ഥിതിക്ക് അനുസരണമായി വരാവുന്നതിൽ കൂടുതലായി സുഖശീതാവസ്ഥ അനുഭവിക്കാവുന്നതാകുന്നു. എന്നാൽ അവിടെയും ഋതുഭേദമനുസരിച്ച് അത്യുഷ്ണവും ശൈത്യാധിക്യവും ഉണ്ടാകാതില്ലെന്നില്ല. പഷ്യയിലും അഫ്ഘാനിസ്ഥാനിലുമുള്ള അധിത്യകകളിൽ അതേ അക്ഷാംശത്തിലുള്ള സ്ഥലങ്ങളെക്കാൾ വേനൽ വഷങ്ങളിൽ ഉഷ്ണവും തണുപ്പും കൂടുതലാണ്. ഈ ഭേദഗതി സമുദ്രത്തിൽനിന്ന് അകലുന്തോറും കൂടുതലായി കാണാം. മധ്യരേഖക്ക് ഏററവും സമീപമുള്ള ക്വിറേറാ (Quito) എന്ന സ്ഥലത്ത് ഒമ്പതിനായിരം അടി ഉയർച്ചയുള്ള മലയിൽ സമശീതോഷ്ണമേഖലയിലെ കാലാവസ്ഥ അനുഭവിക്കാം.

## 3. സമുദ്രത്തിൽനിന്നുള്ള അകലം.

മഹാർണ്ണവങ്ങൾ ഉഷ്ണത്തെ ക്രമീകരിക്കുന്നു. സൂര്യരശ്മി തറയിലേക്കാൾ വെള്ളത്തിൽ കൂടുതലാഴം പായും. വെള്ളത്തിൽ 500 അടി കീഴിൽ സൂര്യരശ്മിയുടെ ചൂടു ബാധിക്കുന്നുണ്ട്. ആവിയും വെള്ളത്തിൽനിന്നാണ് കൂടുതലുണ്ടാകുന്നത്. ഈ കാരണങ്ങളാൽ വെള്ളത്തെക്കാൾ എളുപ്പത്തിൽ തറ ചൂടുപിടിക്കയും ചൂടു വെടിയുകയും ചെയ്യുന്നു. തറ ചൂടുപിടിക്കാനുള്ളതിൽ നാലിരട്ടി ഉഷ്ണംവേണം വെള്ളം ചൂടാകാൻ. അതുപോലെ താമസമുണ്ട് വെള്ളം തണുക്കാനും. സമുദ്രങ്ങൾ വേനൽകാലത്ത് ഏല്ക്കുന്ന ചൂടിനെ മഴക്കാലത്ത് സാവധാനം വെടിയുന്നു. അതുകൊണ്ട് സാധാരണസ്ഥലഭാഗത്തെക്കാൾ സമുദ്രത്തിൽ ചൂടു സമനിലയിലിര

കുന്നു. ഈ വ്യത്യാസംകൊണ്ടു മൂന്നു മാതിരി കാലാവസ്ഥയുണ്ടാകുന്നു. ഒന്ന് സാമുദ്രികം (Oceanic) രണ്ട് ദ്വൈപ്യം (Insular) മൂന്ന് മഹാഖണ്ഡീയം (Continental). സാമുദ്രികമായ കാലാവസ്ഥ കടലിന്റെ സാമീപ്യം കൊണ്ടു തന്നെയുണ്ടാകുന്നതാകയാൽ കപ്പലുകളിലും ചെറിയ ദ്വീപുകളിലും മാത്രമെ അനുഭവിക്കാൻ തരമുള്ളു. അവിടെ ഋതുക്കളെക്കൊണ്ടും മാസഭേദങ്ങളെക്കൊണ്ടും സാമാന്യോഷ്ണാവസ്ഥയ്ക്കു വ്യത്യാസം കാണുകയില്ല. ശാന്തമഹാണ്ണവത്തിൽ ഉഷ്ണമേഖലാവത്തികളായ ചെറിയ ദ്വീപുകളിൽ ന്യൂനാധികഭേദംകൂടാത്ത അന്തരിക്ഷസ്ഥിതി അനുഭവിക്കാം. ആണ്ടിൽ പന്ത്രണ്ടു മാസത്തിലും അഞ്ചോ ആറൊ ഡിഗ്രിയിൽ കൂടുതലായി അവിടെ ഉഷ്ണസ്ഥിതിക്കു ഭേദം വരുന്നില്ല. രോഗികൾക്കു സമുദ്രയാത്ര ഭിഷക്കുകൾ വിധിക്കുന്നതു് ഇതുകൊണ്ടാണ്. കടൽക്കാററ് എപ്പോഴും വീശുന്നതുകൊണ്ടു വേനലിലും വഷത്തിലും അന്തരിക്ഷോഷ്ണം നിയമിതമാക നിമിത്തമത്രെ ദ്വൈപ്യകാലാവസ്ഥയിൽ ഉഷ്ണമാനത്തിന് ഏറെക്കുറെ വ്യത്യാസം കൂടാതിരിക്കുന്നതു്. നേരെമറിച്ചാണ് മഹാഖണ്ഡീയകാലസ്ഥിതിഭേദം. തണുപ്പാണെങ്കിൽ അതികഠിനം; ഉഷ്ണമാണെങ്കിൽ അതുപോലെ; സമുദ്രത്തിൽനിന്ന് അകലുന്തോറും ഈ വ്യത്യാസം കൂടിക്കൂടി വരും. ഉദാഹരണത്തിനു റഷ്യയുടെ മദ്ധ്യപ്രദേശം നോക്കുക. എഡിൻബറോ പട്ടണവും മാസ്കോ പട്ടണവും ഒരേ അക്ഷാംശത്തിലുള്ള നഗരങ്ങളാണ്. ഒരിടത്തിൽ വേനലിൽ 57 ഡിഗ്രിയും വഷത്തുവിൽ 38 ഡിഗ്രിയുമാണ് ഉഷ്ണമാനം; മറേറ ഇടത്തിൽ 64 ഡിഗ്രിയും 15 ഡിഗ്രിയുമാണ്. വിശാലമായ സ്ഥലഭാഗം ആണ്ടുതോറുമുള്ള ശരാശരി ശീതോഷ്ണമാനത്തിനു വളരെ അന്തരം വരുത്തുകയും, വിസ്തൃതമായ ജലഭാഗം അതിനെ കുറയ്ക്കുകയും ചെയ്യുന്നു. മഹാണ്ണവരയങ്ങളുടെ (Ocean currents) സാന്നിധ്യവും ശീതോഷ്ണമാനത്തെ ഭേദിപ്പിക്കുന്നുണ്ടു്. ലാബ്രഡോർ ശീതരയം (Labrador current) നിമിത്തം ധ്രുവദേശങ്ങൾ അതിശീതളങ്ങളാകയും ഗൾഫ്സ്ട്രീം (Gulfstream) എന്ന ഉഷ്ണരയം നിമിത്തം ബിലാത്തി മുതലായ ദേശങ്ങളിൽ തണുപ്പുകാലംപോലും സുസഹമാകയും ചെയ്യുന്നു

4. കാററിന്റെ പോക്ക്

കാലാവസ്ഥയ്ക്കു പ്രധാന നിദാനം — ചൂടോ, തണുപ്പോ, ഈറപ്പോ, വറൾച്ചയൊ ഉള്ളതായി വരുന്നതു് ഉത്ഭവവും സഞ്ചാരമാർഗ്ഗവും അനുസരിച്ചാകുന്നു. കടലൊ കരയൊ കടക്കുന്ന ക്രമത്തിന് ശീതോഷ്ണമാനം ഭേദിക്കയും മഴയ്ക്കു കൂടുതൽ കുറവു വരുത്തുകയും ചെയ്യുന്നു. മഴ പെയ്യുമ്പോൾ അന്തരിക്ഷത്തിൽ നിർല്ലീനമായിരുന്ന (latent) ഉഷ്ണം പുറത്തു ചാടുന്നതു കൊണ്ടു വായു ചൂടുന്നു. ഒരു ഗാലൺ മഴപെയ്യുമ്പോൾ

പുറത്തുചാടുന്ന നിർല്ലീനോഷ്ണം (lateut heat) കൊണ്ട് എഴുപത്തഞ്ചു റാത്തൽ മഞ്ഞുകട്ട ഉരുക്കാമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സാമാന്യമായി പറയുന്നതായാൽ, വടക്കൻ ഗോളാർദ്ധത്തിൽ പടിഞ്ഞാറൻ കാററു തണുപ്പു കുറയ്ക്കുകയും, വടക്കൻ കാററു തണുപ്പുവരുത്തുകയും ചെയ്യുന്നു. അതുകൊണ്ടു മഹാഖണ്ഡങ്ങളുടെ പടിഞ്ഞാറുഭാഗം കിഴക്കൻ ഭാഗത്തെക്കാൾ സുഖവാസയോഗ്യമാകുന്നു.

മുൻപ്രസ്താവിച്ച നാലു കാരണങ്ങൾ കൂടാതെ ചില ചില്ലറ കാരണങ്ങളും കാലാവസ്ഥയെ ഭേദിപ്പിക്കുന്നുണ്ട്. പർവ്വതനിരയുടെ കിടപ്പ്, ഭൂമിയുടെ ചാച്ച്, തറയുടെ തരം, ഉൽപന്നങ്ങളുടെ കൂടുതൽ കുറവ് എന്നീ സംഗതികൾ ഗണനീയങ്ങളാണ്. കാററിനു സമകോണമായി (right angle) പർവ്വതനിരയുണ്ടായാൽ, കാററടിക്കുന്ന വശത്തു മഴയും ഇപ്പുറവും മറുപുറത്തു വരണ്ട വായുവും മഴക്കുറവുമുണ്ടായിരിക്കും. കേരളത്തിൽ മഴയുടെ ആധിക്യവും ആവി തിങ്ങിയ വായുവും, പാണ്ടിയിൽ ഉണക്കം വരണ്ട കാററും ഉണ്ടായിരിക്കുന്നതിനു കാരണം സഹ്യപർവ്വതപംക്തിയുടെ കിടപ്പാണ്. പർവ്വതങ്ങൾ വായുവിലുള്ള ആവിയെ തടഞ്ഞുനിറുത്തുകയാലത്രെ, മലയാളരാജ്യത്തു മഴ അധികം പെയ്യുന്നതും കാടുകൾ ധാരാളം വളരുന്നതും.

ഭൂമിയുടെ കിടപ്പിന്റെ ഭേദംകൊണ്ടുണ്ടാകുന്ന ഫലം തോട്ടങ്ങളിൽ വെച്ചാവും കാണാം. തെക്കോട്ടോ പടിഞ്ഞാട്ടോ ചായ്‌വുള്ള തറയിൽ സൂര്യരശ്മിയുടെ ഉഷ്ണം കൂടുതൽ തട്ടുന്നതുകൊണ്ട് ധാരാളം സസ്യാദികൾ ഉണ്ടാകുന്നു. വടക്കോട്ടോ കിഴക്കോട്ടോ ചാഞ്ഞ തറകളിൽ അത്രയുണ്ടാകുന്നില്ല. അതിനു കാരണം, ചൂടേററമുള്ള വേള മദ്ധ്യാഹ്നമല്ല; പകലെ മൂന്നു മണിക്കാണെന്നു മുമ്പൊരു അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. വടക്കെ ഗോളാർദ്ധത്തിൽ സൂര്യൻ നാല്പത്തിനാഞ്ചു ഡിഗ്രി പൊങ്ങി നില്ക്കുമ്പോൾ തെക്കുപാക്കു ചരിഞ്ഞിരിക്കുന്ന മലയിൽ രശ്മികൾ സമകോണമായി പതിക്കുന്നതിനാൽ ചൂടു കൂടുന്നു. വടക്കു ചാഞ്ഞിരിക്കുന്ന മലയിലാകട്ടെ, രശ്മികൾ തറക്കു സമരേഖ (parallel)യായിട്ടാണ് പതിക്കുന്നതു്. അതുകൊണ്ടു ചൂടു കുറയുന്നു. അതിനാൽ നമ്മുടെ ഭൂഭാഗത്തിൽ തെക്കുകിഴക്കായി ചാഞ്ഞുകിടക്കുന്ന ദിക്കാണു നല്ലതു്.

തറയുടെ സ്വഭാവംകൊണ്ട് ഉഷ്ണത്തിനു കൂടുതൽ കുറവുണ്ടാകുന്നു. മൈതാനങ്ങളിൽ ഉച്ചയ്ക്കു മണൽകാഞ്ഞു് ഉഷ്ണമധികമുണ്ട്. രാത്രിയിൽ ക്ഷണത്തിൽ ചൂടാറി വളരെ തണുക്കുന്നു. അനൂപപ്രദേശങ്ങളിൽ ചെളിയോടു ചേർന്ന വെള്ളത്തിൽ ഉഷ്ണം പിടിച്ചു കിടക്കുന്നതിനാൽ രാത്രിയിലും തണുപ്പില്ല. അവിടെ ദിവസന്തോറുമുള്ള ശരാശരി ഉഷ്ണമാനം (Wear temberature) കുറഞ്ഞിരിക്കും.

കൃഷിയുടെ ഭേദംകൊണ്ട് കാലാവസ്ഥയ്ക്കും ഭേദം വരുന്നു. ധാരാളം സസ്യങ്ങൾ വായുവിന്റെ ഈർപ്പം കുറയ്ക്കുയും, അതിനെ സുഖോഷ്ണമാക്കയും ചെയ്യുന്നു. കൃഷിയില്ലാത്ത കാട്ടിൻപുറങ്ങളിൽ കൂടി ഒഴുകുന്ന നദി താണ അന്തുപപ്രദേശങ്ങളിലൊലിച്ച് രോഗാണുക്കളെ ജനിപ്പിക്കുന്നു. കാടുകൾ വെട്ടിച്ചെളിച്ച് സൂര്യകിരണങ്ങൾ ധാരാളം തട്ടുകയും, വായുസഞ്ചാരം സ്വതന്ത്രമായുണ്ടാകയും ചെയ്യുമ്പോൾ, അവിടം കൃഷിക്കു പാക്കാനം ഉതകുന്നു. എന്നാൽ കാടുകളെ കണ്ടമാനം വെട്ടി വെളിയാക്കിയാൽ, മഴ കുറഞ്ഞു മരുഭൂമിയായിത്തീരുകയും ചെയ്യും.

# സഹോത്ഭവജ്ഞാനത്തെ നാം പരിഗണിക്കേണ്ടതാണോ?

(അധ്യാപനവിദഗ്ധൻ)

നാം ഏതെങ്കിലും ഒരു വിഷയം പഠിപ്പിക്കുമ്പോൾ കുട്ടികൾക്ക് ആ ഒന്നിന്റെ ബോധം മാത്രമാണോ ഉണ്ടാകുന്നത്? അതോടൊന്നിച്ച പലതും ബുദ്ധിയിൽ സ്ഥാനം പിടിക്കുന്നുണ്ടോ? എന്നീ പ്രശ്നങ്ങൾക്ക് ഒരു ഉദാഹരണംകൊണ്ടു സമാധാനം പറയാം. ഒരു അധ്യാപകൻ ക്ലാസിൽ ചെന്നു കുട്ടികളോട് ഇങ്ങിനെ ആജ്ഞാപിച്ചു. "എല്ലാവരും പാഠപുസ്തകം എടുക്കുക, അവസാനംവശത്തു കാണുന്ന പദ്യം ഇരുപതു മിനിട്ടുകൊണ്ട് കാണാപ്പാഠം പഠിക്കണം" കുട്ടികളുടെ സാമർത്ഥ്യത്തെ നിർണ്ണയിപ്പാൻ നൂറു മാർക്കു നിശ്ചയിച്ചാൽ പൂജ്യം മുതൽ നൂറുവരെ സ്ഥാനങ്ങൾക്കും കുട്ടികൾ അവകാശികളായിരിക്കും. ഒരു കുട്ടിയുടെ സ്ഥിതി പരിശോധിക്കാം. ഈ കുട്ടി കവിതയല്ലാതെ മററു വല്ലതും പഠിച്ചുവോ? അയാൾ ഈ കവിത ഇഷ്ടപ്പെടുന്നുണ്ടോ? ഇഷ്ടാനിഷ്ടങ്ങൾക്കും ഒരു തോതു നിർണ്ണയിച്ചാൽ കുട്ടികളിൽ പല ഗ്രേഡും കാണ്മാനിടയുണ്ട്. കുറച്ചിഷ്ടപ്പെടുന്നവർ, അല്പം വെറുപ്പുള്ളവർ, അധികമിഷ്ടപ്പെടുന്നവർ, തീരെ വെറുക്കുന്നവർ എന്നിങ്ങിനെ തരംതിരിക്കുവാൻ ഇടവരുന്നതാണ്. ആ കവിതയെക്കുറിച്ച് ഈ മനോഭാവത്തിൽ ഏതൊരു കുട്ടിക്കും ഒരു സ്ഥാനം ഉണ്ട്.

മറെറാരു വീക്ഷണകോണം സ്വീകരിക്കുകതന്നെ. ഈ ഇരുപതുമിനിട്ടുനേരവും ഒരു കുട്ടി പദ്യസാഹിത്യത്തെ പൊതുവെ ചിന്തചെയ്തുകൊണ്ടിരുന്നു എന്ന് വിചാരിക്കുക. അപ്പോഴെല്ലാം പദ്യത്തെക്കുറിച്ച് അവന് ദുരഭിപ്രായമാണുണ്ടായതു് എന്നും വിചാരിക്കുക. അവന്റെ ഇഷ്ടാനി

ഷ്ടഭാവത്തിന് എന്തു ശക്തിയാണുള്ളതു്.? അവൻ ഇഷ്ടപ്പെടുന്നു എന്നിരിക്കട്ടെ. അപ്പോൾ അവൻ ഇങ്ങിനെ വിചാരിക്കും. "ഇതുവരെ പദ്യം രസശൂന്യമെന്നാണു വച്ചിരിക്കുന്നതു്. ഇതങ്ങിനെയുള്ള ഒന്നല്ല. ഇമ്മാതിരിയുള്ള കവിത ഒന്നാംതരം തന്നെ." അവന് അനിഷ്ടമായിട്ടാണു തോന്നിയതെങ്കിൽ "ഈ കവിതകളെല്ലാംതന്നെ കൊള്ളരുതാത്തവയെന്ന് എനിക്കു മുമ്പേതന്നെ അറിയാം. അതിന്റെ കൂട്ടത്തിൽതന്നെ ഇതും." ഇതു് മറെറാരു സ്റ്റൈയിലിൽ ഉൾപ്പെടുത്താവുന്ന ഇഷ്ടാനിഷ്ടഭാവങ്ങളാണ്.

ഈ കല്പന കൊടുത്ത അദ്ധ്യാപകനെക്കുറിച്ചു കുട്ടിയുടെ മനോഭാവമെന്തെന്നു പരിശോധിച്ചുനോക്കാം. പദ്യഖണ്ഡത്തെക്കുറിച്ചുണ്ടായ ഇഷ്ടാനിഷ്ടചിന്ത അദ്ധ്യാപകനെക്കുറിച്ച് അവനുള്ള മതിപ്പിനും നിയാമകമായിരിക്കുന്നു. പദ്യത്തെ അവൻ അധികമിഷ്ടപ്പെടുന്നു എങ്കിൽ അദ്ധ്യാപകനെക്കുറിച്ച് അവനു അധികബഹുമാനം തോന്നുന്നു. പദ്യത്തോടുള്ള വെറുപ്പ് അദ്ധ്യാപകനേയും ബാധിക്കുന്നു.

ഈ വിധമുള്ള പാഠശാലയോട് കുട്ടിയ്ക്കുള്ള മനോഭാവമെന്ത്? ഈ വിധ അദ്ധ്യയനത്തിൽ പഠിതാവിനുള്ള ആത്മവിശ്വാസത്തിന്റെ നിലയെന്ത്? ഒരു കുട്ടി അശക്തനെന്നു സ്വയം ഭാവിച്ച് അവന്റെ തല താഴ്ത്തുന്നു. അവൻ ഇങ്ങിനെ ആത്മഗതം ചെയ്യുന്നു. "ഓ, എന്നെക്കൊണ്ടിതാവില്ല. ശ്രമിച്ചിട്ടും ഫലമൊന്നും കാണുന്നില്ല. ഇനി ഒന്നും ചെയ്യാൻ കഴികയുമില്ല." ബലഹീനന്മാരെ ബലവാന്മാർ ഭരിക്കുന്നതിനുള്ള ഒരു ഉപായമാണ് 'കല്പന' എന്ന് ആ കുട്ടി വിചാരിക്കുന്നു എങ്കിൽ അദ്ധ്യാപകനോടുള്ള അവന്റെ മനോഭാവം നിയമത്തെയും ആജ്ഞയേയും എങ്ങിനെ ബാധിക്കുമെന്നാലോചിക്കുക. ബുദ്ധിയേയും, ജീവിതത്തെയും കുറിച്ച് അവൻ വീക്ഷിക്കുന്നതെങ്ങിനെ ആയിരിക്കും? ഇതുതന്നെയല്ല, അവൻ ശീലസ്ഥാപനം ചെയ്യുന്നതു് നല്ല വഴിയിൽക്കൂടിത്തന്നെയോ? മററു വിദ്യാർത്ഥികൾക്ക് അനുകരണീയമാംവണ്ണം ശാന്തമായും രസത്തോടും അവൻ വേല ചെയ്യുന്നുണ്ടോ? അവന്റെ പെരുമാററം മററുള്ളവരിലും പകരുന്നതല്ലേ?

കുട്ടി ആ പദ്യം പഠിക്കുന്നു. അതുതന്നെയാണ് പ്രാധാന്യത്തെ അർഹിക്കുന്നതു്. ഇതിനും പുറമെ മററനവധികാര്യങ്ങളും അവൻ പഠിക്കുന്നുണ്ട്. ഈ പദ്യത്തോടുള്ള ഹിതാഹിതഭാവവും തന്മൂലം പദ്യകാവ്യങ്ങളോട് പൊതുവേയുള്ള ഒരഭിപ്രായവും ഉണ്ടാകുന്നു. അദ്ധ്യാപകനോടുള്ള ഭാവനയ്ക്ക് ഒരു മാററം. തന്നോടും, പാഠശാലയോടും, നിയമജ്ഞാനികളോടും, ജീവിതത്തോടും അവന്റെ ചിന്താഗതിക്കു മാററം സംഭവിക്കു

ന്നു. ഇവയെല്ലാംതന്നെ സഹോത്ഭവജ്ഞാനങ്ങളാണ്. സ്മരണയുടെ ദാർഢ്യമൊ, വിവിധഭാവനകളൊ പ്രധാനമായി എണ്ണപ്പെടേണ്ടതു്? മറ്റെല്ലാത്തേയും ബലികഴിച്ചും സ്മരണയെ ആദരിക്കണമെന്നു പൌരാണികമതം സിദ്ധാന്തിക്കുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി മാത്രവുമാണ് വിജയമുദ്ര പ്രദാനം ചെയ്യപ്പെടുന്നതു്. ഈ പ്രധാനമൊ, സഹോത്ഭവജ്ഞാനമൊ കുട്ടിയുടെ നടത്തയിൽ പ്രബലമായി ബാധിക്കുന്നതു്.?

ഒരു സമയത്തു് ഒറ്റ കാര്യം മാത്രം പഠിക്കാൻ ഒരു കുട്ടിക്കും സാധിക്കുകയില്ല. പ്രധാനവിഷയത്തിന്റെ അഭ്യസനത്തോടുകൂടി സഹജജ്ഞാനങ്ങളും വന്നുചേരുന്നു. ആത്മവിശ്വാസം, ആത്മാഭിമാനം, ഉത്തരവാദിത്വബോധം, കർമ്മത്തിൽ ഔത്സുക്യം, സഹകരണശീലം എന്നിവ ആ ഇനത്തിൽ ഉൾപ്പെടുന്നു. ബലിഷ്ഠവും, അരോഗദൃഢഗാത്രവുമായ അന്തഃകരണത്തിന്റെ സമുന്മുഖതയുള്ള ഒരു വിദ്യാർത്ഥിക്കുണ്ടാകുന്ന സഹജജ്ഞാനസ്വഭാവം എന്തായിരിക്കും? അവ ശുഭോദർക്കവും ശ്ലാഘ്യവുമായിരിക്കും. സ്നേഹിതന്മാരോട്ടു് അവനു ദൃഢബന്ധം ഉണ്ടായിരിക്കുന്നതാണ്. പ്രകൃതിയിലുള്ള സകലത്തേയും അവൻ സകൗതുകം നിരീക്ഷിക്കും. നവീനവസ്തുക്കളെ സ്വയം ആരാഞ്ഞറിവാനുള്ള ജിജ്ഞാസ അവനിൽ വളരും. ക്ഷീണാന്തഃകരണത്തേക്കാൾ സഹോത്ഭവജ്ഞാനം ക്രിയാശക്തമെന്നതു് നിർവ്വിവാദമത്രെ. അഭ്യസനം ഉത്തമരീതിയിൽ വ്യവസ്ഥാപിതമായിരിയ്ക്കും. ദുർഘടഘട്ടങ്ങളെ തരണംചെയ്യേണ്ടിവരുന്ന ഒരു കുട്ടി ദുർബലമായ ലക്ഷ്യത്തെ അവലംബിക്കുന്നതായാൽ അവന്റെ സഹോത്ഭവജ്ഞാനം ബലഹീനമായിപ്പോകുന്നതാണ്. ആത്മവിശ്വാസവും കൗതുകവും വർദ്ധിക്കുന്നതിനു പകരം ദിനംപ്രതി ഭീരുത്വവും വെറുപ്പും അവനിൽ വളരുന്നു.

പാഠശാലകളിൽ ശിക്ഷാനിയമം പല മൌലികതത്വങ്ങളേയും അടിസ്ഥാനപ്പെടുത്തിയിരിക്കേണ്ടതാണ്. ശിക്ഷയിൽനിന്നും എന്തു ഭാവനയാണ് കുട്ടിയിൽ അങ്കുരിയ്ക്കുന്നതു്. കുറ്റക്കാരനായ ഒരു കുട്ടിയെ പിടിച്ചു കഠിനമായി ശിക്ഷിപ്പാൻ ഒരദ്ധ്യാപകനു് സാധിച്ചു എന്നു വരാം. കുറ്റം ആവർത്തിക്കാതിരിക്കത്തക്കവണ്ണം ഒരു മനസ്ഥിതി അവനിൽ ഉണ്ടായെന്നു വന്നേക്കും. പക്ഷെ ആ അദ്ധ്യാപകനെ വെറുക്കുന്നതിനും വെടിയുന്നതിനും അവൻ അഭ്യസിയ്ക്കുന്നു. അതു് അദ്ധ്യാപകൻ ആശിക്കത്തക്കതല്ല. ഏതൊരു ചെറിയ ശിക്ഷകൊണ്ടു് അവനെ ദുശ്ചേഷ്ടിതത്തിൽനിന്നു നിവർത്തിക്കാമൊ അതത്രെ അനുകരണീയം. അപ്പോൾ അദ്ധ്യാപകനെ കുറിച്ചുള്ള വെറുപ്പിനു ശക്തി കുറയുന്നതാണല്ലൊ. അദ്ധ്യാപകന്റെ ശാന്തമധുരമായ ഉപദേശം ഒരുവന്റെ അപരാധത്തെ പരിഹരിക്കുമെങ്കിൽ

അതിൽ ക്രൂരതലായ ഒരു ശിക്ഷയും ആവശ്യമില്ല. അപ്പോൾ കുട്ടിയ്ക്കു് അദ്ധ്യാപകനോടുള്ള നീരസം തന്നെ പ്രായേണ ശൂന്യമായിരിപ്പാനാണു ഇടയുള്ളതു്.

വിദ്യാർത്ഥികൾ ഒരേസമയത്തു് ഏകസംഗതി മാത്രം അഭ്യസിക്കുന്നില്ല. ഒരേസമയത്തു് പലതും അവർ ഗ്രഹിക്കുന്നു. ഒരു പ്രധാനസംഗതി പഠിക്കുമ്പോൾ പല സഹജജ്ഞാനവും ഉണ്ടാകുന്നു. പ്രധാനസംഗതിയെ മാത്രമെ നാം അറികയും ശ്രദ്ധിക്കയും ചെയ്യുന്നുള്ളു. നാം അറിഞ്ഞൊ അറിയാതെയൊ സഹോത്ഭവജ്ഞാനം കൂടെ വളരുന്നുണ്ടു്. അവ അത്യന്തം പ്രാധാന്യമേറിയവയുമാണു്. കുട്ടികളോടെന്നല്ല പ്രായമേറിയവരേയും നാം ഉദ്ദേശിക്കുന്നതല്ലാതെ മററു പലതും പഠിപ്പിച്ചുപോകുന്നു. ആവക ജ്ഞാനത്തിൽ നാം സവിശേഷം ശ്രദ്ധിക്കേണ്ടതാണു്. അല്ലാത്തപക്ഷം കാലാന്തരത്തിൽ വലിയ നഷ്ടത്തിനു സംഗതിയാകുന്നതാണു്. സഹോത്ഭവജ്ഞാനം അദ്ധ്യാപകന്മാരായ നമുക്കു് ഹിതകാരണമോ അഹിതദായകമോ ആകട്ടെ. അവയുടെ സാന്നിദ്ധ്യം ഒഴിച്ചുവയ്ക്കാവുന്നതല്ല. അവയെ അനാദരിപ്പാൻ സാദ്ധ്യമാണോ? ഒരിക്കലും സാദ്ധ്യമല്ല. അങ്ങിനെ ചെയ്തുപോയാൽ പ്രധാനജ്ഞാനം കൊണ്ടുണ്ടാകുന്ന ഗുണത്തേക്കാൾ കുട്ടികളുടെ സ്ഥിതിയ്ക്കു് അധികം ഹാനികരമായി തീരുന്നതാണു്. ഉത്തമങ്ങളായ സഹജജ്ഞാനപോഷണത്തിന്നു് വിദ്യാർത്ഥികളെ ഉൽപ്രേരിപ്പിക്കേണ്ടതു് അദ്ധ്യാപകന്മാരുടെ കർത്തവ്യമത്രെ. ഒരേ സമയത്തു് അവരിൽ ഉണ്ടാകുന്ന ജ്ഞാനസമിതി അമൂല്യസമ്പത്താണു്. അവ ഒരിക്കലും ഹാനിയെ ചെയ്യുന്നവയല്ല.

ചരിതാർത്ഥതയോടെ ചെയ്യുന്ന പരിശീലനം എല്ലാ അഭ്യസനത്തിനെന്നപോലെ സഹോത്ഭവജ്ഞാനത്തിനും അപേക്ഷണീയമാണു്. ഉത്തമസഹജജ്ഞാനത്തെ ആവർത്തിച്ചഭ്യസിക്കുന്നതിനും അതിനു വേണ്ട വിജയം സിദ്ധിക്കുന്നതിനും അദ്ധ്യാപകന്മാർ കുട്ടികൾക്കു വേണ്ട അവസരം നൽകേണ്ടതാണു്. ഹീനമായ സഹജജ്ഞാനത്തെ സന്തൃപ്തിയോടെ അഭ്യസിക്കാൻ ഒരിക്കലും അനുവദിക്കയുമരുതു്. വിജയവും ചാരിതാർത്ഥ്യവും ശുഭകർമ്മങ്ങളിൽ ഉണ്ടാകട്ടെ. പരാജയവും, ജുഗുപ്സയും പാപകർമ്മങ്ങളിലും ഭവിക്കട്ടെ. ഇതിലെന്നല്ല മറെറല്ലാ അഭ്യസനത്തിലും അദ്ധ്യാപകാധികാരം പരിമിതമത്രെ. അഭ്യസനം ഒരിക്കലും നിർബന്ധിതമാകരുതു്. അതിനെ പ്രോത്സാഹിപ്പിക്കയും നയിക്കയും ചെയ്താൽ ശുഭമായി ഭവിക്കും.

# ആഖ്യായികാഭ്യസനം.

ഏകദേശം അൻപതു കൊല്ലത്തെ പഴമയോടുകൂടി വിഹരിക്കുന്ന ഒരു സാഹിത്യപ്രസ്ഥാനമാണ് ആഖ്യായിക അല്ലെങ്കിൽ നോവൽ. അഞ്ചു ശതാബ്ദങ്ങൾക്കു മുൻപ് വിദേശങ്ങളിൽ ജനിച്ചുവളൎന്ന ഈ തരുവിൽനിന്ന് പാശ്ചാത്യവാത്യാപ്രസാരിതമായി കേരളത്തിൽ അതു് ബീജാവാപം ചെയ്തിട്ട് അഞ്ചു ദശകങ്ങളേ കഴിഞ്ഞിട്ടുള്ളു. ഗാനപാരായണങ്ങൾക്കും കഥനത്തിനും ഉപയോഗിച്ചിരുന്ന പുരാണങ്ങളും നടനത്തിനു യോഗ്യമായ ആട്ടം, തുള്ളൽ, കൂടിയാട്ടം, കൂത്ത് എന്നിവയും അന്നു സന്തുഷ്ടി നൾകിയിരുന്നു. പാശ്ചാത്യദേശങ്ങളിൽ ഈ പ്രസ്ഥാനം ഉദിച്ചതോടുകൂടി—കാൎയ്യകാരണബന്ധമില്ലെങ്കിലും—വൈദേശിക വാണിജ്യപ്രസ്ഥാനവും ആവിർഭവിച്ചു. അന്നുണ്ടായ ജലപ്രവാഹത്തിൽ ഭാരതത്തിൽ ഒട്ടുക്കും വിശേഷിച്ചു കേരളത്തിലും വന്നുചേൎന്ന ചെളിയുംമണ്ണും ദേശകാലവൈജാത്യംകൊണ്ട് പൗരസ്ത്യഭാവനാശക്തി വളരുന്നതിന് ഉചിതമായിരുന്നില്ല. അതിനാൽ ഇവിടം സാഹിത്യം വിളയാത്തവണ്ണം ഒരു മരുൽസങ്കേതമായിത്തീൎന്നു.

വെട്ടം, കിളയും, ചൂടും, വെളിച്ചവും, മഴയും, മഞ്ഞും സമൃദ്ധമായാൽ അവിടം ഫലപ്രദമാകുമെന്നിരിക്കെ ചിരന്തനമായ സംസ്കാരവും കൂടിയുള്ള അതു് പ്രബുദ്ധമാകുമെന്നതിനു സംശയമില്ല. ആ വിധമുള്ള ഒരു ഉൽബുദ്ധതതന്നെയാണ് കൈരളീസാഹിതിയുടെ നവീനപ്രസ്ഥാനകാരണമെന്നു പറയാം.

പാശ്ചാത്യരീതിയിൽ നമ്മുടെ ശിഷ്യരെ മാതൃഭാഷാഭ്യസനം ചെയ്യിക്കണമെന്നു തോന്നിയ അന്ന് അതിനനുഗുണമായ പാഠപുസ്തകങ്ങളെ പുത്തനായി നിൎമ്മിക്കയാണുണ്ടായതു്. ഇംഗ്ലീഷുപാഠശാലകളിലും മലയാളപാഠശാലകളിലും മലയാളസാഹിത്യത്തിന് അല്പാല്പമായ സ്ഥാനം സിദ്ധിച്ചിരുന്നു. ഇടയ്ക്കുണ്ടായ ചില മാററങ്ങളുടെ ഫലമായി ഇംഗ്ലീഷുപാഠശാലകളിൽ നിന്നു മലയാളം തീരെ ബഹിഷ്കൃതമായി മലയാളപാഠശാലകളോട്ട് അവജ്ഞയും വന്നു. പുരാണേതിഹാസങ്ങളും നാടകാഖ്യായികകളും സാഹിത്യാഭ്യസനസ്ഥാനത്തുനിന്നും ഭ്രഷ്ടങ്ങളായി. അവിടെ മോട്ടോർവണ്ടികളിൽ ശാസ്ത്രസിദ്ധാന്തങ്ങൾ സൈ്വരവിഹാരം ചെയ്തു. എങ്കിലും ഇക്കൊല്ലത്തെ പാഠപദ്ധതിയിൽ പല സ്ഥാനങ്ങളിലുമായി അഞ്ചോ ആറോ ഒന്നാംതരം ആഖ്യായികകൾ സ്ഥാനംപിടിച്ചിട്ടുണ്ട്. അതിനാൽ "ആഖ്യായികാഭ്യസന"മെന്ന ഒരു വിഷയം പ്രതിപാദിച്ച് പാഠ്യപുസ്തകങ്ങളെ പ്രത്യേകിച്ചും സജാതീയങ്ങളായ ആഖ്യായിക

കളെ സാമാന്യമായും സ്പർശിച്ച് അല്പം ചിലതു പറയാമെന്നു വിചാരിക്കുന്നു. അദ്ധ്യേതാക്കളുടെ ശ്രദ്ധയേയും അദ്ധ്യാപകന്മാരുടെ ചിന്തയേയും അതിലേയ്ക്കു ക്ഷണിച്ചുകൊള്ളുന്നു.

## ആഖ്യായിക.

കാലാനുഗതരീതിയിൽ സാഹിത്യരൂപങ്ങളെ ഗവേഷണം ചെയ്യുന്നതായാൽ ആഖ്യായികകളുടെ പുരോഗാമിയായി നാടകത്തെ പരിഗണിക്കേണ്ടതാണ്. സൗകര്യത്തെ പുരസ്കരിച്ച് ഈ കാലഗതിക്കു വൈപരീത്യം ചെയ്ത് ആഖ്യായികകളെക്കുറിച്ച് ആദ്യമായി ചിന്തിക്കാം. നാടകവും ആഖ്യായികയും ഒരേ മൂലപദാർത്ഥങ്ങളുടെ യോഗമെന്നു തെളിയുന്നതാണ്. ഈ അവസരത്തിൽ ആഖ്യായികകളെക്കുറിച്ചു മാത്രം പ്രതിപാദിക്കേണ്ടതാണെങ്കിലും രണ്ടു വകുപ്പിനും യോജിക്കുന്ന ഭാഗങ്ങളെ ആദ്യമായി നിരീക്ഷണംചെയ്യാം. അത് അടുത്തു പ്രതിപാദിപ്പാൻ മോഹിക്കുന്ന നാടകസ്വരൂപത്തിന്റെ അവതാരികയായി പരിണമിക്കുന്നതാണ്. രണ്ടു വകുപ്പിനുമുള്ള വൈജാത്യസ്വഭാവം കൊണ്ട് നാടകത്തിന്റെയും ആഖ്യായികയുടേയും മൗലികവസ്തുതകളെ വ്യത്യസ്തരീതിയിൽ വിശദീകരിച്ചിരിക്കയാണ്. നാടകസ്വരൂപത്തെ വിചിന്തനം ചെയ്യുമ്പോൾ രണ്ടിനവും കൂട്ടുപിരിയുന്ന ദിക്കിൽ നിന്നു ആരംഭിച്ച് നാടകത്തെ സാഹിത്യകലയുടെ ഒരു പ്രത്യേകരൂപമായി നിരൂപണം ചെയ്യാമെന്ന് ആഗ്രഹിക്കുന്നു.

സ്ത്രീപുരുഷന്മാരേയും അവരുടെ വൃത്തികളേയും വികാരങ്ങളേയും നാനാവിധവീക്ഷണകോണങ്ങളിൽ കൂടി ദർശിച്ച് എല്ലാക്കാലത്തിലും ദേശത്തിലുമുള്ള സ്ത്രീപുരുഷവർഗ്ഗത്തെ ആനന്ദനിർവൃതിയിൽ ലയിപ്പിക്കുന്ന മഹിമ ആഖ്യായികകൾക്കുണ്ട്. സാഹിത്യത്തിന്റെ പിന്നിൽ സർവ്വസാമാന്യമായി സർവ്വശക്തിയോടെ നിലനില്ക്കുന്ന ഒരു പ്രേരകവും ഈ രസാനുഭൂതി തന്നെയാണ്. സാമുദായികമായും കലാസംബന്ധിയായും വന്നുകൊണ്ടിരിക്കുന്ന പരിണതരുചിഭേദമനുസരിച്ച് വിവിധരൂപത്തെ അവലംബിച്ച് സാഹിത്യം ഈ കൃത്യം നിർവഹിച്ചുപോരുന്നു. ഒരുകാലത്ത് മഹാകാവ്യം മറെറാരു കാലത്ത് നാടകം, ഒരിക്കൽ ഖണ്ഡകാവ്യങ്ങൾ മറെറാരിക്കൽ കഥാനിർമ്മാണം എന്നിങ്ങനെ കഴിഞ്ഞുപോന്നു. ഈ സമ്പ്രദായങ്ങളിൽ അന്ത്യമായി അഭിവൃദ്ധിപ്പെട്ടതു നോവൽ സാഹിത്യമാണ്. അവയിൽ മഹിമയും പൂർണ്ണതയും ഈ സാഹിത്യത്തിനുമത്രെ. ഈ അഭിപ്രായത്തെ ഒരുപക്ഷെ നാടകപക്ഷപാതികൾ എതിർത്തേക്കാം. തല്ക്കാലം പ്രതിപാദനത്തിന് അവകാശമില്ലാത്ത പല സംഗതികളും ചി

ന്താവിഷയങ്ങളും ഈ ഘട്ടത്തിലുണ്ടെങ്കിലും നാടകം പരിശുദ്ധമായ സാഹിത്യമല്ലെന്ന പ്രത്യേകം ഓമ്മിച്ചിരിക്കേണ്ടതാണ്. രംഗസംവിധാനവും നടനസാമൎത്ഥ്യവും കൊണ്ടു വിശദീകരിക്കേണ്ട സാഹിത്യമാണ് നാടകത്തെ സംവരണം ചെയ്തിരിക്കുന്നതു്. നോവൽ ഇതിന്റെ ആദ്യവിഭാഗത്തിൽ നിന്ന സ്വതന്ത്രമത്രെ. "പോക്കററിൽ സൂക്ഷിക്കുന്ന ഒരു നാടകശാലയാണ് നോവലുകൾ" എന്നൊരു വിമൎശകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ബന്ധവൈചിത്ര്യവും നടന്മാരുമുള്ളതിന്ന പുറമെ നാടകം കൊണ്ടു സാധിക്കുന്ന ആചാരം പ്രകൃതിദൎശനം മുതലായ മററനേകലക്ഷണങ്ങളും ആഖ്യായികകളിലുണ്ട്. ആഖ്യായികകളേയും നാടകത്തേയും താരതമ്യം ചെയ്തു പഠിക്കുന്നതിന് പ്രധാനമായ അവകാശം ഈ സംഗതികൊണ്ടു തെളിയുന്നു. രംഗസംവിധാനനിയമങ്ങളെക്കൊണ്ട് മാൎഗ്ഗനിരോധനം ഭവിച്ച നാടകം പല വൈജാത്യമാൎഗ്ഗങ്ങളെ അവലംബിച്ചിട്ടുപോലും നോവൽസാഹിത്യത്തിന്റെ വിഹാരമണ്ഡലത്തെ പ്രാപിക്കാൻ സാധിച്ചിട്ടില്ല. ഈ വക നിയമങ്ങളിൽ നിന്നു നോവൽ അഗ്രവൎത്തിയായിത്തന്നെ സ്ഥിതിചെയ്യുന്നു. അതിനുള്ള സഞ്ചാരസ്വാതന്ത്ര്യം, വിസ്തൃതപരിധി, ഭിന്നരൂപസ്വീകരണത്തിനുള്ള അവകാശം എന്നിവ നാടകത്തിന് അലഭ്യാവകാശങ്ങളായിത്തന്നെ ഇരിക്കുന്നു. പ്രാതിനിധ്യത്തിന്ന പകരം വിശദീകരണം കൊണ്ടുണ്ടാകുന്ന നഷ്ടം നോവൽ ഇതരമാൎഗ്ഗങ്ങളിൽ കൂടി പരിഹരിക്കുന്നുമുണ്ട്. ഇതത്രെ നോവൽസാഹിത്യം നാടകസാഹിത്യത്തിന്റെ സ്ഥാനഭ്രംശത്തിന്ന സംഗതിയാക്കിയതു്. ജീവിതസരണിയിൽ സാമാന്യമായ രസാനുഭൂതിയ്ക്കു നിദാനങ്ങളായ മററു ഉപാധികളേയും ആഖ്യായികാപ്രസ്ഥാനം അധഃകരിച്ചതു് ഈ സ്വാതന്ത്ര്യംകൊണ്ടു തന്നെയാണ്. വിവിധങ്ങളും വിഷമതരങ്ങളുമായ ലോകരംഗത്തിൽ സാഹിത്യകോടിയിൽ അഗ്രിമസ്ഥാനം ഈ പ്രസ്ഥാനത്തിന്ന സിദ്ധിക്കുവാനും കാരണം ഇതുതന്നെയാണ്. നാടകത്തിനും ആഖ്യായികയ്ക്കും അതിപ്രധാനമായ ഒരു വ്യത്യാസം ഉണ്ട്. അതിനെ രണ്ടിനക്കാരും ധരിച്ചിരിക്കേണ്ടതുമാണ്. സാഹിത്യകലയുടെ കക്കശമായ ഒരു രൂപമാണ് നാടകമെന്നും അതിന്റെ അതിന്റെ മൃദുലമായ രൂപത്തിന്ന ആഖ്യായിക എന്നും ചുരുക്കിപ്പറയാം. നടനകലയുടെ സാമൎത്ഥ്യസമ്പാദനം ചെയ്വാൻ പ്രാരംഭശിക്ഷണം ഒരു ദീൎഘകാലം ഉണ്ടായിരിക്കയും രംഗസംവിധാനജ്ഞാനം പൂൎണ്ണമായി സമ്പാദിച്ചിരിക്കയും ചെയ്യേണ്ടതു് നാടകനിൎമ്മാണത്തിൽ അവശ്യം സമ്പാദിച്ചിരിക്കേണ്ടതാണ്. പേന, മഷി, കടലാസ്, കുറച്ചു വിശ്രമസമയം ഇത്രയും സ്വാധീനമുണ്ടെങ്കിൽ ഒരു നോവൽനിൎമ്മാണം സാധ്യമാണ്. ഇതിന്റെ സാരം താഴെ പറയുന്ന സംഗതികൾ കൊണ്ട് വിശദപ്പെടുന്നു: നാടകനിൎമ്മാണത്തിന്ന വേണ്ട നിയമങ്ങളെ രൂപീകരിക്കുന്ന

തിനും, അതിനെക്കുറിച്ച് അഭിപ്രായം പറയുന്നതിനും പ്രായേണ സുകരമായിരിക്കുന്നു. നോവലിനെ സംബന്ധിച്ച് ഈ കൃത്യം ദുഷ്കരമായെ ഇരിക്കുന്നുള്ളു. എങ്കിലും നോവലിനും ചില നിയമങ്ങളും സ്ഥാനങ്ങളും ഉണ്ട്. സാഹിത്യപ്രസ്ഥാനത്തിൽ അത്യന്തം വികാസക്ഷമവും നിയമോച്ഛൃംഖലവുമായ ആഖ്യായികയെ സാമാന്യവും പ്രധാനവുമായ ചില നിബന്ധനകളെക്കൊണ്ട് പരിക്ലിപ്തി ചെയ്യാം.

ആഖ്യായികാനിർമ്മാണത്തിൽ അംഗങ്ങളായിരിക്കേണ്ട പ്രാഥമികതത്വപദാർത്ഥങ്ങളെ ചുരുക്കമായിട്ടെങ്കിലും നിർദ്ദേശിക്കാം. അവയെല്ലാം നാടകനിർമ്മാണത്തിനു പ്രാരംഭോപകരണമായി സ്വീകരിക്കാവുന്നതാണ്.

ലോകസംഭവങ്ങളേയും വൃത്തികളേയും കർമ്മകർത്താക്കളേയും ഭോക്താക്കളേയും കുറിച്ചു നോവൽ പ്രതിപാദിക്കുന്നു എന്ന് ആദ്യമായി ആഖ്യായികാവൃത്തിക്കു ലക്ഷണം ചെയ്യാം.

ഇവയെത്തന്നെയാണ് കഥാബന്ധം എന്നു സാധാരണ പറഞ്ഞുവരുന്നത്. മുൻപറഞ്ഞ സംഗതികൾ ഏതു ജനങ്ങൾക്ക് സംഭവിച്ചു എന്നും അവയുടെ കർത്താക്കളും ഭോക്താക്കളും ആരെല്ലാമെന്നും നിർണ്ണയിക്കുന്നതു് രണ്ടാമിനമായി ഗണിക്കാം. ഏതദ്വിഷയകമായി ഏർപ്പെടുന്ന സ്ത്രീപുരുഷന്മാർ തന്നെയാണ് കഥയിലെ വേഷങ്ങൾ. ഈ പാത്രങ്ങളുടെ സംഭാഷണത്തെ മൂന്നാമിനമായി എണ്ണാം. സംഭാഷണവും പാത്രസൃഷ്ടിയും അതിപ്രധാനമായിരിക്കേണ്ടതാണ്. നാലാമത്തേതു് കർമ്മാധീനമായി അനുഭവവും കർത്തൃത്വവും ഉണ്ടാകുന്നു. അപ്പോൾ കർമ്മത്തിന് സ്ഥലവും കാലവും അനപേക്ഷണീയവുമാണ്. അടുത്തതു് ഭാഷാരീതിയാണ്. ഇത്രയുംകൊണ്ട് സാമാന്യമായി പ്രാഥമികതത്വം അവസാനിച്ചതായി വിചാരിക്കാം. എങ്കിലും ആറാമതു ഒന്നുകൂടിയുണ്ട്. പരോക്ഷമായൊ അപരോക്ഷമായൊ ഗ്രന്ഥകർത്താവ് അറിഞ്ഞോ അറിയാതെയോ ജീവിതത്തേ വീക്ഷിക്കുന്നതോ ജീവിതപ്രശ്നങ്ങളേ പരാമർശിക്കുന്നതോആയ ഒരു വശം ആഖ്യായികകളിൽ ഉണ്ടായിരിക്കണം. ഗ്രന്ഥകർത്താവ് ലോകത്തെ എങ്ങിനെ വീക്ഷിക്കുന്നു എന്നും അതിനോടു എന്തു മനോഭാവമാണ് തനിക്കുള്ളതെന്നും വിശദീകരിക്കത്തക്കവണ്ണം സംഭവങ്ങൾ, പാത്രങ്ങൾ, മനോവികാരം, ഉദ്ദേശം എന്നിവയെ പ്രതിപാദിച്ചിരിക്കണം. ഈ ആറാമത്തെ അംഗത്തിനു ഒരു പേർ കല്പിക്കുന്നതു് അത്ര എളുപ്പമെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു പേർ കല്പിച്ചാൽ അതിന് അതിവ്യാപ്തിയൊ അവ്യാപ്തിയൊ വരുന്നക്കുമെന്ന് ഭയപ്പെടുന്നു. ഉചിതമായ ഒരു സന്ദർഭം കിട്ടുന്നതുവരെ ഈ വാദത്തെ മാററിവയ്ക്കാം. തല്ക്കാലത്തേ

യ്ക്ക് ഇതിനെ ആഖ്യായികാകർത്താക്കളുടെ വിമർശനം, വ്യാഖ്യാനം എന്നോ ജീവിതനിദർശനം എന്നോ പേരിടാം.

കഥാബന്ധം, പാത്രങ്ങൾ, സംഭാഷണം, ക്രിയാകാലവും ദേശവും, രീതി, ജീവിതവിമർശനം എന്നിങ്ങനെ ആറു് അവയവങ്ങൾ, ചെറുതെന്നോ വലുതെന്നോ, നല്ലതെന്നോ ചീത്തയെന്നോ ഗണിച്ചാലും ഒരു ആഖ്യായികയ്ക്കു അനപേക്ഷണീയങ്ങളായിട്ടുണ്ട്. രീതി എന്ന വിഭജനം എല്ലാ സാഹിത്യത്തിനും പൊതുവായ ഒരു സ്വത്താകകൊണ്ട് അതിനെ തല്ക്കാലം ഉപേക്ഷിച്ച് മററു ആറംശങ്ങളേയും ഓരോന്നായി എടുത്തു് നാം പഠിക്കുന്ന ഒരു നോവലിൽ അവയ്ക്കുള്ള ബന്ധം എത്രത്തോളമുണ്ടെന്നു് പരിശോധിക്കാം.

## മായ.

(സിതാദേവി)

### I.

വിരസമായ മഴക്കാലത്തിൻെറ തുടരെയുള്ള നടനം ഒട്ടവസാനിച്ചു. ആകാശം എങ്ങും നീലനിറത്തിൽ ശോഭിച്ചു. ബർമ്മയുടെ തലസ്ഥാനനഗരിയായ റംഗൂൺ അതിൻെറ പ്രകൃതിവിലാസത്തിൽ പരമരമണീയമായിത്തീൻ. പഞ്ഞിപോലെ വെളുത്ത ചില മേഘശകലങ്ങൾ ലക്ഷ്യശൂന്യമായി അങ്ങുമിങ്ങും സഞ്ചരിക്കുന്നു. ഒരു പ്രേക്ഷകൻെറ കണ്ണുകളെ ഈ കാഴ്ച ആനന്ദിപ്പിക്കുന്നു.

ഇങ്ങിനെയുള്ള ദിവസം അവിടെ ഒരുവനേയും ഗൃഹാന്തർഭാഗത്തു് ഉദാസീനനായിരുത്താറില്ല. ബർമ്മയിലെ വഷക്കാലം അത്യന്തം ഭയങ്കരം തന്നെയാണു്. അവിടെ താമസിക്കുന്നവക്ക് അതിൻെറ അന്ത്യദശയുടെ രാമണീയത അവണ്ണനീയം തന്നെ. അതിനാൽ ഇന്നു റംഗൂണിൽ താമസിക്കുന്ന ഒരുവനും വീട്ടിൽതന്നെ കഴിഞ്ഞുകൂടുവാൻ ഇച്ഛിക്കുന്നില്ല.

ഒരു ചെറിയ വീടിൻെറ പുരോഭാഗത്തുള്ള മുറിയിൽ രണ്ടു യുവാക്കന്മാർ ഇരിക്കുന്നു. നഗരത്തിൻെറ ജനബാഹുല്യമുള്ള ഒരു സ്ഥലത്താണു് ഈ വീടു സ്ഥിതിചെയ്യുന്നതു്. അവർ എന്തോ സംസാരിച്ചുകൊ

ണ്ടിരിക്കയായിരുന്നു. അവരിൽ ഒരുവന് ഏകദേശം ഇരുപത്തിനാലു വയസ്സു കാണും. മറേറ ആൾക്ക് അല്പംകൂടി പ്രായം തോന്നും.

ജ്യോതിയെന്ന പേരുള്ള ചെറുപ്പക്കാരൻ:- "ഹേ നിങ്ങളുടെ അമൃതപാനീയത്തിന് ഇനി എത്ര നേരംകൂടി കാക്കണം. എനിക്കതു കിട്ടാൻ വൈകി."

കൂട്ടുകാരൻ:- ക്ഷമിക്ക, ക്ഷമിക്ക. ക്ഷമ മനുഷ്യന് അത്യാവശ്യമായ ഒരു ഗുണമാണെന്ന് ഇനിയും നിങ്ങൾ പഠിച്ചിട്ടില്ല. അതു് അനുഭവിച്ചാലെ അറിയൂ.

ജ്യോതി:- എനിക്കതിന് സമ്മാനമൊന്നും കിട്ടേണ്ട. എനിക്കല്പം ചായ കിട്ടണം. അതുടനെ വേണംതാനും. കാത്തികേയ! നിങ്ങൾ എന്നെ പല്ലാതെ ചതിച്ചു. ഒക്ടോബർമാസം ഇവിടെ പരമസുഖമെന്ന് നിങ്ങൾ എനിക്കെഴുതി അയച്ചിട്ടില്ലേ? അന്ന് സക്കീട്ടിനു നല്ല തരമെന്നും പറഞ്ഞു. ഞാനിവിടെ വന്നപ്പോഴല്ലെ കഥ മനസ്സിലായതു്. വീട്ടിൽനിന്നും ഒരിഞ്ചു പോലും നടക്കാൻ നിങ്ങൾ ഭാവവുമില്ല. നിങ്ങളെ വിശ്വസിച്ചതുകൊണ്ടു് ഞാനൊരു മണ്ടനായി.

കാത്തികേയൻ:- ഞാൻ ദൈവമല്ല. വാതഗോളങ്ങളുടെ തലവനുമല്ല. ഒക്ടോബറിൽ മഴ അവസാനിക്കയാണിവിടത്തെ പതിവ്. ഇക്കൊല്ലം അതങ്ങിനെ പററിയില്ല. അതിന് ഞാനെന്തു പിഴച്ചു. ഒക്ടോബർ തീർന്നില്ലല്ലൊ. നിങ്ങൾ വന്നിട്ട് ഒരാഴ്ചയല്ലെ ആയുള്ളു.

ചിരപ്രതീക്ഷിതമായ ചായ ഈ അവസരത്തിൽ അവരുടെ സന്നിധിയിൽ എത്തി. അപ്പോൾ അവർ വഴക്കം നിത്തി.

ജ്യോതി കല്ക്കട്ടയിലുള്ള ഒരു ധനികൻെറ ദത്തുപുത്രനാണ്. അവൻെറ സ്വന്തഅച്ഛൻ മരിച്ചിരുന്നു. അതിനാൽ യോഗിമുസംദാർ ഈ യുവാവിനെ ദത്തെടുത്തു. ഗർഭഭാരഭരണക്ലേശങ്ങൾ അനുഭവിച്ച മാതാവ് ജീവിച്ചിരിപ്പുണ്ടെങ്കിലും ജ്യോതി അവരെ അമ്മയെന്നു വിളിക്കാറില്ല. യോഗിമുസംദാരുടെ ഭാര്യയെയാണ് ഈ ശ്രേഷ്ഠശബ്ദംകൊണ്ടാരാധിക്കുന്നതു്.

അല്പം ത്വരയോടെ ചായ കഴിച്ചു. യാത്രയ്ക്കു പററിയ വസ്ത്രങ്ങൾ ധരിച്ച് അവർ വെളിയിലേയ്ക്കു പുറപ്പെട്ടു.

അവർ തെരുവിലെത്തിയപ്പോൾ,

കാത്തികേയൻ:- എങ്ങോട്ടാ?

ജ്യോതി:- ഓ, എനിക്കറിഞ്ഞുകൂട. നമുക്കു നടക്കാം; എനിക്കീ പട്ടണം എല്ലാം കാണണം.

കാത്തി:- പണ്ടു നിങ്ങളുടെ അച്ഛൻ ഇവിടെ വന്നിരുന്നപ്പോൾ അദ്ദേഹത്തിനു ചില ചങ്ങാതിമാരുണ്ടായിരുന്നു. അവരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടാകാം. അവരുടെ താമസം ഇവിടെയാണ്. അവരെ കാണണമെന്നു നിങ്ങൾക്കു താൽപര്യമുണ്ടെങ്കിൽ നമുക്കവിടെ പോകാം എനിക്കവരെ പരിചയമുണ്ട്.

ജ്യോതി:- കളി പറയാതെ. വല്ല കുടിലുകളിലും വളഞ്ഞുകൂടി വലിയമ്മമാരോടു നുണയും പറഞ്ഞിരിക്കാൻ ഞാൻ ഭാവിച്ചിട്ടില്ല. അതൊക്കെ പിന്നെയാവാം. വിശപ്പെന്നെ പിടിച്ചു വലിക്കുന്നതുവരെ ഇന്നു നടക്കണം.

കാത്തി:- നല്ല കാര്യം. നമുക്കു പാതിരായ്ക്കു തിരിച്ചുവന്നാൽ മതി. വീട്ടിലേക്കാൾ സുഖമായ ആഹാരം ഈ തെരുവിൽ കിട്ടും. എന്റെ വാലിയക്കാരന്റെ പാചകം ഇന്നനുഭവിച്ചില്ലേ. വിശപ്പിന്നില്ലാതെ അവന്റെ പാചകം രുചിപ്രദമാക്കാൻ കഴികയില്ല. ഏതുമാതിരി ആഹാരവും ഇവിടെ കിട്ടും. ബർമ്മ, ചൈന, ജപ്പാൻ, ഇൻഡ്യ, യൂറോപ്പ് എന്നീജാതി ആഹാരമെല്ലാം ഇവിടെ കിട്ടും. ഇവയിൽ ചിലതു നല്ല പാകമാണ്. വലിയ വിലയുമാകയില്ല.

ജ്യോതി:— വേണ്ട ചെങ്ങാതി. ഞാൻ അശുദ്ധാഹാരം കൈകൊണ്ടു തൊടുകയില്ലെന്ന് ആ വൃദ്ധയോട് ആണയിട്ടു പറഞ്ഞിട്ടുണ്ട്. കപ്പലിൽ വച്ചുകൂടി ഞാൻ യാതൊന്നും ഉപയോഗിച്ചിട്ടില്ല ഒരു ഹിന്ദു പാകം ചെയ്ത ചില ശുദ്ധപദാർത്ഥങ്ങളെ ഞാൻ കഴിച്ചിട്ടുണ്ട്.

ജ്യോതിസ്സു പിപ്പിച്ച വൃദ്ധ ആയാളുടെ ഇപ്പോഴത്തെ അമ്മയാണ്. ആ സ്ത്രീ വെറും യഥാസ്ഥിതിക ബുദ്ധിയും, ആചാരത്തിൽ മക്കടമുഷ്ടിയുമാണ്. അവരുടെ ഭർത്താവു ജീവിച്ചിരുന്നകാലത്തുകൂടി അവളുടെ കണിശംകൊണ്ടു പലരേയും ഭ്രാന്തു പിടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു വിധവയായിരിക്കുന്നു. ബന്ധുക്കൾക്കും ഭൃത്യന്മാർക്കും ഇവരെ വലിയ ഭയമാണ്.

കാത്തി:- ഒ, കളു; അവരെങ്ങിനെയാണ് ഇതറിയുന്നതു്. അവർ നിങ്ങളുടെ നടപടികളെ സൂക്ഷിക്കുന്നതിനു വല്ല ചാരന്മാരേയും ഏർപ്പാടു ചെയ്തിട്ടുണ്ടോ? നിങ്ങൾ ഇങ്ങോട്ടുപോന്നതു് അല്പമൊരു വിനോദത്തിനാണ്. ഒരു ബ്രാഹ്മണവിധവയുടെ അനുഷ്ഠാനമാണോ നിങ്ങൾ തുടരുവാൻ പോകുന്നതു്. പലതും അറിയാതെതന്നെ കഴികയേ ഉള്ളൂ.

ജ്യോതി:- നിങ്ങൾക്ക പരമാർത്ഥമറിഞ്ഞുകൂട. അരഭ്രാന്തുള്ളവരെ ഞാനത്ര കണക്കാക്കാറില്ല. അവരെൻെറ ജനയിത്രി ആയിരുന്നെങ്കിൽ ഞാൻ അത്ര വകവയ്ക്കാതെ കഴിയ്ക്കും. ഞാൻ എന്തെങ്കിലും ഒരപരാധം ചെയ്താൽതന്നെ എൻെറ പെററമ്മയാണെങ്കിൽ കുറച്ചു കുററം പറയുമായിരിക്കും. ഇവരോ, അങ്ങിനെയാണോ? വിലകൊടുത്തു് ഒരു മകനെ വാങ്ങാമെങ്കിൽ അവനെ ഉപേക്ഷിക്കാനും അവർ മതിയാകും. നിയമം അതിന് അനുകൂലിക്കയും ചെയ്യും. എൻെറ മാതാക്കളേയും തറവാടിനേയും ഞാൻ പണത്തിനുവേണ്ടി വിററു. ആ സ്ഥാനം കളഞ്ഞു കുളിക്കാൻ ഭാവിച്ചിട്ടില്ല.

കാത്തി:- നിങ്ങൾ ഇത്ര ഭീരുവെങ്കിൽ ഞാൻ നിർബന്ധിക്കുന്നില്ല. ഇവിടെ ഒന്നും പേടിക്കാനില്ല. ആ സ്ത്രീ ഇവിടത്തെ സംഗതി വല്ലതുമറിയുമോ? എന്താ നിങ്ങൾ സംശയിക്കുന്നുണ്ടോ.?

ജ്യോതി:- (അല്പം സംശയിച്ചുകൊണ്ട്) ശരി, ഇല്ല. സംശയിക്കുന്നില്ല. എങ്കിലും വല്ലതുമറിഞ്ഞെങ്കിലോ. കല്ക്കട്ടയിൽ അവർ ചാരന്മാരെ നിയോഗിച്ചിരുന്നു. ഇവിടെയും വല്ലവരും വന്നിട്ടുണ്ടോ. ആവൊ. ആക്കറിയാം.

കാത്തി:- ഇതു സഹിപ്പാൻ വയ്യ. ഒരാഴ്ചയിൽ കൂടുതൽ എന്നെക്കൊണ്ടിതു സഹിപ്പാൻ സാധിക്കയില്ല. വല്ലവഴിക്കും ഞാനാണെങ്കിൽ ഓടിക്കളയും. കാൽകാശിനു ജന്മാവകാശം വിററുകളകയോ.

ജ്യോതി:- നിങ്ങൾ പറഞ്ഞതു വാസ്തവമാണ്. പക്ഷെ ചങ്ങാതി! പണത്തിൻെറ ആവശ്യം ബഹുശക്തിയുള്ളതാണ്. ഒരിക്കൽ അതിന് അടിപെട്ടാൽ പിന്നെ മോചനം അസാദ്ധ്യമാണ്. മററു വഴി കണ്ടില്ലെങ്കിൽ ജീവിതം കൂടി പണയംവച്ചും അതു നേടുവാൻ ശ്രമിക്കും.

ഇങ്ങിനെ ഓരോന്നു പറഞ്ഞു് അവർ നടന്നുതുടങ്ങി. അലങ്കാരംകൊണ്ടു് മോടിപിടിപ്പിച്ചിട്ടുള്ള പല വീടുകളും ഷാപ്പുകളും അവർ പിന്നിട്ടു. ഒരുകൂട്ടം കട്ടിയുള്ള പട്ടുധരിച്ച ബമ്മാക്കാർ, മുഷിഞ്ഞ വസ്ത്രം ധരിച്ചിട്ടുള്ള ഇൻഡ്യാക്കാർ എന്നിങ്ങനെ പലതരയും വഴിയിൽ കണ്ടു. അവർ പലവിധവിനോദങ്ങളിൽ ഏപ്പെട്ടിരിക്കുന്നതു കണ്ടു.

ജ്യോതി:- ഇതെന്താണ്.?

കാത്തി:- ഇതു് ബമ്മാക്കാരുടെ ദീപക്കാഴ്ചയാണ്. കുറച്ചുദിവസം ഇവർ ദീപക്കാഴ്ചകൊണ്ടു് വീടുകളിൽ ആഘോഷം നടത്തും. പാട്ടു്, ആട്ടം, വെടിക്കെട്ടു് എന്നിങ്ങനെ പലതും ഇവരുടെയിടയിൽ നടക്കും. ബമ്മാകാരു

ടെ ഒരു പ്രധാന ആഘോഷമാണിതു്. ബർമ്മാക്കാരുടെ ആട്ടം കാണണമെന്നു മോഹമുണ്ടെങ്കിൽ ഷ്വിഡാഡൻപെഗോഡയിൽ പോകാം.

ജ്യോതി:- ഇതെന്തൊരേർപ്പാട്. വെളുത്തവാവിന് ഇങ്ങനെയുള്ള കാഴ്ച എന്തിന്. ഇതു് ദൈവത്തോടു മത്സരിക്കയാണ്. ദീപക്കാഴ്ചക്കു നല്ല അവധി കഴിയുന്നതു ഇരുട്ടുള്ളപ്പോഴാണ്. അതു നമ്മുടെയിടയിൽതന്നെ.

കാന്തി:- അവർ സമയവും മററും അത്ര നോക്കാറില്ല. മഴക്കാലം കഴിയുന്നതാണ് അവരുടെ കാലം. മഴക്കാലം ഒരു നരകംതന്നെ. ഏഴു മാസം തുടരെ മഴയുണ്ടു്. അതുകൊണ്ടു പരിശുദ്ധമായ ആകാശത്തിന്റെ പ്രഥമവീക്ഷണം ഈ വകക്കാരെ ഭ്രാന്തന്മാരാക്കുന്നുണ്ടു്.

ജ്യോതി:- ഈ വെളിച്ചവും തിയ്യുമൊക്കെ എന്നെ നന്നെ ദാഹിപ്പിക്കുന്നു. ഒരു കപ്പ് ചായയേ ഞാൻ കുടിച്ചോള്ളല്ലോ. രണ്ടാകാമായിരുന്നു.

കാന്തി:- വേണമെങ്കിൽ ഇപ്പോൾ ദാഹം തീർക്കാം. ഇതാ ഈ കാണുന്നതു് ഒരു ഹോട്ടലാണ്. ഇതു വളരെ വൃത്തിയുള്ളതും ഇൻഡ്യാക്കാർക്കു പിടിച്ചതുമാണ്. പുതിയ പരിഷ്കാരമൊന്നുമില്ലെങ്കിലും വളരെ ശുചിയാണ്. കത്തിയും മുള്ളും കൈകാര്യം ചെയ്യാൻ അറിഞ്ഞുകൂട എങ്കിലും ആരും ആക്ഷേപിക്കാനില്ല. അവർ ആരോഗ്യത്തെ മാത്രം മനസ്സിരുത്തുന്നവരാണ്. എന്തെങ്കിലും ഒരു പാനീയം വേണമെന്നുണ്ടെങ്കിൽ നമുക്കവിടെ പോകാം.

ജ്യോതി അതിനകത്തോട്ടൊന്നു നോക്കി. ആ സ്ഥലം അൽപം ആകർഷണീയമായി തോന്നി. ആളുകൾ അകത്തുണ്ടെങ്കിലും ബഹളം ഒന്നും കണ്ടില്ല.

ജ്യോതി:- ആകട്ടെ. അകത്തേയ്ക്കു കടക്കാം. അൽപം ശീതളപാനീയം കഴിക്കാം. ആ വൃദ്ധ അറിഞ്ഞാൽ തന്നെ ഇതിനാക്ഷേപമൊന്നും പറകയില്ല. കല്ലട്ടയിൽവച്ചും ചായയും മററു പാനീയങ്ങളും ഞാൻ കഴിക്കാറുണ്ടു്. അവർ ഒന്നും പറയാറില്ല. ഒരുദിവസം ഞാൻ അൽപം മാംസം ഉപയോഗിച്ചതായി അവരറിഞ്ഞു. ചൂരൽവടി എടുക്കക്കൂടി ചെയ്തു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

രണ്ടുപേരും അകത്തുകടന്നു. ഒരു മേശയുടെ അടുത്തു് ഇരുപ്പുമായി ഒരു ഭൃത്യൻ വന്നു. ഓരോ പാത്രം ഐസ്‌ലമനീഡ് കൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

ജ്യോതി അതിസാവധാനത്തിൽ അതു് ഉപയോഗിച്ചുതുടങ്ങി. അയാളുടെ കണ്ണു് ചുററുപാടും ഒരു പരിശോധന നടത്തി. ഇവരുടെ അല്പം മുമ്പിലായായി ഒരു മേശയുടെ അടുത്തു് ഒരു ബമ്മാക്കാരനും ആ വർഗ്ഗത്തിൽപെട്ട രണ്ടു സ്ത്രീകളും ഇരിക്കുന്നതായി കണ്ടു. രണ്ടു യുവതികളും മോടിയായി വസ്ത്രധാരണം ചെയ്തിട്ടുണ്ടു്. വസ്ത്രം, ആഭരണം, പാദുകകൾ എന്നിവയെല്ലാം മനോഹരമായി ശോഭിച്ചിരുന്നു. പീതവണ്ണത്തിൽ ഉള്ള ഉത്തരീയം കൊണ്ടുള്ള ഒരു വസ്ത്രം ധരിച്ചിരുന്നു. അതിന്റെ വക്കിൽ ഒരിഞ്ച് വീതിയിൽ കസവുണ്ടു്. വെള്ളനിറത്തിലുള്ള ബ്ളൗസും കൈവിരലുകളിൽ വജ്രഖചിതമായ ഒരോ മോതിരവും ധരിച്ചിരുന്നു. കാതുകളിൽ ചുവപ്പുപൊടിവച്ച കണ്ണഭൂഷയും സ്വർണ്ണംകൊണ്ടുള്ള ഒരു കണ്ഠാഭരണവും കൊണ്ടു് അവരുടെ വേഷമോടി പരിപൂണ്ണമാക്കി. ഇവരിൽ ഒരുത്തി നല്ല വെളുപ്പുനിറമുള്ളവളും മറേറവൾ അൽപം പീതവണ്ണയുമാണ്. രണ്ടു യുവതികളും കാഴ്ചയിൽ സുന്ദരികളെന്നു പറയുന്നതിൽ ഒട്ടും അബദ്ധമില്ല.

കാത്തി:- എന്താണിങ്ങനെ പരുങ്ങി നോക്കുന്നതു്? എന്താണ് ഒരു ഷിക്കാറിനു ഭാവമുണ്ടോ?

ജ്യോതി:- ഇവിടെയുള്ള ജനങ്ങൾ പ്രായേണ ധനവാന്മാരാണല്ലോ.?

കാത്തി:- വരട്ടെ, നിശ്ചയിക്കാൻ വരട്ടെ. ഇവിടെയുള്ള സ്ത്രീകളുടെ വസ്ത്രമോടി കണ്ടു ധനസ്ഥിതി നിണ്ണയിക്കരുതു്. ഒരു കോടീശ്വരന്റെ പെണ്ണിന്റെയും ഒരു കൂലിക്കാരന്റെ പെണ്ണിന്റെയും വസ്ത്രമോടി ഒരുപോലെയാണ്. പട്ടിണി കിടന്നാലും വസ്ത്രമോടിയിൽ അമാന്തം വരുത്താറില്ല. ഇങ്ങിനെയാണെങ്കിലും ബമ്മാക്കാർ അധികവും പാപ്പരാണ്.

ജ്യോതി:- ഇടത്തുവശത്തിരിക്കുന്ന യുവതി അതിമനോഹരി തന്നെ. അവൾ ഒരു മംഗോളിയൻവംശജയല്ലെന്നു തോന്നും. അവളുടെ നാസ അതിന്നുത്തമസാക്ഷ്യം വഹിക്കുന്നു.

കാത്തി:- അവൾ ഒരു ഇൻഡോബമ്മയാണ്. കണ്ടില്ലെ അവൾ തലമുടി പിന്നിൽ കെട്ടിയിരിക്കുന്നതു്. അവൾ പക്ഷെ ഒരു സെർബാഡി ആയേക്കാം.

ജ്യോതി:- എന്തു്? അങ്ങിനെയൊരു പേർ ഞാൻ കേട്ടിട്ടേയില്ല.

കാത്തി:- ബമ്മാക്കാരിൽ മഹമ്മദീയസങ്കരം വരുന്ന ജനക്കൂട്ടത്തിന്റെ പേരാണിതു്.

ഒരു പാത്രം ലമനേഡ് ഒരുവന് എന്നെന്നേയ്ക്കും കുടിക്കാൻ മതിയാകയില്ലല്ലൊ. പക്ഷെ ജ്യോതിക്ക് ഉടനെ അവിടം വിടുന്നതിന് അത്ര സമ്മതമില്ലായിരുന്നു.

ജ്യോതി:– നമുക്ക് ഓരോ പാത്രവുംകൂടി വരുത്തിയാലോ?

കാത്തി:– (ചിരിച്ചുകൊണ്ട്) വേണ്ട, നോക്കു. അവർ യാത്രയ്ക്ക് ഒരുങ്ങിത്തുടങ്ങി.

ബർമ്മാക്കാരനും ഒരു യുവതിയും പണവുംകൊടുത്ത് യാത്രതിരിച്ചു. ഇവരുടെ വർത്തമാനത്തിനു വിഷയമായ ആ സൗന്ദര്യധാമം ഒരു പാത്രം ചായയ്ക്കുകൂടി ആജ്ഞകൊടുത്തു.

കാത്തി:– ക്ഷമിക്കണെ, ഞാൻ ഇപ്പോൾ വരാം. നിങ്ങളുടെ ഹൃദയം ഇവിടെ കളയാതെ സൂക്ഷിക്കണേ. വീട്ടിലിരിക്കുന്ന വൃദ്ധയെ നല്ലപോലെ ഓർത്താൽ പിന്നെ അബദ്ധമൊന്നുമില്ല. ഹോട്ടലിൽ കയറി ആഹാരം കഴിക്കുന്നതുതന്നെ വിരോധിക്കുന്ന മാതാവ് ഒരു വിദേശയുവതിയെ അധികം വെറുക്കും.

ജ്യോതി ഇതുകേട്ട് അല്പം ഇളിഭ്യനായി. കാർത്തികേയൻ ചിരിച്ചുംകൊണ്ട് ഉടനെ പുറത്തേയ്ക്കുപോയി.

ആ യുവതി അവളുടെ ചായ എളുപ്പത്തിൽ കഴിച്ചു. ഹോട്ടൽ ഭൃത്യൻ പന്നത്തുക പറഞ്ഞു. അവൾ ഒരു രൂപ എടുത്ത് അവന്റെ കയ്യിൽ കൊടുത്തു. അവൾ എഴുന്നേററ് തനിക്കുള്ള സാമാനങ്ങളെടുത്ത് പുറപ്പാടിനുള്ള ഭാവമായി.

ഉടനെ ഹോട്ടൽഭൃത്യൻ വെളിയിൽവന്ന് എന്തോ ചിലതു അവളോട് മന്ദസ്വരത്തിൽ പറഞ്ഞു. അവൾ കൊടുത്ത രൂപയും അവന്റെ കയ്യിലുണ്ട്. അവളുടെ മുഖത്ത് എന്തോ ഒരു വൈക്ലബ്യം കാണുന്നു. എന്തോ ചിലത് അവനോടു മന്ത്രിക്കുന്നു. അവൾക്കെന്തോ അബദ്ധം പററിയപോലെ തോന്നുന്നു അതാ ആ ഭൃത്യൻ മാനേജരെ കാണുന്നതിന് അകത്തേയ്ക്കു പോകുന്നു. യൗവ്വനമാണല്ലൊ വിവിധവികാരത്തിന്റെയും ഉത്ഭവസ്ഥാനം. എല്ലാ യുവതികൾക്കും യുവാക്കന്മാർക്കും അതിന്റെ പ്രചോദനങ്ങളിൽ ഭാഗഭാക്കാകുവാൻ മോഹവുമുണ്ടായേക്കാം. ചിലപ്പോൾ അവർ അറിയാതെതന്നെ അതിൽ പങ്കുകൊണ്ടു എന്നും വന്നേക്കാം. ജ്യോതി ഒരു യാഥാസ്ഥിതികനാണെന്നു മാത്രമല്ല അദ്ദേഹത്തിന്റെ മാതാവിന്റെ കർമ്മനിയമങ്ങൾക്കു അടിമകൂടിയാണ്. ബന്ധുവർഗ്ഗത്തിൽ പെ

ട്ട സ്ത്രീകളോടല്ലാതെ ജീവിതദശയിൽ ഇക്കാലംവരെ ജ്യോതി സംസാരിച്ചിട്ടില്ല. വല്ലപ്പോഴും ഉണ്ടായിട്ടുള്ള വ്യാമോഹം അദ്ദേഹം സധൈര്യം പ്രതിരോധിച്ചിട്ടുമുണ്ട്, പക്ഷെ ഈ അവസരത്തിൽ അതെല്ലാം അയാൾ തീരെ മറന്നു. താൻ ഒരു പുരുഷനാണെന്നും തന്റെ സമീപത്ത് സുന്ദരിയായ ഒരു യുവതി തന്റെ സഹായത്തെ അപേക്ഷിച്ചുനില്ക്കുന്നു എന്നും മാത്രമെ അയാൾക്ക് ഈ മുഹൂർത്തത്തിൽ അറിവാൻ പാടുള്ളൂ.

അയാൾ അവളോടടുത്ത് ഇംഗ്ലീഷിൽ ചില ചോദ്യം ചെയ്തു. അതിന്റെ സാരം ഇങ്ങിനെ ആയിരുന്നു. "എന്റെ അവിവേകം ക്ഷമിക്കണേ. എന്റെ വല്ല സഹായവും ആവശ്യമുണ്ടോ?" ആ യുവതി അവന്റെ മുഖം ഒന്നു സൂക്ഷിച്ചു. അതിനുശേഷം അല്പം സങ്കോചത്തോടെങ്കിലും ഇങ്ങനെ പറഞ്ഞു. "നിങ്ങൾ എനിയ്ക്ക് ഒരു രൂപ കടം തരുമെങ്കിൽ ഞാൻ കൃതാർത്ഥയായി. എന്റെ കൈയിൽ ഈ ഒരു രൂപയേ ഉള്ളൂ. ഭാഗ്യദോഷത്താൽ അതു കള്ളനാണയമാണ്." അവളുടെ സംസാരം വളരെ സ്വാതന്ത്ര്യവും അഭിമാനത്തോടുകൂടിയതുമായിരുന്നു.

"ഒരു രൂപ മാത്രമോ" എന്നു പറഞ്ഞുംകൊണ്ട് ജ്യോതി മുഖമല്പമൊന്നു കുനിച്ചു. അവൾക്കുവേണ്ടി ഒരു വലിയ സഹായം ചെയ്യാനാണ് അയാൾക്കു മോഹം. എങ്കിലും നിസ്സാരമായ ഒരു സഹായം ചെയ്തും കൃതാർത്ഥത നേടാൻ ജ്യോതി സന്നദ്ധനായിരുന്നു. അതിനാൽ അവൾ ആവശ്യപ്പെട്ട സംഖ്യ ഉടനെ കൊടുത്തു.

അവൾ അതു ഭൃത്യന്റെ കൈയിൽ കൊടുത്ത് ദീർഘമായി ഒന്നു നിശ്വസിച്ചു. ജ്യോതിയുടെ നേരെ തിരിഞ്ഞ് അവൾ:- "നിങ്ങൾ ഒരു ആപത്തിൽ നിന്ന് എന്നെ രക്ഷിച്ചു. ഞാൻ നിങ്ങൾക്ക് അതിനു കടപ്പെട്ടിരിക്കുന്നു. നാളെ ഇവിടെ ഈ നേരത്തു ഞാൻ വരും. അപ്പോൾ നിങ്ങളെയും ഇവിടെ കാണുമെന്നു വിശ്വസിക്കുന്നു. അപ്പോൾ ഇതു തിരിച്ചുതരാം. വരുവാൻ വല്ല അസൗകര്യവുമുണ്ടെങ്കിൽ നിങ്ങളുടെ വിലാസം തരണം. പണം മണിയാർഡർ ചെയ്യാം."

ഇതുകേട്ട് ജ്യോതി ഒന്നു ഞെട്ടി. "നിശ്ചയമായി ഞാൻ വന്നേക്കാം. നാളെ കൃത്യം ആറുമണിക്കു ഞാൻ ഇവിടെയുണ്ട്."

യുവതി—"നിങ്ങൾ ഒരു ബംഗാളിയാണോ?"

ജ്യോതി—"അതെ, കൽക്കട്ടായിൽ നിന്നാണു വന്നിരിക്കുന്നത്."

ആ യുവതി ഈഷൽസ്മിതത്തോടെ അയാളോടു യാത്ര പറഞ്ഞു

പിരിഞ്ഞു. ജ്യോതി സ്വസ്ഥാനത്തേക്കു തിരിച്ചു. അതിനു മുൻമ്പുതന്നെ കാർത്തികേയൻ അവിടെ എത്തികഴിഞ്ഞു. രണ്ടു കാതും എച്ചിലാക്കിക്കൊണ്ടു ഒന്നു ചിരിച്ചു. ജ്യോതി കാർത്തികേയൻെറ അടുത്തിരുന്നു.

കാർത്തി– "ചങ്ങാതി, കിട്ടിയ കിളിയെ കൈ വിടേണ്ട. അപ്പോൾ എപ്പാടൊക്കെ ഒന്നു മാറി അല്ലേ. എനിക്കു നിങ്ങളോടഭ്യസൂയ ഉണ്ട്. ഞാനിവിടെ വന്നിട്ടു കുറെയായി. ഇതുവരെ ഒരു കുഞ്ഞു പോലും എൻെറ മുഖത്തു നോക്കീട്ടില്ല. നിങ്ങളുടെ സങ്ക്റാന്തി തന്നെ കഥയ്ക്കു യോഗ്യമായല്ലൊ."

ജ്യോതി– "ഞാൻ ഭാഗ്യവാൻ തന്നെ. നമുക്കിനി പോവുകയല്ലെ."

കാർത്തി– "ഏറെക്കിഴക്കോട്ടു പോയാൽ കല്ലു ചവിട്ടും. നിങ്ങൾ ഇവിടെയുള്ളവരെ നല്ലപോലെ അറിഞ്ഞിട്ടില്ല."

ജ്യോതി– നിങ്ങളും ആ വൃദ്ധയുടെ ജാതിതന്നെയാണോ? ഞാൻ ഒരു പെൺകുട്ടിയോട് ഒന്നു സംസാരിച്ചപ്പോഴയ്ക്കും നിങ്ങൾ നോവലൊ നാടകമോ എന്തൊക്കെയോ എഴുതിത്തുടങ്ങി.

കാർത്തി:– വലിയ കാര്യങ്ങളുടെ കാരണം ചെറുതായിരിക്കും. ഫലത്തിൽ അനുഭവം വേറെ. ആലിൻെറ വിത്ത് എത്ര ചെറുതാണ്. വൃക്ഷമോ? ഞാനൊന്നു പറഞ്ഞേക്കാം. അത് മനസ്സാണെങ്കിൽ കേൾക്കു.

ജ്യോതിയുടെ ഹൃദയം എന്തോ ഒരു സ്വരമാധുരിയിൽ ലയിച്ചിരിക്കുന്നു. അതിനാൽ ഉപദേശസ്വീകരണത്തിനു ഇടമില്ല. അയാൾ ഇങ്ങിനെ തുടൎന്നു. "ഞാനിപ്പോൾ വീട്ടിലേക്കില്ല. നമുക്ക് കുറച്ചുകൂടി നടക്കാം. ഈ കാഴ്ചകളെല്ലാം നല്ലപോലെ കാണാം."

അടുത്ത പ്രഭാതത്തിൽ ജ്യോതി പതിവിലധികം നേരത്തെ ഉണൎന്നു. അയാൾ അല്പം അക്ഷമനും അസ്വസ്ഥനുമായി കാണപ്പെട്ടു. പകൽ അൽപം വേഗം കഴിയുന്നതിനും സുപ്രതീക്ഷിതസായാഹ്നം അടുത്തുവരുവാനും പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. കാർത്തികേയൻ പരിഹാസം ചൊരിഞ്ഞെങ്കിലൊ എന്നു ഭയപ്പെട്ട് അയാളോടു ഈ അവസ്ഥയൊന്നും തന്നെ പറഞ്ഞില്ല. പ്രതിക്ഷണം സമയത്തോടൊത്ത് അയാളുടെ അക്ഷമയും പുലൎന്നു. അഞ്ചുമിനിട്ടിടവിട്ട് വാച്ചു പരിശോധിച്ചു. ഇതിനിടയിൽ രണ്ടുദിക്കിൽ ഇരിക്കയും ചെയ്യും. സമയത്തിൻെറ മാന്ദ്യത്തെ മനസാ ശപിച്ചു.

എങ്ങിനെയോ സമയം ഉച്ചയായി. അപ്പോൾ ജ്യോതിയുടെ മ

നോവ്യാപാരം ഒരു പുതിയ സരണിയെ അവലംബിച്ചു. 'കാർത്തികേയനും കൂടി പുറപ്പെട്ടാൽ എന്താണു കഴിവ്.' അവളുടെ പുനസ്സന്ദർശനം പ്രണയപരിശോധനയ്ക്കല്ലെങ്കിലും കാർത്തികേയന്റെ സാന്നിദ്ധ്യം ജ്യോതിക്ക് അസുഖംപോലെ തോന്നി. അയാൾക്ക് അസുഖം വരാത്തവണ്ണം ഇതെങ്ങിനെയാണു പറയേണ്ടതു്.

ഈ വിഷമഘട്ടത്തെ തരണംചെയ്യാൻ ജ്യോതിയ്ക്കു മാർഗ്ഗനിർദ്ദേശം ചെയ്തതു കാർത്തികേയൻതന്നെ ആയിരുന്നു. മണി നാലടിച്ചു. കാർത്തികേയൻ:- 'ജ്യോതി, നിങ്ങൾ മുഷിയരുതു്. നിങ്ങളോടൊന്നിച്ച് ഇന്നും നടക്കാൻ പോകണമെന്ന് ഞാൻ ഉറച്ചിരുന്നു. നിങ്ങൾ എന്റെ അതിഥിയാകകൊണ്ട് മര്യാദയും അങ്ങിനെയാണ്. നിങ്ങളുടെ നന്മയ്ക്കും തിന്മയ്ക്കും ഞാനുത്തരവാദിയുമല്ലെ. പക്ഷെ എന്റെ മാനേജർ ഉടൻ അങ്ങോട്ടു ചെല്ലണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. എന്തിനെന്നറിഞ്ഞുകൂട. അതുകൊണ്ട് നിങ്ങളുടെ വഴി ശുദ്ധമായി. പക്ഷെ കളിച്ചുപോകരുതെ. എത്രയെങ്കിലും വർത്തമാനം പറഞ്ഞുകൊള്ളൂ. അവളൊന്നിച്ചു ഒരു ദിക്കിലും പോകരുതു്.

ജ്യോതിയുടെ സകല വിഷമങ്ങളും ഇങ്ങിനെ അവസാനിച്ചു. അതിനാൽ കാർത്തികേയനോട്ട് എന്തു സമ്മതിക്കാനും അയാൾ ഒരുക്കമായിരുന്നു. കാർത്തികേയൻ പോയ ഉടനെ ജ്യോതി വേഷസംവിധാനത്തിനൊരുങ്ങി. ആ യുവതി ഒരിക്കലും ആറിനുമുമ്പു സങ്കേതത്തിൽ വരികയില്ല. അതുവരെ ക്ഷമിക്കുന്നതെങ്ങിനെ. ട്രങ്ക് തുറന്ന് ഏററവും വിശേഷമായ 'ഡ്രസ്' എടുത്തു. ഒരു വജ്രമോതിരം എടുത്തു് വിരലിൽ ഇട്ടു. പാദുകങ്ങളെ ഓർത്ത് അൽപം ലജ്ജിച്ചു. വാസ്തവത്തിൽ അവ വൃത്തിഹീനങ്ങളായിരുന്നു. അതിവിശേഷമായ ഒരു ജോടി വാങ്ങിയതു് കൽക്കട്ടയിൽ തന്നെ ഇരിപ്പാണ്, കഷ്ടം!! ആഡംബരത്തിന് എത്ര പണമെങ്കിലും ചിലവിടുവാൻ ജ്യോതിക്കു വൃദ്ധയുടെ അനുവാദമുണ്ട്. അയാൾക്കു വേണ്ടിവരുന്ന ചിലവ് എന്തെന്ന അന്വേഷണമേ ഇല്ല. മുതൽപിടിക്കാരന് അങ്ങിനെ വൃദ്ധയുടെ അനുവാദം സിദ്ധിച്ചിട്ടുണ്ട്.

വസ്ത്രധാരണം കഴിഞ്ഞ ഉടനെ ഒരു വണ്ടിവരുത്തി യാത്ര പുറപ്പെട്ടു. ഒരു മണിക്കൂറുകൂടിയുണ്ടല്ലൊ. അതു് എങ്ങിനെ കഴിക്കേണ്ടു. നഗരത്തിന്റെ നാനാഭാഗങ്ങളിലും ചുററി. പല പാന്ഥികശാലകളും കണ്ടു. ഒടുവിൽ സങ്കേതത്തിന്റെ മുന്നിലെത്തി. അപ്പോഴും കാൽമണിക്കൂർ ബാക്കിയുണ്ട്.

ജ്യോതി അവിടെയൊന്നു് എത്തിനോക്കി. അവൾ അവിടെ എത്തീട്ടില്ലെന്നു മനസ്സിലാക്കി. വണ്ടിക്കാരന് വാടകകൊടുത്തു പിരിച്ചു.

ആ വഴിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉദാസീനനായി ലാത്തിക്കൊണ്ടിരുന്നു. എങ്കിലും അയാളുടെ കണ്ണു് അതിജാഗ്രതയോടെ നിർദ്ദിഷ്ടവസ്തുവിനെ ആരായുന്നുണ്ടു്. അവൻെറ ഉൽക്കണ്ഠ വദ്ധിച്ചു. അൽപം മുമ്പേതന്നെ വന്നുപോയാൽ അവൾക്കു് വിലകുറഞ്ഞുപോകുമോ എന്നു മന്ദമായി ജല്പിച്ചു.

ഒരു വണ്ടി അതാ വന്നു് അവൻെറ മുമ്പിൽനിന്നു. ഒരു ബങ്കാളിയുവതി അവൻെറ ദൃഷ്ടിക്കു വിഷയീഭവിച്ചു. പബ്ളിക് സ്ഥലങ്ങളിൽ ബങ്കാളിവനിതമാരെ കാണുന്നതു് സാധാരണമല്ല. ജ്യോതി അവളെ അൽപമൊന്നു് തുറിച്ചു നോക്കിപ്പോയി. അവളെ തിരിച്ചറിഞ്ഞപ്പോൾ അതു് മന്ദഹാസസമന്വിതമായ ഒരു കടാക്ഷമായി പരിണമിച്ചു. അവൾ തൻെറ പുതിയ മിത്രമല്ലാതെ മററാരുമല്ലായിരുന്നു. ബമ്മാക്കാരുടെ വസ്ത്രധാരണക്രമം വിട്ടു് ബങ്കാളികൾക്കുള്ള ധാക്കസാരിയും, ഡാക്കാബ്ളൗസും ധരിച്ചിരുന്നു. ശിരസ്സ് അനാച്ഛാദിതമായിരുന്നു. ബങ്കാൾഫാഷനിൽ കേശബന്ധം ചെയ്തിരുന്നു.

അവൾ വണ്ടിക്കാരന് കൂലികൊടുത്തു പിരിച്ചതിനു ശേഷം ജ്യോതിയുടെ അടുത്തുവന്നു് ഇങ്ങനെ കുശലം ആരംഭിച്ചു.

"വന്നിട്ടു് അധികം നേരമായോ?"

ജ്യോതി:- ഏയ്, ഇല്ല. അധികമായില്ല. നിങ്ങളുടെ വസ്ത്രധാരണക്രമം കണ്ടു് ഞാൻ പെട്ടെന്നു അറിഞ്ഞില്ല.

ആ യുവതി യദൃച്ഛാലാഭം എന്ന നിലയിൽ മാത്രമെ ഇപ്പോൾ ഗണിപ്പാൻ അവകാശമുള്ളൂ. അങ്ങിനെയിരിക്കെ ജ്യോതിയുടെ സംഭാഷണത്തിൻെറ ഒടുവിലത്തെ ഭാഗം അൽപം മര്യാദാഹീനമായിരുന്നു. പക്ഷെ ജ്യോതിയുടെ ജീവിതകാലത്തു് ഇങ്ങിനെയുള്ള സമാഗമം ഇതു ആദ്യത്തേതാണല്ലൊ. അത്ഭുതപാരവശ്യങ്ങൾ അയാളെ പരതന്ത്രനമാക്കിയിരുന്നു

അവൾ ഇതത്ര ശ്രദ്ധിച്ചതന്നെയില്ല. അൽപമൊരു പുഞ്ചിരിയോടെ:- "ആട്ടെ നമുക്കകത്തേയ്ക്കു പോകാം. അവിടെവച്ചാകാം നിങ്ങളുടെ പ്രശ്നത്തിനു സമാധാനം."

അവർ രണ്ടുപേരും അകത്തേയ്ക്കു പോയി. ഒരു ദിക്കിൽ ഇരുന്നു് ചായയ്ക്കു ആജ്ഞകൊടുത്തു. ദാഹശാന്തിക്കാണീ കല്പനയെന്നു് ആരും ധരിക്കരുതു്.

# വിദ്യാഭ്യാസനവീകരണം.

II

(പി. ആർ. നീലകണ്ഠൻനായർ)

(അധ്യാപകന്മാർ)

ഇരുപതിനായിരത്തിൽ ഒട്ടും കുറവല്ലാത്ത സഹോദരവർഗ്ഗങ്ങളെ കുറിച്ച് ഇന്നത്തെ നിലയിൽ അൽപം ചിലതു പറകയെന്നതു സങ്കടകരം തന്നെയാണ്. ചരിത്രപരമാർത്ഥതയോടെ മിഴിച്ചുനില്ക്കുന്ന വസ്തുക്കളെ തെളിച്ചുകാട്ടി നിദാനങ്ങളെ യഥാശക്യം ആരായുകയും ദോഷപരിഹാരത്തിന് യഥാമതി നിർദ്ദേശിക്കയും ചെയ്യാം.

കാൽ ശതാബ്ദത്തിൽ പരം ഈ സാമ്രാജ്യത്തിൽ പര്യടനം ചെയ്യാൻ—ഇതിനിടയിൽ ഏതാനും കാലം നാടുകടത്തിയിരുന്നു—സംഗതി വന്നിട്ടുണ്ടെന്നുള്ളതാണ് എന്നെ ഇതിനു അധികാരിയാക്കിയിരിക്കുന്നതു്.

അധ്യാപകലോകം അറിവിലും അഭിമാനത്തിലും ദിനംപ്രതി ക്ഷീണസത്വരായി കാണപ്പെടുന്നു. അനുസ്വാരം എന്ന ശബ്ദമൊ അതുകൊണ്ടു കുറിക്കുന്ന സങ്കേതമൊ വ്യക്തമായി അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികളെ ധാരാളമായി പാഠശാലകളിൽ കണ്ടെത്താം. രാമൻ, കൃഷ്ണൻ എന്നീ പദങ്ങളെ സമുച്ചയിക്കുന്നതു് എങ്ങിനെ? എന്തു കൂടി ചേർത്തു? എന്നീ വിധം ഒരു വാദ്ധ്യാർ ചോദിച്ചപ്പോൾ പൂജ്യം ചേർക്കണമെന്നു കുട്ടി ഉത്തരം പറഞ്ഞു. ഉം എന്ന സമുച്ചയനിപാതം ചേർക്കണമെന്നു പറഞ്ഞുകൊടുത്തു് അധ്യാപകൻ രക്ഷപെടുകയും ചെയ്തു. അ, ഇ, ഉ എന്നീ സ്വരങ്ങളോടു് അനുസ്വാരം ചേർന്നു അം, ഇം, ഉം മൂന്നു ശബ്ദങ്ങളുണ്ടായി. പ്രത്യയങ്ങളായും ഒടുവിലത്തേതു് നിപാതമായും തീർന്നതാണെന്നു പറഞ്ഞാൽ വിശ്വസിക്കുന്നതു് അദ്ധ്യാപകന്മാരായ വിദ്വാന്മാർക്ക് സുഖമല്ലപോലും. പൂജ്യം ചേർക്കണമെന്നു പറഞ്ഞ കുട്ടിക്ക് അനുസ്വാരബോധമാണുണ്ടാകേണ്ടതെന്ന് ഈ വിദ്വാന്മാർ ധരിക്കുന്നില്ല.

പാഠശാലകളിൽ കുട്ടികളെ സ്വയംഭരണശീലമുള്ളവരാക്കണമെന്ന വിദ്യാഭ്യാസാദർശത്തെ പുരസ്കരിച്ചു് ഒരു അദ്ധ്യാപകസംഘത്തിൽ ഏതാണ്ടു പറഞ്ഞപ്പോൾ നിരോധനാജ്ഞമൂലം അതു തുടരുവാൻസാധിക്കാതെ വന്നിട്ടു് നിരാശരായ ചില അദ്ധ്യാപകന്മാരും ഉണ്ട്. ഒരു പത്തുകൊല്ലത്തിനുമുമ്പു് ഏതാനും വിഷയങ്ങൾ നിശ്ചയിച്ചു് അധികൃതസ്ഥാനത്തുനിന്നും അദ്ധ്യാപകസംഘങ്ങളിലേക്കയച്ചിട്ടുണ്ട്. അവ തന്നെ മാറി

യും മറിച്ചും ഇന്നും സംഘങ്ങളിലെ പ്രതിപാദ്യവിഷയമായിരിപ്പുണ്ടു്. അല്പമൊരു വ്യത്യാസം വരുത്തിയിട്ടുള്ളതു് ഒരാളെ വിഷയമേല്പിക്കുന്നതിനു പകരം മൂന്നാളെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു് വിഷയം മുടങ്ങാതിരിക്കുവാനുള്ള കൗശലമെന്നഭിമാനിക്കുന്ന കൺവീനറന്മാർ ധാരാളമുണ്ടു്.

പരകാര്യപ്രസക്തികൊണ്ടും പാരതന്ത്ര്യംകൊണ്ടും വിദ്യാർത്ഥിയെന്ന നില പാഠശാലകളിലെ ബഞ്ച് ഉപേക്ഷിച്ചന്നുതുടങ്ങി ഗ്രന്ഥപരിശീലനത്തെ കൂടി അദ്ധ്യാപകന്മാർ വർജ്ജിച്ചിരിക്കുന്നു.

ഋണബാധകൊണ്ടു് ശമ്പളം ജപ്തിയിലാകമൂലം ഉപജീവനം ക്ലിഷ്ടതരമായും അദ്ധ്യാപനം കഷ്ടതരമായും നടത്തുന്ന ഗുരുനാഥന്മാരുടെ തുക ഒട്ടും കുറവല്ല. സഹകരണപ്രസ്ഥാനത്തോടു് അടുത്തു സഹവസിച്ചും കൈകാര്യം ചെയ്തും അതിനെ എത്രത്തോളം മലീമസമാക്കുവാൻ സാധിക്കുമോ അത്രത്തോളം അദ്ധ്യാപകന്മാർ സാധിച്ചുകഴിഞ്ഞിരിക്കുന്നു.

അദ്ധ്യാപകന്മാരുടെ നിലയ്ക്കു് പൊതുജനങ്ങളുടെ ഇടയിൽ ഒരു മാന്യസ്ഥാനം ഇല്ലെന്നുതന്നെയല്ല അവരെക്കുറിച്ചുള്ള നിസ്സാരഭാവന, അല്ല നിന്ദാഭാവംതന്നെ പലയിടത്തും പ്രത്യക്ഷപ്പെടുന്നുണ്ടു്.

മേല്പറഞ്ഞ ദോഷങ്ങൾ അറിയാവുന്നവർ അവരിലും അധികൃതന്മാരിലും ധാരാളമുണ്ടു്. പക്ഷെ "അപരിഹരണീയ"മെന്നു ശങ്കിച്ചോ നമുക്കെന്തു വേണമെന്ന ഉദാസീനഭാവം കൊണ്ടോ പരിഹാരസരണിയെ ആരും അവലംബിച്ചു കാണുന്നില്ല.

മേല്പറഞ്ഞ അപരാധങ്ങൾ പ്രൈമറിസ്കൂളുകളിലോളം മിഡിൽസ്കൂളുകളിൽ കാണുകയില്ല. ഇംഗ്ലീഷുസ്കൂളുകളിൽ തുലോം കുറവായി മാത്രമെ കാണുന്നുള്ളു.

ലോകത്തിൽ ഒരുവനും ചീത്തയാകണമെന്നു മോഹമില്ല. പരിതസ്ഥിതികളാണു് ഒരുവനെ നന്നായിട്ടൊ ചീത്തയായിട്ടൊ രൂപീകരിക്കുന്നതു്. അതുകൊണ്ടു് അദ്ധ്യാപലോകത്തിനു വന്നിട്ടുള്ള ദുർദ്ദശാപരിണതിയുടെ കാരണങ്ങളെ അല്പം ചിന്തിക്കാം.

ഇംഗ്ലീഷുപാഠശാലകളും മലയാളപാഠശാലകളും ഒരേ ഭരണത്തിൽ ഇരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നു് അദ്ധ്യാപകസംഘങ്ങൾ രണ്ടുകൂട്ടരും കൂടി ഒന്നിച്ചു നടത്തിയിരുന്നു. അന്നു മലയാളംസ്കൂളുകളിൽ പഠിപ്പിക്കാനറിയാവുന്ന വാദ്ധ്യാന്മാരുണ്ടെന്നു് ഇംഗ്ലീഷദ്ധ്യാപകന്മാർ ധരിച്ചുമിരുന്നു. ഉത്തമങ്ങളായ മാതൃകാപാഠങ്ങളും ഉപദേശപ്രസംഗങ്ങളും ഇംഗ്ലീഷുപാഠശാലാദ്ധ്യാപകന്മാരിൽനിന്നു മലയാളാദ്ധ്യാപകന്മാർ ധരിച്ചിരുന്നു. പാഠശാലകളിൽ നടക്കുന്ന വിദ്യാർത്ഥികളുടേയും അദ്ധ്യാപകന്മാരുടേയും വിനോദങ്ങളിൽ പരസ്പരം പങ്കുകൊണ്ടും കഴിഞ്ഞുകൂടിയിരുന്നു.

ഇന്നത്തെ നിലയ്ക്ക് എന്തന്തരം വന്നിരിക്കുന്നു! മലയാളംസ്കൂൾ വാദ്ധ്യാന്മാർ ഒന്നും അറിഞ്ഞുകൂടാത്തവരെന്നാണു മററ കൂട്ടർ ധരിച്ചുവച്ചിരിക്കുന്നതു്. അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാർക്കു മലയാളം ഒന്നും അറിഞ്ഞുകൂടെന്നു പറയുന്ന വിദ്വാന്മാർ ഇംഗ്ലീഷുസ്കൂൾഅദ്ധ്യാപകന്മാരെ എന്തു മനോഭാവത്തോടെയാണ് വീക്ഷിക്കുന്നതെന്ന് ഊഹിക്കാമല്ലൊ. രണ്ടുകൂട്ടരുടെ അഭിപ്രായത്തിലും പരമാർത്ഥമില്ലെന്നു പറവാൻ തരമില്ല. രണ്ടുകൂട്ടരും ഒന്നിച്ചു പ്രവർത്തിക്കുന്നതായാൽ ഈ മനോഭാവം മാറി പരസ്പരം ഗുണപ്രതീക്ഷ ചെയ്യാൻ സംഗതിവരുന്നതാണ്.

നിസ്സാരശമ്പളത്തിൽ കഴിഞ്ഞുകൂടിയിരുന്ന മലയാളസ്കൂൾ അദ്ധ്യാപകന്മാർക്കു ഡാക്ടർ മിച്ചലിൻേറ കാലത്താണല്ലോ അല്പമൊരു ഉയർച്ചകിട്ടിയതു്. അന്നുതന്നെയാണ് ഇംഗ്ലീഷു പാഠശാലകളോടുള്ള വിയോഗവും സംഭവിച്ചതു്. അന്നു ശമ്പളത്തിൽ അല്പം ഉയർച്ച ഉണ്ടായെങ്കിലും ജീവിതോപകരണങ്ങൾക്കുള്ള വിലക്കൂടുതൽ ഇക്കൂട്ടരെ ദരിദ്രനാരായണന്മാരാക്കിയതെ ഉള്ളു. ആ കാലഘട്ടത്തിൽ സഹകരണപ്രസ്ഥാനം നാട്ടിലെല്ലാം ധാരാളമായി. എവിടെയും അദ്ധ്യാപകന്മാർ അംഗങ്ങളായും, സെക്രട്ടറിമാരായും അതിൻേറ പ്രവർത്തനരംഗത്തിൽ വേഷം കെട്ടിയിറങ്ങി. ആവശ്യങ്ങൾക്കു കടം വാങ്ങുക എന്നരീതി കിട്ടായ്കകൊണ്ടും ഉത്തമർണ്ണൻേറ കർക്കശവൃത്തിക്കു് പാത്രമാകുമോ എന്നുള്ള ഭയം കൊണ്ടും ഒതുങ്ങിപ്പാർത്തിരുന്നു. അദ്ധ്യാപകന്മാർ യാതൊരു സംശയവും കൂടാതെ കടം വാങ്ങുവാനും കടലാസു കൊണ്ടുതന്നെ കടം വീട്ടുവാനും ഒരുങ്ങി. എന്തിന് ഇന്നു മലയാളസ്കൂൾ അദ്ധ്യാപകന്മാരുടെ നില ഋണമോചനത്തിനു മാർഗ്ഗമില്ലാത്തവണ്ണം അത്ര പരിതാപകരമായിരിക്കുന്നു.

ഡാക്ടർ മിച്ചലിൻേറ കോഡു പ്രകാരം മലയാളസ്കൂളിലേ മിഡിൽസ്കൂൾ പരീക്ഷയും ഹയർ പരീക്ഷയും വേണ്ടെന്നുവച്ച് അവയുടെ മദ്ധ്യസ്ഥാനത്തു ഒരു വിയോഗ പരീക്ഷ ഏർപ്പെടുത്തി. ആദ്യകാലങ്ങളിൽ അതിനു വ്യവസ്ഥ ചെയ്തിരുന്ന വിഷയങ്ങളും പഠിപ്പിക്കുന്ന സമ്പ്രദായവും പൊതുവെയുള്ള സ്റ്റാൻഡാർഡും മോശമായിരുന്നില്ല.

കഴിഞ്ഞ ഇരുപതു കൊല്ലക്കാലം കൊണ്ടു പൊതുവെ വിദ്യാഭ്യാസത്തിനു പററിയ ഇടിവിന് രക്ഷിതാക്കന്മാർ, അദ്ധ്യാപകന്മാർ, അധികൃതന്മാർ, അദ്ധ്യേതാക്കൾ, ഇവരിൽ ആരാണ് അധികം അപരാധികളെന്നു സംശയമാണ്. ഗവൺമേൻറ് സേവനം (ഉദ്യോഗം) ആണ് വിദ്യാഭ്യാസം കൊണ്ടുണ്ടാകേണ്ട ഫലമെന്ന് എല്ലാ രക്ഷിതാക്കന്മാരും ദൃഢമായി വിശ്വസിച്ചു. അതു അവരുടെ കുററമല്ലതാനും. യാതൊരു

കർമ്മശക്തിയും വിദ്യാർത്ഥികളിൽ വളർത്താതെ അവരിൽ വിജാതീയമായ ഒരു സംസ്കാരം സ്ഥാനംപിടിക്കുന്നു. അങ്ങിനെയുള്ളവരുടെ സംഖ്യ അപരിമിതമായി വർദ്ധിച്ചതുകൊണ്ടും ഉദ്യോഗങ്ങൾ പരിമിതമാകകൊണ്ടും അനവധി ആളുകൾ ഉദ്യോഗമില്ലാത്തവരായി. വിദ്യാഭ്യാസത്തിനു കല്പിച്ചിരുന്ന വില ഉദ്യോഗലബ്ധി എന്നു വന്നതുകൊണ്ട് പഠിക്കുന്നവരും അലസന്മാരായി.

പരീക്ഷാവിജയം താഴ്ന്ന ക്ലാസുകളിൽ ഒരു ക്ലിപ്തശതമാനം വേണമെന്ന് അധികൃതന്മാർ നിർബന്ധിച്ചുവന്നതു കൊണ്ടും പലകാരണങ്ങളാൽ നിരാശാകലുഷരായ അദ്ധ്യാപകന്മാർ ഉദാസീനരായതു കൊണ്ടും വിദ്യാഭ്യാസ സ്റ്റാൻഡാർഡ് വളരെ താഴ്ന്നു പോയി.

86-ാമാണ്ടു മുതൽ മിച്ചൽസായിപ്പിൻേറ കോഡ് വച്ചുകൊണ്ടു അനവധി കുഴപ്പങ്ങൾ അന്നന്നു വരുന്ന അധികൃതന്മാർ ഡിപ്പാർട്ടുമെൻറിൽ ചെയ്തിട്ടുണ്ട്. അവ ഓരോന്നും ഒരു സംഘം അദ്ധ്യാപകന്മാരെ നിരാശരാക്കിത്തീർത്തു. അങ്ങിനെ ഇന്നു ഭൂരിപക്ഷം അദ്ധ്യാപകന്മാരും കർമ്മവിലോപം വന്നവരായിട്ടുണ്ട്.

പാഠശാലകളെ പ്രൈമറി, മിഡിൽ, ഹൈസ്കൂൾ എന്നു മൂന്നിനമാക്കിപ്പിരിക്കണം. ആണ്, പെണ്ണ്, ഇംഗ്ലീഷ്, മലയാളം എന്നാദിപർതണൊ പാഠശാലകളുടെ വിഭജനോപാധിയാകരുത്. എല്ലാ മിഡിൽസ്കൂളുകളുടേയും ഹെഡ്മാസ്റ്റർ സ്ഥാനം ബി. എ എൽ. ടികൾക്കായിരിക്കണം. ഹയറും ട്രെയിനിങ്ങും കഴിഞ്ഞവരെ പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർ ആക്കേണ്ടതാണ്. ഗ്രാൻറ് ഇൻ എയിഡ് സ്കൂളുകൾ ഇന്നു മാനേജരന്മാരുടെ പാവകളിക്കധീനമായിട്ടാണിരിക്കുന്നത്. അവിടെയുള്ള അദ്ധ്യാപകന്മാരെ ഗവൺമേൻറ് അദ്ധ്യാപകന്മാർക്കുള്ള സകല അവകാശങ്ങളോടെ കരുതേണ്ടതാണ്.

ഹൈസ്കൂൾ മിഡിൽസ്കൂൾ പ്രൈമറിസ്കൂൾ എന്നീ മൂന്നുവകുപ്പിലുമുള്ള അദ്ധ്യാപകന്മാർ ഒന്നിച്ചുചേർന്നു മാസത്തിലൊരിക്കലെങ്കിലും ജ്ഞാനവിനിമയം ചെയ്യുന്നതായാൽ ജ്ഞാനാഭിവൃദ്ധിയും സാംസർഗ്ഗജന്യമായി സുജനത്വവും സിദ്ധിക്കുന്നതിനു സംഗതി വരുന്നതാണ്. അഭ്യസനംകൊണ്ട് വിദ്യാർത്ഥികൾ സ്വാശ്രയജീവിതത്തിൽ പ്രയാണം ചെയ്യുമ്പോൾ അദ്ധ്യാപകന്മാർ ആരാധ്യരായി ഭവിക്കയും ചെയ്യും.

# തിരുവിതാംകൂർ വിദ്യാഭ്യാസപരസ്പരോപകാരനിധി.

പ്രസ്തുതനിധി റജിസ്ത്രാക്കിയതു സംബന്ധിച്ച നടപടികൾ 106—11—20-ാംനു- തുടങ്ങിയതും അദ്ധ്യാപകരുടേയും മററും അഭിപ്രായങ്ങളറിയാനായി ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതും, ഓണം ഒഴിവിനു കൂടണമെന്നുദ്ദേശിച്ചിരുന്ന മഹായോഗം ക്രിസ്തുമസ്സിലേക്കു മാററിയതും യോഗം കൂടാതെതന്നെ നിധി റജിസ്റ്റർ ചെയ്യാമെന്നു അധികൃതർ അഭിപ്രായപ്പെട്ടതും അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. മഹായോഗാദ്ധ്യക്ഷനായി സുസമ്മതനായിരുന്ന റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാരവർകളെ ഞങ്ങൾ ക്ഷണിക്കയും സന്തോഷപൂർവം അദ്ദേഹം ആ സ്ഥാനം സ്വീകരിക്കയും ചെയ്ത ശേഷമാണു് വിധിവൈപരീത്യത്താൽ നമ്മോടു യാത്ര പറഞ്ഞതു്. ക്രിസ്തുമസ്സിനു മുമ്പേ ഇക്കൊല്ലത്തെ ശ്രീമൂലം പ്രജാസഭാമെമ്പറായി ഞാൻ തിരഞ്ഞെടുക്കപ്പെടുകയും നിധിയുടെ കാൎയ്യം നിവേദനവിഷയങ്ങളിലൊന്നായുൾപ്പെടുത്തുകയും ചെയ്തു. അഞ്ഞൂറിലധികം വിജ്ഞാപനങ്ങളയച്ചതിൽ 72 വിദ്യാലയമേധാവികളും, ഗുരുനാഥൻ പത്രാധിപരും, മി: കെ. നാരായണൻപണ്ടാലയും മറുപടികളയച്ചു. കിട്ടിയ നിദ്ദേശങ്ങളെ ആസ്പദമാക്കിയും, ഇതരഡിപ്പാർട്ടുമെൻറുകളെ ഏതാണ്ടനുകരിച്ചും ഒരു നക്കൽനിബന്ധന രജിസ്ത്രാർഅവർകളുടെ ആജ്ഞാനുസരണം എഴുതി അയച്ചു. അതിൽ അധികൃതർ ആവശ്യമുള്ള മാററങ്ങൾ വരുത്തിയശേഷം മുറപ്രകാരമുള്ള അപേക്ഷയും സ്വീകരിച്ചുകൊണ്ടു 107 ഇടവം 18-ാംനു- 1964-ാംനമ്പരായി നിധി റജിസ്ത്രാക്കി. ഈ വിവരം മിഥുനം 8-ാംനു-യിലെ ഗസററിൽ 133 ാംവശത്തു പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

വിദ്യാഭ്യാസവകുപ്പിലുൾപ്പെട്ട സക്കാർസ്കൂളുകളിൽ പെൻഷൻ കിട്ടത്തക്ക സ്ഥിരംശമ്പളമുള്ള ഒരാൾ പെൻഷൻ വാങ്ങുകയോ, മരിക്കയോ ചെയ്താൽ അപ്പോൾ ഉള്ള അംഗങ്ങളിൽ നിന്നു പിരിഞ്ഞുകിട്ടുന്ന തുകയുടെ ഒരു ക്ലിപ്തശതമാനം അയാൾക്കോ അവകാശിക്കോ കിട്ടത്തക്കവണ്ണം എ ബി. ക്ലാസുകളായി തിരിച്ചു. 30 രൂപയ്ക്കു മേൽ ശമ്പളമുള്ളവരെ എ. ക്ലാസിലും 30 രൂപയ്ക്കു താഴെയുള്ളവരെ ബി. ക്ലാസിലുമുൾപ്പെടുത്തിയും, ധനാഭ്യർത്ഥന (Call) ഒന്നിനു എ. ക്ലാസുകാരൻ ഒരു രൂപയും ബി. ക്ലാസുകാരൻ നാലണയും കൊടുക്കത്തക്കവിധത്തിലും, ഓഹരിമൂലധനമായ 15 രൂപ എ. ക്ലാസുകാരൻ 10 തവണകളായും, ബി. ക്ലാസുകാരൻ 15 തവണകളായും അടച്ചു തീർക്കത്തക്കവണ്ണവും ഓഹരിത്തുക അടച്ച് ഒരു കൊ

ല്ലം കഴിഞ്ഞാൽ അവകാശപൂർത്തിയായും 50 ശതമാനം ആദായത്തിനർഹനായും 11 കൊല്ലങ്ങൾ വരെ കൊല്ലമൊന്നുക്ക് 3 ശതമാനം കൂടിയും 12 മുതൽ 25 വരെ കൊല്ലങ്ങൾക്ക് ഓരോന്നിനു 1/2 ശതമാനം കൂടിയും, പരമാവധി 90 ശതമാനമായുമുള്ള വ്യവസ്ഥ പെൻഷനെ സംബന്ധിച്ചും, മരണമെങ്കിൽ 5 കൊല്ലങ്ങൾവരെ 75 ശതമാനവും, 10 വരെ 80 ശതമാനവും, അതിനുമേൽ 90 ശതമാനവും ആദായം കിട്ടത്തക്കവിധത്തിലുമാണ് നിബന്ധനകൾ.

നിധി റജിസ്റ്റാക്കുന്നതിനു നിഷ്കളങ്കമായി നമ്മെ സഹായിച്ച റജിസ്ത്രാരവർകളോടും, അനുമതി നൽകിയ ഡയറക്ടരവർകളോടും, നമ്മുടെ അപേക്ഷയെ ഹാർദ്ദമായനുകൂലിച്ചു മേലാവിലേയ്ക്കു സമർപ്പിച്ച വെർണാക്യുലർ സ്കൂൾ ചീഫ് ഇൻസ്പെക്ടരവർകളോടും, വേണ്ട ഒത്താശകൾ ചെയ്തുതരാമെന്നു് കരുണാപൂർവ്വം സമ്മതിച്ച ചീഫ്സെക്രട്ടറി അവർകളോടും, നിധി കണ്ടുപിടിച്ച മുഞ്ചിറ അദ്ധ്യാപകസംഘം കൺവീനരോടു പ്രത്യേകിച്ചും, ടി. സംഘത്തോടു പൊതുവേയും, നമ്മുടെ മാർഗ്ഗദർശിയും ഉപദേഷ്ടാവുമായിരുന്നതിനു പുറമെ നമ്മിലൊരാളെന്നോണം വേണ്ട കഷ്ടനഷ്ടങ്ങൾ സഹിച്ച ഒരു മഹാനുഭാവനോടും, നിർദ്ദേശങ്ങൾ നൽകുകയും ധനസഹായം ചെയ്കയും ചെയ്ത അദ്ധ്യാപകസഹോദരരോടും, വാഗ്ദാനങ്ങളും വിജയാശംസകളും മററും കൊണ്ടു നമ്മെ പലവിധത്തിൽ പ്രോത്സാഹിപ്പിച്ച എല്ലാ സഹൃദയരോടും, നിധിയുടെ കാര്യം സദയം പ്രസിദ്ധപ്പെടുത്തിയ ബഹുമാന്യരായ എല്ലാ പത്രപ്രവർത്തകരോടും അദ്ധ്യാപകരുടെ ദാസദാസൻ എന്ന നിലയിൽ സ്നേഹാദരപൂർവ്വം ഹൃദയംഗമമായി ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. ധനസഹായം ചെയ്ത അദ്ധ്യാപകരുടെ മഹാമനസ്കതയ്ക്കായി അദ്ധ്യാപകലോകം അവരോടു കടപ്പെട്ടിരിയ്ക്കുന്ന സംഗതി വിസ്മരിച്ചുകൂടാത്തതാകുന്നു. റജിസ്ത്രാരവർകളോടും, ചീഫ് ഇൻസ്പെക്ടരവർകളോടും അദ്ധ്യാപകർക്കുള്ള കടപ്പാട് സ്മരണീയവുമാണല്ലൊ. ഈ നിധി റജിസ്റ്റാക്കിയതു സംബന്ധിച്ച് വല്ല കുറവുകളുമുണ്ടെങ്കിൽ അവ എൻെറ കുറവുകൊണ്ടാണെന്നും ഗുണഭാഗങ്ങൾക്കെല്ലാം കാരണം നമ്മെ സഹായിച്ച മഹത്തുക്കളാണെന്നും, ദോഷങ്ങളെ മാററി ഗുണങ്ങളെ പ്രകാശിപ്പിക്കുന്ന ഗുരുജനങ്ങൾ അവയെ ദയാപൂർവ്വം ക്ഷമിച്ച് തിരുത്തിക്കൊള്ളണമെന്നുമുള്ള വിനീതാപേക്ഷയോടുകൂടി 'നിധി' കിട്ടിയ ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

## ഇതു സംബന്ധിച്ചുള്ള വരവുചിലവുകൾ.

വരവ്

| | | രൂ. | ച. | കാ. |
|---|---|---|---|---|
| 1. | മുഞ്ചിറ ഗേറൽസ്കൂൾ അദ്ധ്യാപകസംഘം | 3 | 21 | 0 |
| 2. | പെരുമ്പഴുതൂർ ,, | 1 | 2 | 12 |

| | | | | | |
|---|---|---|---|---|---|
| 3. | കഴിത്തുറ | ,, | 1 | 16 | 8 |
| 4. | പാറശ്ശാല | ,, | 1 | 4 | 0 |
| 5. | കാഞ്ഞിരങ്കുളം | ,, | 1 | 0 | 8 |
| 6. | കൊട്ടാരക്കര | ,, | 1 | 0 | 8 |
| 7. | കാർത്തികപ്പള്ളി | ,, | 0 | 22 | 12 |
| 8. | കൊല്ലം വി. എച്ച്. സ്കൂൾ | | 1 | 0 | 8 |
| 9. | ചാല (Boys School) | ,, | 1 | 0 | 0 |
| 10. | കടയ്ക്കൽ | ,, | 1 | 0 | 8 |
| 11. | കൊട്ടാരക്കര | ,, | 1 | 0 | 8 |
| 12. | S. A കൃഷ്ണൻകോവിൽ | ,, | 1 | 0 | 8 |
| 13. | ചേർത്തല | ,, | 1 | 0 | 8 |
| 14. | ചിറയിങ്കീഴ് | ,, | 1 | 0 | 8 |
| 15. | കടമാളൂർ | ,, | 1 | 0 | 8 |
| 16. | ആറന്മുള | ,, | 1 | 0 | 8 |
| 17. | പുനലൂർ | ,, | 1 | 0 | 8 |
| 18. | പടിഞ്ഞാറെ വൈക്കം | ,, | 1 | 0 | 8 |
| 19. | ഈരാറ്റുപേട്ട | ,, | 1 | 0 | 8 |
| 20. | ഇരവിപേരൂർ | ,, | 1 | 0 | 8 |
| 21. | തൈക്കാട്ടുശേരി | , | 1 | 0 | 8 |
| 22 | തൊടുപുഴ | ,, | 1 | 0 | 8 |
| 23. | വടയാർ | ,, | 1 | 21 | 8 |
| 24 | വടക്കൻപറവൂർ | ,, | 0 | 27 | 0 |
| 25. | മുഞ്ചിറ | ,, | 63 | 23 | 4 |
| | | ആകെ | 92 | 6 | 12 |

| ചിലവ് | രൂ. | ച. | കാ |
|---|---|---|---|
| അച്ചടി | 14 | 7 | 0 |
| ലററർപേപ്പർ, കവർ, അഞ്ചൽ | 21 | 26 | 4 |
| ആലപ്പുഴ, തിരുവനന്തപുരം യാത്ര വാഹനക്കൂലി | 95 | 2 | 8 |
| ഭക്ഷണച്ചിലവ് | 16 | 19 | 8 |
| പലവക | 6 | 9 | 12 |
| ആകെ | 154 | 9 | 0 |

എം. നാരായണപിള്ള,
ശ്രീമൂലം പ്രജാസഭാമെമ്പർ
വിളവങ്കോട്ട്.

# വിമർശനവീഥി.

## കേശവദാസൻ.

(വലിയ ദിവാൻജിയുടെ അവസാനകാലം സംബന്ധിച്ചുള്ള
ഒരു ചരിത്രനാടകം.)

ആഖ്യായിക, നാടകം, എന്നു വേണ്ട മററു് എല്ലാത്തരം ഗ്രന്ഥങ്ങൾക്കും നാമകരണം ചെയ്യുന്ന വിഷയത്തിൽ തൽ കർത്താക്കൾ ഭിന്നാവലംബികളെങ്കിലും ആ സ്ഥാനം പരിമിതമെന്നതു് സുവിദിതമത്രെ. നായികയേയൊ നായകനേയൊ കഥാമർമ്മത്തേയോ ആശ്രയിച്ചു ഗ്രന്ഥത്തിനു പേർ കല്പിക്കുന്നതു സാധാരണ രീതിയാണു്. കഥാഗാത്രത്തിലെ അഗ്രമോ പുഛമോ പേരായിത്തീരുന്നതും ഇയ്യിടെ അത്ര അപൂർവമല്ല. 'അക്ബർ' 'മാർത്താണ്ഡവർമ്മ' എന്നീ ആഖ്യായികകളിൽ നായികാ നായകന്മാരായി ഭിന്ന വേഷങ്ങളെ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും അവകൂടി ഏതു പാവനചരിതത്തെ ഉപജീവിച്ചു വികസിച്ചോ ആ ഗുണവിശിഷ്ടനാമംകൊണ്ടു അവ അറിയപ്പെടുന്നു. അതിനാൽ ലോകോത്തര മഹിമയും അവയ്ക്കു സിദ്ധിച്ചു.

കേശവദാസൻ, എന്ന ചരിത്രനാടകം അന്ത്യമായി പ്രസ്ഥാപിച്ച ഇനത്തിൽ ഉൾപ്പെട്ടതാണു്. ഉഗ്രപ്രതാപികളായിരുന്ന കുടമൺ, കഴക്കൂട്ടം എന്നീ അഷ്ടഗ്രഹസ്ഥാനികളുടെ നഷ്ട ശിഷ്ടങ്ങൾ അങ്ങിങ്ങായി ഉദയം ചെയ്യുന്നതും അസ്തമിക്കുന്നതും ഹൃദയാവർജ്ജകമായ ചരിത്ര പരമാർത്ഥം തന്നെയാണു്. പ്രതാപ പ്രഭാവങ്ങൾ വാണൊഴുകുന്നതിനു നിദാനങ്ങളായ കുല്യയെന്നവണ്ണം ദുർമ്മോഹികളായ രാജസേവകപ്പരിഷയുടെ ദകോമരമായി മാത്രം തോന്നുന്ന കുഞ്ചുനീലൻപിള്ള കഴക്കൂട്ടത്തെ ബന്ധുവായി ഭവിച്ചു. അയാളിൽ നിന്നുണ്ടായ ലക്ഷ്മിക്കുട്ടിയാണു നായിക. എത്ര തന്നെ പ്രതാപികളായിരുന്നാലും സാഹചര്യം കൊണ്ടു ഹൃദയലഘുത്വം സംഭവിക്കാമെന്നു കേശവനുണ്ണിത്താൻ തന്നെ നമുക്കു ദൃഷ്ടാന്തീഭവിച്ചിട്ടുണ്ടു്. ആ കുടുംബത്തിലെ അനന്തരാംഗമായ ജനാർദ്ദനനുണ്ണിത്താൻ നായകസ്ഥാനത്തേയും സ്വീകരിച്ചിരിക്കുന്നു. പിൻതിരിഞ്ഞുനിന്നു നടന്നവഴികണ്ടുകാകിക്കണമെന്നു വിലപിക്കുന്നതു പലേടത്തും കാണ്മാനുണ്ടു്.

പ്രണയപരിണാഹം കൊണ്ടാരംഭിക്കുന്ന കഥ പ്രതിനായകനായ നമ്പൂരിയുടെ പരാഭവത്തിൽ കൂടി യാത്രചെയ്തു ലക്ഷ്മീജനാർദ്ദനസമാഗമം

കൊണ്ടു പരിണാമരമ്യമായി തീൎന്നിരിക്കുന്നു.

നായികാനായകസമാഗമനിൎവ്വഹണത്തിൽ എത്തുന്ന 'കേശവദാസൻ' അവസാനിച്ചിട്ടു കാലം ഒട്ടുകഴിഞ്ഞു. നാടകത്തിന്റെ സ്ഥായീഭാവം അവിടെ അവസാനിക്കയും ചെയ്തു. ഗ്രന്ഥകൎത്താവിന്റെ ഉദ്ദേശം അവിടംകൊണ്ടുവൃതി വരായ്കയാൽ കഥയെ ഉത്ഥാപ്യം ചെയ്തു (ഏച്ചുകെട്ടി) വലിച്ചുനീട്ടുന്നു. ഇതു കഥാഗാത്രത്തിനു ഹാനികരമായിട്ടുണ്ടു്. പാശ്ചാത്യവീക്ഷണകോണത്തിൽക്കൂടി നിരീക്ഷിക്കുന്നപക്ഷം 'ശാകുന്തളത്തിനും' 'കുമാരസംഭവത്തിനും' ഈ ദോഷം ആരോപിക്കപ്പെടാം. പക്ഷെ പൌരസ്ത്യർ നിഗീരണം ചെയ്തിരിക്കുന്ന ആദർശൌൽകൃഷ്ട്യം ഈ ദോഷത്തെ പരിഹരിക്ക മാത്രമല്ല ജീവിത വിമർശനംകൂടി ചെയ്തു അവയെ അഗ്ര്യസ്ഥാനത്തു പ്രതിഷ്ഠിച്ചു് അഭിഷേകവും ചെയ്തിരിക്കുന്നു. പ്രകൃതത്തിൽ അങ്ങിനെ ഒരു ഗതിയും കാണ്മാനില്ല.

ഈ ചരിത്രനാടകത്തെ നാലായി ഭാഗിക്കുന്നതായാൽ ആദ്യ മൂന്നുഭാഗംകൊണ്ടു കേശവദാസചരിത്രം അവസാനിക്കുന്നു. അന്ത്യ ഭാഗമായ ഏഴു രംഗങ്ങൾ അനന്തരസംഭവങ്ങൾ മാത്രമാണു്. അതു ഒരു പുതിയ നാടകത്തിന്റെ കഥാഗാത്രവുമത്രെ.

976-ാം വത്സരത്തിന്റെ പൂർവാൎദ്ധത്തിലാണു് കഥയാരംഭിക്കുന്നതു്. അന്നുതന്നെ കേശവദാസനോടു നേരിടുവാൻ ഒരു ഉപജാപസംഘം കൊട്ടാരത്തിൽ വളൎന്നു കഴിഞ്ഞു. കാൎത്തികതിരുനാൾ നാടുനീങ്ങിയിട്ടു കൊല്ലം ഒന്നുതികഞ്ഞില്ല. അതിനുമുമ്പുതന്നെ ബദരീനാഥത്തിൽ പോയി സന്യസിക്കണമെന്നു ചലപ്രാവശ്യവും തോന്നിയ കേശവദാസന്റെ പൌരുഷത്തിനു ശൈഥില്യം വരുന്നുണ്ടു്. പക്ഷെ മരണശയ്യയിൽകിടന്നുകൊണ്ടു നൽകിയ അന്ത്യശാസനം കൎണ്ണങ്ങളിൽ പ്രതിധ്വനിക്കുന്നതുകൊണ്ടായിരിക്കാം ഇങ്ങിനെ ചാപല്യത്തിനു ഇടവന്നിട്ടുള്ളതു്. ആ ശാസനം ഒന്നു നോക്കുകതന്നെ "കേശവാ, ഞാൻ പോകുന്നു. നിന്നെ ഇങ്ങാക്കീട്ടു പോകുവാൻ എനിക്കു സമ്മതമില്ല. എന്നാൽ അപ്പൻകുട്ടിയാണു്. വല്ല ചാപല്യവും വന്നേക്കാം. അതെല്ലാം ക്ഷമിച്ചുംകൊണ്ടു് ആവും വിധം മുന്നോട്ടു കൊണ്ടു പോകുവാൻ നോക്കിക്കൊള്ളണം. അപ്പനേയും രാജ്യത്തേയും പ്രജകളേയും നിന്നെ ഏല്പിച്ചിരിക്കുന്നു." എന്താണിങ്ങാക്കീട്ടു പോകുവാൻ സമ്മതമില്ലാത്തതു്.? ഒററക്കു പോകുവാൻ ഭയമുണ്ടോ.? അതോ ഇവിടെകഴിഞ്ഞുകൂടുവാൻ കേശവദാസനു് മിടുക്കില്ലെന്നൊ? അപ്പൻ ശപ്പനോ കുട്ടിയൊ.? ആവും വിധം മുന്നോട്ടു കൊണ്ടുപോകുവാൻ നോക്കിക്കൊള്ളണമെന്നല്ലെ പറഞ്ഞിട്ടുള്ളു. ഇവിടെ കേശവദാസൻ, അപ്പനേയും, രാജ്യത്തേയും, പ്രജകളേയും ഗൌരവ താരതമ്യം ചെയ്തു രക്ഷിക്കുന്നതിനു പകരം അപ്പന്റെ ദുസ്സ്വാതന്ത്ര്യം വളരുവാൻ അനുവദിച്ചതു

രാജ്യതന്ത്രവിശാരദനായ അദ്ദേഹത്തിനു ചേൎന്നതല്ല. "തലക്കുളത്തുതമ്പി ബമ്പായിൽ; രാമവൎമ്മത്തെ ചെക്കൻ കമ്പനികുപ്പിണിയിൽ; ഇവൻ വൃദ്ധൻ, മുൎച്ച പോയ ഖഡ്ഗം; വിഷപ്പല്ലു കൊഴിഞ്ഞ ഉരഗം" എന്നു നമ്പൂരി ദൎശിച്ചതു പരമാൎത്ഥവുമായി. ഇങ്ങിനെ ഓരോന്നായി നോക്കുമ്പോൾ നാമറിയുന്ന കേശവദാസനെ നാടകത്തിൽ കാണുന്നില്ല. കാരാഗ്രഹവാസം അനുഭവിക്കുന്നു. നമ്പൂരിയും കൂട്ടരും എന്തും ചെയ്യുവാനൊരുക്കമെന്നും അറിയാം. അപ്പോൾ പത്മനാഭന്റെ പ്രസാദം പോലും. ഉറങ്ങിക്കിടക്കുന്ന പത്മനാഭന്റെ പ്രസാദം— ശുപ്പുക്കുട്ടി കൊണ്ടുവന്ന അപ്പം— ശങ്കിച്ചു ശങ്കിച്ചു തിന്നുന്നു. "ഒരു പ്രസാദം ഇല്ലെന്നായപ്പോൾ മറെറ പ്രസാദവും മാറുന്നു." എന്നു സമാധാനവും വരുത്തുന്നു. തിരുവിതാംകൂറിന്റെ സുസ്ഥിതിക്കും മൈസൂർപ്പടയുടെ വിധ്വംസനത്തിനും, കമ്പിനിയുടെ സ്നേഹാദരങ്ങൾക്കും പാത്രീഭൂതനായ ഒരു പുരുഷകേസരി, വിഷം ചേൎത്തതെന്നറിഞ്ഞ പത്മനാഭനൈവേദ്യം ഭക്ഷിച്ചു സ്വൎഗ്ഗത്തിലേക്കൊ നരകത്തിലേക്കൊ പോയ ആദിത്യവൎമ്മയുടെ സാചിവ്യപദത്തെ അലങ്കരിപ്പാൻ തിരോധാനം ചെയ്തു. വേഷവിധാനത്തിൽ നായികാ നായകന്മാരുടേയും, നായകസ്ഥാനത്തിനൎഹനായ കേശവദാസന്റെയും ചിത്രം സജീവമായി നടനരംഗത്തിൽ കാണപ്പെടുന്നില്ല.

വേഷവിധാനത്തിലോ രൂപസൃഷ്ടിയിലോ ഗ്രന്ഥകൎത്താവിന് അവയോടടുത്തു പരിചയം സിദ്ധിച്ചിരിക്കേണ്ടതാണ്. വസ്തുസ്വഭാവജ്ഞാനത്തിന് അഭേദബുദ്ധി വന്നിട്ടില്ലെങ്കിൽ അവയുടെ തന്മയത്വം വായനക്കാരിലോ പ്രേക്ഷകന്മാരിലോ ഉണ്ടാകുന്നതല്ല. വസ്തുസ്വഭാവജ്ഞാനാഭേദബുദ്ധി നാടകകൎത്താക്കൾക്കെന്നു മാത്രമല്ല കാവ്യനിൎമ്മാതാക്കൾക്കുകൂടി പൊതുവെ ഉണ്ടായിരിക്കേണ്ട ഒരു സമ്പത്താണ്. സംഭാഷണം കൊണ്ടും നാട്യംകൊണ്ടും നിൎവ്വഹിക്കേണ്ട നാടകത്തിൽ വേഷത്തിന് അനുയോജ്യമാം വണ്ണം അതു നിൎവ്വഹിക്കപ്പെടണം.

രണ്ടു സ്ത്രീകൾ തമ്മിൽ പ്രണയകഥാഭാഷണം ചെയ്യേണ്ടിവരുമ്പോൾ അവരുടെ മനസ്ഥിതി എന്തായിരിക്കുമെന്ന് ഒരു പുരുഷനു നിൎണ്ണയിപ്പാൻ സാധ്യമല്ല. ദേശഭേദം കൊണ്ടും വൎഗ്ഗഭേദംകൊണ്ടും സംസ്കാരഭേദംകൊണ്ടു സംഭാഷണഭാഷയ്ക്കു വലിയ അന്തരം കാണമാറുണ്ട്. ഇവയോടടുത്തു വസ്തുസ്വഭാവഭേദം സിദ്ധിച്ചിട്ടില്ലെങ്കിൽ അവകൊണ്ടു കൈകാൎയ്യം ചെയ്യുന്നതു പരാജയമായി ഭവിക്കുന്നതാണ്.

ലക്ഷ്മിക്കുട്ടിയും സാവിത്രിയും കൂടി ജനാൎദ്ദനപ്രേമത്തേ പ്രതിവാദിക്കുന്ന ഒരു രംഗം വിജയമായിട്ടുണ്ടെന്നു തോന്നുന്നില്ല.

നമ്പൂരിഭാഷയിൽ കൈവെച്ചതു് അല്പം കഠിനമായി എന്നുതോന്നുന്നു.

ഇന്ദുലേഖയിൽ സൂരിനമ്പൂരിപ്പാടിനുള്ള സ്ഥാനം ജയന്തൻനമ്പൂതിരിയിലും കാണുന്നതു് നിഷ്പക്ഷബുദ്ധിയെന്നു വരുന്നില്ല. നമ്പൂരിമാരോടടുത്തു സംസാരിച്ചും ആ അന്തരീക്ഷത്തിൽ സഹവസിച്ചും സ്വാധീനപ്പെട്ടതിയതല്ല നമ്പൂരിസേവകന്റെ സംഭാഷണമെന്നു തോന്നിപ്പോകും.

ഹാസം, കരുണം, ഭയാനകം എന്നീ രസങ്ങളുടെ ഭാവങ്ങളായ വിനോദം അനുകമ്പ ഭയം എന്ന വികാരങ്ങൾ സംഭാഷണചാതുരിയിൽ നിന്നുളവാകേണ്ടവയത്രെ. 'കേശവദാസ'കൎത്താവിൽ സവിശേഷം ശോഭിക്കുന്ന ഹാസം അതിനുചിതങ്ങളായ സ്ഥാനങ്ങളിൽ പലയിടത്തും ശോഭിച്ചു കാണുന്നു. മരണവേദനയിൽ പിടയുന്ന ഉതുപ്പൻ "ആ പുള്ളിക്കാരന് ഒരു കൊച്ചുകൊച്ചമ്മയുണ്ട്. അതിനെ കെട്ടാൻ നമ്പൂരിച്ചനു കൊതിയുണ്ട്. പൊന്നച്ചാ, ഇതൊന്നും ഞാൻ പറഞ്ഞില്ലേ. ചത്തവനാണെ പറഞ്ഞതു്."

തരകൻ:- "പുരവേവുമ്പോൾ കഴക്കോൽ ഊരുന്നോരാണ് ആൺകൊച്ചുങ്ങൾ അല്ലെങ്കിൽ കൊച്ചാശാൻതന്നെ ഒന്നു പറഞ്ഞാട്ടെ."

കൊച്ചാശാൻ:- "തരകൻ വടക്കും ചെട്ടിയാർ തെക്കും ആയാൽ കഴക്കോൽ വേഗം തീരും. പിന്നെ വേവാൻ പുര കാണുകയില്ല."

ഈ വിധത്തിൽ അനവധി ഉദ്ധരിച്ചു കാണിക്കാവുന്നതാണ്.

സാവിത്രി, തരകൻ, കൊടന്തയാശാൻ എന്നീ വേഷങ്ങളുടെ സൃഷ്ടിയിലും സംരക്ഷണത്തിലും തന്മയത്വത്തിന് അശേഷവും കുറവു വന്നിട്ടില്ല. തമ്പി അല്പം ചുണ കാട്ടുന്നുണ്ടെങ്കിലും ഭക്തിയിൽ കുളിപ്പിച്ച് അടിമമാല്യം ധരിപ്പിക്കുന്നതിനു വേണ്ട യത്നങ്ങൾ നടക്കുന്നുണ്ട്.

മാവേലിക്കരെയ്ക്കു യാത്രയാകുന്ന ദിവാന് ആകമ്പടിപ്പട്ടാളമൊന്നും വേണ്ട ആവശ്യമില്ലെന്ന കല്പന മുതൽ കേശവദാസന്റെ ഭാഗ്യവിപൎയ്യയം പ്രത്യക്ഷപ്പെട്ടു. മാവേലിക്കരെ നിന്നും തിരിച്ചുവന്നതിനുശേഷം കേശവദാസനെ സാവിത്രി കാണുന്നു. തോട്ടപ്പായി നമ്പൂരിയോട് ചെമ്പുപട്ടയവും വാങ്ങി കൊട്ടാരത്തിൽ ചെല്ലുന്ന കേശവദാസന് കണക്കിനു അധിക്ഷേപമാണ് സമ്മാനം. അടുത്ത രംഗം നമ്പൂരിയെ പള്ളിയറ ദിലാവിൽ നിന്നു പിടിച്ചുകൊണ്ടുവരലാണ്. അതോടുകൂടി കേശവദാസന്റെ സകല അധികാരവും അസ്തമിച്ചു. പിന്നെ കാണുന്നതു് രാമവൎമ്മത്തുവല്ലു, തടവുപുള്ളിയായിട്ടാണ്. ദിവ്യദൎശനവും മരണവും കൊണ്ടു് അവസാനിപ്പിക്കയും ചെയ്യുന്നു.

ഇത്രയുംകൊണ്ട് ജനാധിപത്യഭരണത്തിന്റെയോ ജനപ്രാതിനിധ്യഭരണത്തിന്റെയോ ആപേക്ഷികമഹത്വം പ്രസ്ഫുടമാകുന്നുണ്ട്. ഭക്തിയെന്ന പദത്തിന് അടിമത്വം എന്നു രാഷ്ട്രമീമാംസയിൽ അൎത്ഥവിവ

ക്ഷ ചെയ്താൽ ഒട്ടുംതന്നെ പിഴവരുന്നതല്ല. നിയമാനുസരണബുദ്ധിയല്ലാതെ അനുരാഗവിശേഷംകൊണ്ട് ഭരണതന്ത്രകുശലന് ഏതുവിഷയകമായി ഒരാവശ്യവും കാണുന്നില്ല. അതിനാൽ കേശവദാസന്റെ ദുർമ്മരണത്തിനു ശേഷമുള്ള കഥ ചിന്താസരണിയിൽതന്നെ എത്തുന്നില്ല.

നമ്പൂരി ബ്രഹ്മരക്ഷസ്സിനെ ഉച്ചാടനം ചെയ്യാൻ ഉപദേശിക്കുന്ന സാവിത്രിയുടെ മുമ്പിൽ കേശവദാസൻ ഹതപൗരുഷനാകുന്നതേ ഉള്ളു. വില്ലുണ്ടുവയ്യേണ്ട കൈ ഏതു്? ചരിത്രസാക്ഷ്യംകൊണ്ടു നാടിന്റെ നന്ദികേടിനെ സവിശേഷം രേഖപ്പെടുത്തുന്ന സാവിത്രി എന്നും ആരാധ്യയായിത്തന്നെ ഇരിയ്ക്കും.

നമ്പൂരി ദിവാനായതിനു ശേഷം ഒരു രംഗം—പതിനേഴാംരംഗം—ഗൗരവഹാനി വരത്തക്കവണ്ണം ഹാസം, ബീഭത്സതയോടെ സംക്രമിച്ചുപോയിട്ടുണ്ടു്.

ജനാർദ്ദനനുണ്ണിത്താന്റെ വേഷംമാററം രംഗവിധാനത്തിനു വലിയ കുഴപ്പമുണ്ടാക്കിത്തീർക്കുന്നുണ്ടു്. സേട്ടിന്റെ വേഷംകെട്ടി വന്ന ഉണ്ണിത്താനെ സാവിത്രി നിഷ്പ്രയാസം അറിയുന്നു. ഒരു ജ്യോതിഷക്കാരൻ മേനവനായി നമ്പൂരിയുടെ അടുക്കലും കഴിഞ്ഞുകൂടുന്നു. അവിടെ ആരും അറിയുന്നുമില്ല. അഭിനയത്തിന് ഇവിടെ അല്പം കുഴങ്ങും.

"കേശവദാസൻ" ആ യശശ്ശരീരന്റെ തിരോധാനത്തിനു ശേഷം കാണുവാനിടവരുത്താതേയും എന്നാൽ വേലുത്തമ്പിയുടെ പ്രഭാവോദയം അടുത്ത ദിവസം കാണുവാനിടവരുത്തിയും രണ്ടു നാടകസമ്പത്തുകൊണ്ടു് കൈരളീരംഗം ശോഭിച്ചു കാണുവാൻ അഭ്യർത്ഥിച്ചുകൊണ്ടു ഇതു് അവസാനിപ്പിക്കുന്നു.

# കുറിപ്പുകൾ.

ശ്രീമാൻ

**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ** എം. എ., ബി. എൽ.

## അനുമോദനം.

ഉദ്യോഗകാലാവധിക്കു്, ശേഷിയോ ആരോഗ്യമോ നിയാമകമല്ലെന്നു പല ദൃഷ്ടാന്തങ്ങളും നമുക്കുണ്ടു്. എന്നാൽ അവരുടെ ഉദ്യോഗവിരാമ

ഗം ലോകാനുഗ്രഹമായി വരുന്നെങ്കിൽ അതു് അഭിലഷണീയമാകുവാനേ തരമുള്ളു. കൃത്യബഹുലമായ ഉദ്യോഗജീവിതത്തിൽ കൂടി ജന്മസിദ്ധമായ വാസനയാൽ പ്രേരിതനായിട്ടു് സാഹിതീലാളനം ചെയ്തിരുന്ന മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളുടെ ഉദ്യോഗപദം ഞങ്ങൾ ആശിച്ചിരുന്ന സ്ഥാനത്തെത്തിയില്ലെങ്കിലും അദ്ദേഹത്തിന്റെ പ്രതിഭാവിശേഷം സാഹിത്യസാമ്രാജ്യത്തിൽ സാചിവ്യം കൈയേറ്റതായി ആശ്വസിക്കാം.

പൊതുജനങ്ങളേയും ഗവൺമെന്റിനേയും ഒരുപോലെ പ്രീതിപ്പെടുത്തിയും ഏതൽപര്യന്തമുള്ള ജീവിതത്തിൽ ഉദ്യോഗകളങ്കം സ്പർശിക്കാതെയും അപൂർവം ചിലരുണ്ടെങ്കിൽ അവരുടെ അഗ്രസ്ഥാനത്തു് ഇദ്ദേഹം ശോഭിക്കുന്നുണ്ടു്.

സാഹിത്യസംരംഭങ്ങളിൽ എന്നില്ല, മറ്റൊന്നിലും ശ്രമിക്കാതെ—ശരീരമനസ്സുകളുടെ ക്ഷീണംകൊണ്ടായിരിക്കാം—നിരുന്മേഷരായി കഴിഞ്ഞുകൂടുന്ന പല അടുത്തൂൺകാരേയും കാണ്മാനുണ്ടു്. അങ്ങിനെ ഒരു മാന്ദ്യം മിസ്റ്റർ പരമേശ്വരയ്യരെ സ്പർശിക്കരുതേ എന്നു പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. ജന്മസിദ്ധമായ വാസനാപ്രവാഹത്തെ ഒരു ചിത്തവൃത്തിക്കും പ്രതിരോധിപ്പാൻ ശക്തിയില്ല. എങ്കിലും സാഹിത്യലോകത്തുണ്ടായിട്ടുള്ള വിജയസമ്പത്തുകളെ കാത്തു രക്ഷിക്കേണ്ടതു നമ്മുടെ കടമയാണു്. ലബ്ധപ്രതിഷ്ഠയാണല്ലോ വിജിഗീഷുവിനുണ്ടായിരിക്കേണ്ട മഹാഗുണം. അതിനാൽ മാന്യനായ അദ്ദേഹത്തിൽനിന്നും വിമർശനപരമായ ഒരു സാഹിത്യശാസ്ത്രം പൗരസ്ത്യപാശ്ചാത്യവീക്ഷണകോണത്തിൽ കൂടി ദർശിച്ചു് അവതരിച്ചു കാണ്മാൻ ഞങ്ങൾ സാഹിതീദേവതയുടെ പാദപത്മങ്ങളെ ശരണീകരിക്കുന്നു. അതിനുള്ള ആരോഗ്യം—ശരീരമനസ്സുകൾക്കും—അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ.

---

# പരേതനായ വിപിനചന്ദ്രപാലൻ.

---

## അനുശോചനം.

അതീവബുദ്ധിയാലും മഹത്വത്താലും കർമ്മക്ഷമതയാലും അനുഗ്രഹീതനായിരുന്ന വിപിനചന്ദ്രപാലന്റെ നിര്യാണത്താൽ ഒരു പൊതുകാര്യപ്രസക്തനായ ഓമനസ്സന്താനം ഭാരതമാതാവിനു നഷ്ടമായിത്തീർന്നിരിക്കുന്നു. ബാല്യകാലത്തുതന്നെ, കേശവചന്ദ്രസേനന്റേയും ശിവനാഥശാ

സ്ത്രീയുടെയും സ്വാധീനശക്തിക്കു വശഗനായ അദ്ദേഹം ബ്രഹ്മസമാജത്തിൽ ചേൎന്നു. തന്നിമിത്തം പിതാവിൻെറ ഏകപുത്രനായ അദ്ദേഹത്തിന് കൊല്ലത്തിൽ 60000 ഉറുപ്പികയോളം ആദായംവരുന്ന ഭൂസ്വത്ത് നഷ്ടമായി. എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹം ചഞ്ചലചിത്തനായില്ല. അനന്തരകാലത്ത് നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചപ്പോഴും, അതിനോടു യോജിക്കുവാൻ സന്നദ്ധനല്ലായിരുന്നതുകൊണ്ട്, മോട്ടിലാൽനെഹ്റുവിൻെറ വക ഇൻഡിപ്പെൻഡൻറ് എന്ന പത്രത്തിൻെറ പത്രാധിപത്യം ഉപേക്ഷിച്ച് ഒരു വലിയ ആദായമാൎഗ്ഗത്തെ പ്രതിരോധിച്ചിട്ടുണ്ട്. യൗവ്വനകാലത്ത് വിപിനചന്ദ്രപാലൻ ഒരദ്ധ്യാപകനായിരുന്നു. അനന്തരം ഒരു പത്രപ്രവൎത്തകനായിത്തീരുകയും മരണംവരെ ആ തൊഴിൽ സ്വീകരിക്കുകയും ചെയ്തു. വംഗഭാഷയിലും ആംഗലഭാഷയിലും ഒരുപോലെ സരസമായും ശക്തിയായും യുക്തിയുക്തമായും എഴുതുവാനുള്ള പ്രാഗത്ഭ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഉഭയഭാഷയിലും അദ്ദേഹത്തിന് ഒരുപോലെ പ്രസംഗിക്കുവാനും സാധിച്ചിരുന്നു. എന്നു പറഞ്ഞാൽ പോരാ; അദ്ദേഹം ഇൻഡ്യയിലെ സുപ്രസിദ്ധവാഗ്മികളിൽ ഒരാളുമായിരുന്നു. അദ്ദേഹം ഒരു സമുദായപരിഷ്കാരിയും മതപരിഷ്കാരിയും കൂടിയായിത്തീൎന്നിരുന്നു. സാഹിത്യം, സമുദായം, രാജ്യതന്ത്രം, തത്വശാസ്ത്രം എന്നീ വിഷയങ്ങളെക്കുറിച്ച് അദ്ദേഹത്തിന് അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു. ബങ്കാളിയിലും ഇംഗ്ലീഷിലും പല ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. കുറെനാൾ അദ്ദേഹം നിയമസഭാംഗമായിരിക്കുകയും അദ്ദേഹത്തിൻെറ പ്രസംഗപാടവവും രാജ്യമീമാംസാപരമായ പാണ്ഡിത്യപ്രകടനവും എല്ലാവരേയും സന്തോഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻഡ്യയുടെ പരിപൂൎണ്ണസ്വാതന്ത്ര്യത്തിനുവേണ്ടി ആദ്യം വാദിച്ചത് അദ്ദേഹമായിരുന്നു. 1906-ലെ ഭാരതമഹാജനസഭയുടെ നിശ്ചയമനുസരിച്ച് സ്വാതന്ത്ര്യലബ്ധിക്കുള്ള മാൎഗ്ഗമായി സ്വീകരിച്ച ബഹിഷ്കരണം, സഹനസമരം എന്നീ പ്രസ്ഥാനങ്ങളുടെ നേതൃത്വം അദ്ദേഹം സ്വീകരിച്ചു. ശക്തിമത്തായ സ്വരം, വാക്പാടവം, തൂലികയുടെ ശക്തി എന്നിവ അദ്ദേഹത്തെ ദേശീയപ്രസ്ഥാനത്തിൻെറ നേതാവാക്കി. നവഭാരതം എന്ന തൻെറ പത്രദ്വാരാ മിതവാദികളുടെ കാൎയ്യപരിപാടിയെ കഠിനമായി അദ്ദേഹം ആക്ഷേപിച്ചു. അരവിന്ദഘോഷിൻെറയും മററും സഹായത്തോടുകൂടി വന്ദേമാതരം ആരംഭിച്ച്, മൂന്നു മാസക്കാലം അതിൻെറ പത്രാധിപത്യം വഹിച്ചു. ബ്രിട്ടീഷുസാമാനങ്ങളെ മാത്രമല്ല, ഉദ്യോഗങ്ങളെയും പരിവൎജ്ജനം ചെയ്യുവാൻ കാൺഗ്രസ്സ് സന്നദ്ധമല്ലെന്നു കണ്ടപ്പോൾ അദ്ദേഹം കൂട്ടുകാരോടുകൂടി പിൻമാറി. 1907-ൽ വിപിനചന്ദ്ര

പാലൻ ഭാരതമൊട്ടുക്കു ചുററിസ്സഞ്ചരിക്കുവാൻ പുറപ്പെട്ടു. അന്ന് അനേകം സ്ഥലങ്ങളിൽ ചെന്നു ഗംഭീരപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. മദിരാശിയിൽ എത്തി കടൽത്തീരത്ത് ആറുദിവസം സായംകാലത്ത് ശക്തിമത്തായി പ്രസംഗിച്ചു. അദ്ദേഹത്തിൻെറ പ്രസംഗങ്ങളെ അഭിഭാഷകപ്രമണികളെക്കൊണ്ടു പരിശോധിപ്പിച്ചപ്പോൾ വികാരോദ്ദീപകങ്ങളെങ്കിലും രാജദ്രോഹരഹിതങ്ങളെന്ന് തെളിഞ്ഞു. മദിരാശിസംസ്ഥാനത്തെ ദേശീയപ്രസ്ഥാനത്തിൻെറ ഗുരുഭൂതൻ അദ്ദേഹം തന്നെയായിരുന്നു.

കല്ക്കത്തയിൽ തിരിച്ചെത്തിയതിനുശേഷം അദ്ദേഹം വന്ദേമാതരം രാജദ്രോഹക്കേസ്സിൽ ഉൾപ്പെടുകയും 'കാരാഗാരാകാലിത'നായിത്തീരുകയും ചെയ്തു. കാരാഗൃഹവിമുക്തനായ ശേഷം വിപിനചന്ദ്രപാലൻ ഇംഗ്ലണ്ടിലേയ്ക്കു പോയി. സ്വരാജ്യ എന്ന ഒരു പത്രം അവിടെ ആരംഭിച്ചു. അവിടെ മുഴുവൻ സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ആറു മാസത്തിനു ശേഷം ബാംബയിൽ എത്തിയപ്പോൾ സ്വരാജ്യയിലെഴുതിയിരുന്ന ഒരു ലേഖനത്തെ ആസ്പദമാക്കി അദ്ദേഹത്തെ ഇൻഡ്യയിൽ വീണ്ടും തടവിലാക്കി. മോചനം ലഭിച്ചപ്പോൾ റെഗുലററിപ്പോർട്ടിനെ പററി അനേകം പ്രസംഗപീഠങ്ങളിൽനിന്ന് കഠിനമായി ആക്ഷേപിച്ചു. മഹാത്മാഗാന്ധിയുടെ നിസ്സഹകരണപ്രസ്ഥാനത്തോടുകൂടി വിപിനചന്ദ്രൻ രാഷ്ട്രീയരംഗത്തിൽ നിന്നും പിൻമാറി. 75-ാമത്തെ വയസ്സിലാണ് അദ്ദേഹം മരിച്ചത്. ശരീരത്തിന് ഹാനി സംഭവിച്ചിരുന്നു എങ്കിലും അദ്ദേഹത്തിൻെറ ബുദ്ധിശക്തിക്ക് ഒരു കോട്ടവും പററിയിരുന്നില്ല. അദ്ദേഹത്തിൻെറ "സ്മരണകൾ" എല്ലാ ഭാരതീയരും വായിച്ചിരിക്കേണ്ടതാണ്. എന്നാൽ അത് പൂർത്തിയാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ശരിയായ ഒരു ജീവചരിത്രം രചിക്കുന്നതായിരിക്കും അദ്ദേഹത്തിൻെറ സ്മാരകം. അദ്ദേഹം ആത്മീയവും, സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവുമായ സ്വാതന്ത്ര്യത്തിനു വേണ്ടിയാണു പടവെട്ടിയത്. അവതന്നെയായിരുന്നു അദ്ദേഹത്തിൻെറ അന്ത്യാമന്ത്രണവും. ഈ വീരപുരുഷൻെറ ആത്മാവ് നിത്യശാന്തിയടയട്ടെ.

## സ്വാതന്ത്ര്യം.

(1) എന്നെ സ്വതന്ത്രനാക്കുകയൊ, കൊല്ലുകയൊ ചെയ്യു.

(പാട്രിക്ക് ഹെൻറി)

(2) സ്വാതന്ത്ര്യം ഒരുവൻെറ അവകാശമല്ല, എല്ലാവരുടെയുമാണ്.

(സ്പെൻസർ)



കവിതിലകൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
എം. എ., ബി. എൽ.